# ദീപനാളം

കലാസാംസ്കാരിക ദേശീയവാരിക

ESTD-1968

2020 ഓഗസ്റ്റ് 6 | ദീപം 53 | നാളം 14 | Published from : PALA | പേജ് 16 | വില 6 രൂപ | www.deepanalam.com


## മനുഷ്യത്വം മറക്കാതിരിക്കാം




**കർദ്ദിനാൾ**
**മാർ ജോർജ് ആലഞ്ചേരി**


**കൊ**വിഡ്-19 മനുഷ്യസമൂഹം ഇതുവരെ കണ്ടിട്ടുള്ളതിൽ അതിഭീകരമായ ഒരു പകർച്ചവ്യാധിയായി മാറിക്കൊണ്ടിരിക്കുന്നു. ഇതിന്റെ ഭീകരതയ്ക്കു നിദാനം രോഗവ്യാപനത്തിലുള്ള ദ്രുതഗതിയാണ്. രോഗവ്യാപനത്തിന്റെ തീവ്രതയും ഇനിയും ഈ രോഗത്തിനു ഫലപ്രദമായ വാക്സിൻ പ്രയോഗത്തിൽ വന്നിട്ടില്ലായെന്നതും ജനങ്ങളുടെ ഭീതി വർദ്ധിപ്പിക്കുന്നു.

ഭീതിയുടെ നടുവിൽ രോഗത്തിൽനിന്നു സ്വയം രക്ഷ നേടുന്നതിനുള്ള വ്യഗ്രതയിലാണ് എല്ലാവരും. മറ്റുള്ളവർക്കു രോഗം വന്നാലും തനിക്കു വരരുത് എന്നുള്ള സ്വാർത്ഥത പലരിലും പ്രകടമാകുന്നു. ഈയൊരു മനോഭാവത്തിനു മാറ്റംവരണം.

അനാവശ്യഭയംകൊണ്ട് നാം ഒന്നും നേടുന്നില്ല. രോഗത്തെ ഭയന്നു ഭീരുക്കളെപ്പോലെ ഓടിയൊളിക്കാതെ രോഗബാധിതരെ സഹായിക്കാനും മറ്റുള്ളവർക്കു രോഗബാധയുണ്ടാകാതിരിക്കാനുള്ള പ്രതിരോധസംവിധാനങ്ങൾ എത്തിക്കാനും മാനുഷികമായ സാഹോദര്യബോധത്തോടെ നാമെല്ലാവരും പ്രവർത്തിക്കേണ്ട സമയമാണിത്.

കൊറോണ ബാധിച്ചു മരിക്കുന്നവരുടെ കാര്യത്തിലും നമ്മുടെ മനുഷ്യത്വം പ്രകടമാകണം. വൈറസ് ബാധമൂലം മരിക്കുന്ന വ്യക്തിയും നമ്മുടെ സഹോദരനോ സഹോദരിയോ ആണെന്നുള്ള യാഥാർത്ഥ്യം നാം മറക്കരുത്. രോഗവ്യാപനസാധ്യതകൾ ഇല്ലാതാക്കി സംസ്കാരശുശ്രൂഷകൾ എങ്ങനെ നടത്താമെന്നു സർക്കാരിന്റെ ആരോഗ്യവകുപ്പു വ്യക്തമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. മൃതദേഹം അടക്കംചെയ്തായാലും ദഹിപ്പിച്ചുകൊണ്ടായാലും അതു നിർവ്വഹിക്കേണ്ടതെങ്ങനെയെന്നു സർക്കാർ മാർഗ്ഗനിർദ്ദേശം നൽകിയിരിക്കുന്ന സാഹചര്യത്തിൽ അവയെല്ലാം അവലംബിച്ചു മാനുഷികമായ സ്നേഹത്തോടും ബഹുമാനത്തോടുംകൂടി കൊവിഡ് ബാധിച്ചു മരിക്കുന്നവരോടും നാം പെരുമാറേണ്ടിയിരിക്കുന്നു.

ക്രിസ്തുവിന്റെ സ്നേഹവും കാരുണ്യവും ജീവിക്കുന്നവരോടും മരിച്ചവരോടും പ്രകടിപ്പിക്കാൻ കടപ്പെട്ടവരാണു നമ്മൾ. വിശ്വാസത്തോടെ മരിക്കുന്നവർ പരലോകജീവിതത്തിനായി ദൈവസന്നിധിയിലേക്കു യാത്രയാകുന്നുവെന്നാണല്ലോ നാം വിശ്വസിക്കുന്നത്. ആ വിശ്വാസമനുസരിച്ചു കൊവിഡ് എന്നല്ല ഏതു രോഗം ബാധിച്ചു മരിക്കുന്നവർക്കും ക്രിസ്തീയവിധിപ്രകാരമുള്ള സംസ്കാരം നൽകാൻ നാം തയ്യാറാകണം. അതൊരു തർക്കവിഷയമാക്കി ക്രൈസ്തവവിശ്വാസസാക്ഷ്യത്തിനു കുറവു വരുത്താൻ ഇടയാകരുത്. ഇക്കാര്യത്തിൽ സഭാശുശ്രൂഷകരും വിശ്വാസികളേവരും സഹകരിക്കണമെന്ന് സഹോദരബുദ്ധ്യാ അഭ്യർത്ഥിക്കുന്നു.

കൊവിഡ് നമുക്ക് ഒരു വെല്ലുവിളിയായി തുടരുകയാണ്. മനസു മടുക്കാതെ ഈ മഹാമാരിക്കെതിരെയുള്ള പ്രതിരോധയജ്ഞം നമുക്കു തുടരാം. ദൈവം നമ്മോടൊപ്പമുണ്ട്. ■

## അട്ടിമറിക്കപ്പെടുന്ന റബ്ബർ ആക്ട് റബ്ബർകൃഷിയുടെ മരണമണിയോ?




**പ്രഫ. റോണി കെ. ബേബി**




റബ്ബർകൃഷിക്കു പ്രത്യേക പരിരക്ഷ നൽകുന്നതിനുവേണ്ടി 1947ൽ ഇന്ത്യൻ പാർലമെന്റ് പാസാക്കിയ റബ്ബർ ആക്ട് ഏഴു പതിറ്റാണ്ടുകൾ പിന്നിട്ട് നിരവധി ഭേദഗതികളിലൂടെയാണ് ഇന്നു കാണുന്ന രൂപത്തിലെത്തിയത്. ഇന്ത്യയിലെ 12 സംസ്ഥാനങ്ങളിൽ വ്യാപിച്ചുകിടക്കുന്ന റബർകൃഷിയെയും അതിൽത്തന്നെ ഏറ്റവും പ്രമുഖ ഉത്പാദനസംസ്ഥാനമായ കേരളത്തിലെ പത്തരലക്ഷം വരുന്ന റബർ കർഷകരെയും പ്രതികൂലമായി ബാധിക്കുന്ന തരത്തിൽ റബ്ബർനിയമഭേദഗതിക്കായി കേന്ദ്ര സർക്കാർ ഒരുങ്ങുന്നതായ മാധ്യമവാർത്തകൾ റബ്ബർകൃഷിയെമാത്രം ആശ്രയിച്ചു ജീവിക്കുന്ന കർഷകരുടെ മനസ്സിൽ വലിയ ആശങ്കകൾ സൃഷ്ടിച്ചിട്ടുണ്ട്.

റബ്ബർആക്ട് റദ്ദാക്കുന്നത് ഏറ്റവും പ്രതികൂലമായി ബാധിക്കാൻ പോകുന്നത് കേരളത്തിലെ റബ്ബർകർഷകരെയാണ്. ഇന്ത്യയുടെ 'റബ്ബർ ക്യാപ്പിറ്റൽ' എന്നാണ് കേരളത്തെ വിശേഷിപ്പിക്കുന്നത്. ഇന്ത്യയിൽ ഇന്ന് ഉത്പാദിപ്പിക്കപ്പെടുന്ന സ്വാഭാവിക റബ്ബറിന്റെ 80 ശതമാനത്തിലേറെയും കേരളത്തിൽനിന്നു മാത്രമാണ്. പത്തുലക്ഷത്തിലേറെ ഉത്പാദകർ, അവരിൽ 90 ശതമാനത്തിലേറെ ഒന്നോ രണ്ടോ ഏക്കർ മാത്രമുള്ള ചെറുകിടകർഷകർ. ഇതുകൂടാതെ, റബ്ബർകൃഷിയെ ആശ്രയിച്ച് ഉപജീവനം നടത്തുന്ന അഞ്ചുലക്ഷത്തിലേറെ ടാപ്പിങ് തൊഴിലാളികൾ, ചെറുകിടവ്യവസായികൾ, വ്യാപാരികൾ അങ്ങനെ ദശലക്ഷക്കണക്കിനാളുകളെ പ്രതികൂലമായി ബാധിക്കുന്ന നീക്കമാണ് കേന്ദ്രസർക്കാരിന്റെ ഭാഗത്തുനിന്നുണ്ടായിരിക്കുന്നത്.

ഇതിനുമുമ്പേ രണ്ടു തവണ റബർ ആക്ട് റദ്ദാക്കാനുള്ള നീക്കം കേന്ദ്രസർക്കാർ നടത്തിയപ്പോൾ അതിനെതിരേ ശക്തമായ പ്രതിഷേധമാണ് കർഷകസംഘടനകളുടെയും വിവിധ സംസ്ഥാന സർക്കാരുകളുടെയും ഭാഗത്തുനിന്നുണ്ടായത്. റബ്ബർബോർഡും വിവിധ ജനപ്രതിനിധികളും കടുത്ത പ്രതിഷേധവുമായി രംഗത്തു വന്നിരുന്നു. പ്രതിഷേധം ശക്തമായ സാഹചര്യത്തിൽ മുമ്പു രണ്ടു തവണയും കേന്ദ്രസർക്കാർ തീരുമാനം മരവിപ്പിക്കുകയാണുണ്ടായത്. എന്നാൽ, ദൗർഭാഗ്യവശാൽ ഇത്തവണ കൊവിഡ് പ്രതിസന്ധികളുടെ മറവിൽ കർഷകരോഷത്തെ അവഗണിച്ചുകൊണ്ട് കേന്ദ്രസർക്കാർ മുന്നോട്ടുപോവുകയാണ്. വിഷയത്തിൽ അടിയന്തര ഇടപെടൽ നടത്തേണ്ട സംസ്ഥാനസർക്കാരിന്റെയോ കൃഷിവകുപ്പിന്റെയോ ഭാഗത്തുനിന്ന് ഇതുവരെ ഒരു പ്രതികരണംപോലും ഇക്കാര്യത്തിൽ ഇതുവരെ ഉണ്ടായിട്ടില്ല എന്നതു വളരെ ദുഃഖകരമാണ്.

**റബ്ബർ ആക്ടിന്റെയും റബ്ബർബോർഡിന്റെയും ചരിത്രം**

രണ്ടാം ലോകയുദ്ധത്തിനു ശേഷമാണ് റബ്ബർകൃഷിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് ഒരു ഭരണസംവിധാനം ആവശ്യമാണെന്ന ചിന്ത ശക്തമായത്.


▶04

# കൃപാഭിഷേകത്തിന്റെ ഏഴു പതിറ്റാണ്ട്

## പാലാ രൂപത സ്ഥാപിതമായിട്ട് ജൂലൈ 25 ന് എഴുപതു വർഷം പൂർത്തിയായി



**ഡോ. സിറിയക് തോമസ്**
ചെയർമാൻ, പാലാ രൂപത
പാസ്റ്ററൽ കൗൺസിൽ

**പാ**റേമ്മാക്കലച്ചന്റെ കാലംമുതൽ ആരംഭിച്ച ഒരു പ്രക്ഷോഭണത്തിന്റെ യുക്തിഭദ്രമായ തുടർച്ചവഴിയിലെ ഒരു നാഴികക്കല്ലായിരുന്നു 1950 ജൂലൈ 25 ന് പന്ത്രണ്ടാം പീയൂസ് മാർപാപ്പാ 'ക്വോ എക്ലേസിയാരും പൊന്തിഫിച്ചേ' എന്ന കല്പനവഴി അന്നത്തെ ചങ്ങനാശേരി രൂപത വിഭജിച്ചും ഫാദർ എമ്മാനുവേൽ സെബാസ്റ്റ്യൻ വയലിനെ പാലാ രൂപതയുടെ പ്രഥമബിഷപ്പായി നിയമിച്ചും പുറപ്പെടുവിച്ച ബൂളാ വഴി സ്ഥാപിച്ച പാലാ രൂപത. ദൈവകൃപയുടെ ഏഴു പതിറ്റാണ്ടുകൾ പാലാ രൂപത പൂർത്തിയാക്കുമ്പോൾ കഴിഞ്ഞ കാലങ്ങളിൽ കടന്നുപോന്ന വഴികളിൽ രൂപതയ്ക്കു ലഭിച്ച ദൈവകാരുണ്യത്തിന്റെ അനുഗ്രഹമഴകൾക്ക് ഇവിടത്തെ വിശ്വാസിസമൂഹം സ്വർഗ്ഗത്തിനുനേരേ കൈകൂപ്പിനില്ക്കുന്ന സന്ദർഭമാണിത്.

ഇവിടത്തെ വിശ്വാസികളുടെ ഒരു ചിരകാലസ്വപ്നമായിരുന്നു സ്വന്തമായ ഒരു ഭദ്രാസനമെന്നത്. അന്നത്തെ ചങ്ങനാശേരി രൂപതയുടെ വളരെ വിപുലമായ ഭൂവിഭാഗങ്ങളും അതിലുണ്ടായിരുന്ന എണ്ണമറ്റ ദൈവാലയങ്ങളും ഭരണപരമായ ഭാരത്തിനും അനുബന്ധപ്രയാസങ്ങൾക്കും കാരണമാകുന്നു എന്ന അടിസ്ഥാനത്തിലാണ് ചങ്ങനാശേരി രൂപത വിഭജിക്കാനും പാലാ രൂപത സ്ഥാപിക്കാനും അന്നത്തെ പൗരസ്ത്യ തിരുസംഘത്തിന്റെ തലവൻ കർദ്ദിനാൾ ടിസറന്റിന്റെ ഉപദേശപ്രകാരം പരിശുദ്ധ സിംഹാസനം തീരുമാനിക്കുകയുണ്ടായത്. ചങ്ങനാശേരി ബിഷപ്പായിരുന്ന മാർ ജെയിംസ് കാളാശേരിയുടെ അപ്രതീക്ഷിതവിയോഗംമൂലം ചങ്ങനാശേരിയിലും ഒഴിവു വന്നതിനാൽ പാലായിലെയും ചങ്ങനാശേരിയിലെയും മെത്രാൻനിയമനങ്ങളും ഒന്നിച്ചാണുണ്ടായത്. പുതിയ പാലാ രൂപതയുടെ അതിർത്തിക്കുള്ളിൽനിന്നുതന്നെ രണ്ടു മെത്രാന്മാരും നിയമിക്കപ്പെട്ടതും പാലായ്ക്കു ലഭിച്ച ഇരട്ടഭാഗ്യങ്ങളായി എന്നു പറയാം. മാർ മാത്യു കാവുകാട്ടും മാർ സെബാസ്റ്റ്യൻ വയലിലും ആലുവ സെമിനാരിയിൽ സതീർത്ഥ്യരുമായിരുന്നു. "ഒരു ഞെട്ടിൽ വിരിഞ്ഞ രണ്ടു പൂക്കൾ'' എന്നായിരുന്നു മെത്രാൻനിയമനത്തെക്കുറിച്ചുള്ള അന്നത്തെ മാധ്യമവിശേഷണം.

പാലാ ആസ്ഥാനമായി ഒരു പ്രത്യേക രൂപത വേണമെന്നാവശ്യപ്പെട്ട് റോമിലേക്കുണ്ടായ ഒട്ടേറെ നിവേദനങ്ങളും റോം ഇക്കാര്യത്തിൽ പരിഗണിച്ചിട്ടുണ്ടാവണം. മാണിക്കുട്ടിയച്ചൻ എന്നറിയപ്പെട്ട മാണി(എമ്മാനുവേൽ) സെബാസ്റ്റ്യൻ വയലിലാവും ബിഷപ്പെന്ന സംസാരം നിയമനം വരുന്നതിനു വളരെ മുമ്പുതന്നെ പാലായിലെ ജനങ്ങൾക്കിടയിൽ ശക്തമായി ഉണ്ടായിരുന്നുവെന്നതായിരുന്നു യാഥാർത്ഥ്യം. രൂപതാസ്ഥാപനത്തിനു മുമ്പുതന്നെ പാലായിൽ വലിയ പള്ളിയുടെ ചുമതലയിൽ ഒരു കോളജാരംഭിക്കാനുള്ള പരിശ്രമങ്ങൾ സജീവമായ സമയത്തു കോളജുകമ്മിറ്റിയുടെ ചുമതലക്കാരനെന്നനിലയിൽ അതിന്റെ അധ്യക്ഷനായി കാളാശേരിപ്പിതാവ് നിർദ്ദേശിച്ചതും മാണിക്കുട്ടിയച്ചനെയായിരുന്നു. പാലാ സെന്റ് തോമസ് ട്രെയിനിംഗ് സ്കൂളിന്റെ ഹെഡ്മാസ്റ്ററായിരുന്ന മാണിക്കുട്ടിയച്ചൻ ഒന്നാന്തരം പ്രഭാഷകനായും ജനപ്രീതി നേടിയിരുന്നു.

1950 ജൂലൈ 25 ന് കല്പനയിൽ പന്ത്രണ്ടാം പീയൂസ് മാർപാപ്പാ ഒപ്പുവച്ചിരുന്നെങ്കിലും അത് ചങ്ങനാശേരിയിലും പാലായിലുമെത്തിയത് ഓഗസ്റ്റ് ഏഴിനു മാത്രമായിരുന്നു. പാലാ കോളജിന്റെ ആദ്യമന്ദിരത്തിന്റെ വെഞ്ചരിപ്പും കോളജിന്റെ ഉദ്ഘാടനവും നടന്ന ദിവസംതന്നെയാണ് കോളജ് കമ്മിറ്റി ചെയർമാനായിരുന്ന മാണിക്കുട്ടിയച്ചൻ പാലാ രൂപതയുടെ പ്രഥമബിഷപ്പായി നിയമിക്കപ്പെട്ട വാർത്തയും എത്തിച്ചേർന്നത്!

രണ്ടു മെത്രാന്മാരുടെയും അഭിഷേകച്ചടങ്ങ് റോമിലായിരുന്നു. കർദ്ദിനാൾ ടിസറന്റ് തന്നെ അതിന്റെ മുഖ്യകാർമ്മികനുമായി. 1951 ജനുവരി നാലിനായിരുന്നു വയലിൽപ്പിതാവിന്റെ സ്ഥാനാരോഹണം. കത്തീഡ്രൽപ്പള്ളിയായി ഉയർത്തപ്പെട്ട പാലാ വലിയ പള്ളിയിൽവച്ചായിരുന്നു സ്ഥാനാരോഹണച്ചടങ്ങുകൾ നടത്തപ്പെട്ടത്. അത് പാലായുടെ ചരിത്രത്തിലെ ഒരു സംഭവമായി.

മൂന്നു പതിറ്റാണ്ടുകാലം പാലാ രൂപതയെ അതിസമർത്ഥമായി നയിച്ചശേഷമാണ് വയലിൽപ്പിതാവ് ചുമതലയൊഴിഞ്ഞത്. ഉറച്ച ആത്മീയാടിത്തറ മാത്രമല്ല, ഭൗതികമായ വികസനവും ഉറപ്പാക്കിയശേഷമാണ് പിതാവ് പദവിയൊഴിഞ്ഞത്.

പാലാ സെന്റ് തോമസ് കോളജിനുപുറമേ വയലിൽപ്പിതാവ് പെൺകുട്ടികളുടെ വിദ്യാഭ്യാസത്തിനായി അൽഫോൻസാകോളജും അധ്യാപകപരിശീലനത്തിനായി ബിഎഡ് കോളജും സ്ഥാപിച്ചു. അരുവിത്തുറപ്പള്ളിയുടെ ചുമതലയിൽ സെന്റ് ജോർജ് കോളജും കുറവിലങ്ങാടുപള്ളിയുടെ ചുമതലയിൽ ദേവമാതാകോളജും ആരംഭിച്ചതും വയലിൽപ്പിതാവുതന്നെയായിരുന്നു. ഒട്ടേറെ സ്കൂളുകളും ഹൈസ്കൂളുകളും മാത്രമല്ല സാങ്കേതികപരിശീലനസ്ഥാപനങ്ങളും തുടങ്ങുന്നതിനും വയലിൽപ്പിതാവു മുൻകൈയെടുത്തു. പിതാവിന്റെ ഭരണനടപടികളെല്ലാം വലിയ ദീർഘവീക്ഷണത്തോടെയായിരുന്നുവെന്നതാണു സത്യം.



**മാർ സെബാസ്റ്റ്യൻ വയലിൽ**
പ്രഥമ മെത്രാൻ

അധ്യാപകജോലിക്ക് ബി.എഡ്. ബിരുദം സർക്കാർ നിർബന്ധമാക്കിയപ്പോൾ മുൻഗണനാക്രമത്തിൽ മാറ്റംവരുത്തിയാണ് വയലിൽപ്പിതാവ് ബിഷപ്സ് ഹൗസ് പണിയുംമുമ്പേ ബിഎഡ് കോളജ് പണിയുന്നതിനു തീരുമാനിച്ചത്. അതുമൂലം മീനച്ചിൽക്കാരായ ഒട്ടേറെ യുവാക്കൾക്ക് - ജാതിമതഭേദമെന്യേ സർക്കാർ സർവ്വീസിലും സ്വകാര്യമേഖലയിലും അക്കാലത്ത് അധ്യാപകരാകുവാൻ അവസരം ലഭിച്ചു.

രൂപതയാരംഭിച്ചു രണ്ടു വർഷത്തിനുള്ളിൽ പുതിയ കത്തീഡ്രലിന്റെ ശിലാസ്ഥാപനം നടത്തിയെങ്കിലും എന്തുകൊണ്ടോ പണി തുടങ്ങുവാൻ കാലതാമസം വന്നു. എങ്കിലും വയലിൽപ്പിതാവ് ചുമതലയൊഴിയുംമുമ്പേ കത്തീഡ്രൽപള്ളിയും പണി പൂർത്തിയാക്കി കൂദാശ ചെയ്തു. പാലാ രൂപതയുടെ വകയായി 'ദീപനാളം' പ്രസിദ്ധീകരണമാരംഭിച്ചതും വയലിൽപ്പിതാവിന്റെ കാലത്തുതന്നെ. ഒട്ടേറെ പള്ളികളും പിതാവിന്റെ കാലത്തു പണി പൂർത്തിയാക്കി കൂദാശ ചെയ്തു.

ദൈവവിളിയുടെ കാര്യത്തിലും സമർപ്പിതരുടെ സംഖ്യയിലും പാലാ രൂപത ആദ്യംമുതല്ക്കേ മുന്നിലായിരുന്നു. ഏറ്റവും കൂടുതൽ മിഷണറിമാരെ മാത്രമല്ല, ഏറ്റവുമധികം മെത്രാന്മാരെയും സഭയ്ക്കു നൽകിയതിന്റെ ക്രെഡിറ്റും പാലാ രൂപതയ്ക്ക് അവകാശപ്പെട്ടതാണ്.

പാലാ രൂപത തുടങ്ങുംമുമ്പേ കന്യാകുമാരി മിഷനിലും മറ്റും പാലായിൽനിന്നുമുള്ള വൈദികരും കന്യാസ്ത്രീകളും മിഷണറിപ്രവർത്തനത്തിനു പോയിരുന്നു. പില്ക്കാലത്ത് വയലിൽപ്പിതാവ് 'മിഷണറി സൊസൈറ്റി ഓഫ് സെന്റ് തോമസ്' (എം.എസ്.ടി.) സ്ഥാപിച്ചതോടെ ഇന്ത്യയുടെ വിവിധ ഭാഗങ്ങളിലേക്കും പാലാ രൂപതയിൽനിന്നുള്ള മിഷണറിമാർ സുവിശേഷവേലയ്ക്കായി യാത്രയായി. ഇപ്പോൾ മാണ്ഡ്യയിലും അദിലാബാദിലും ഷംഷാബാദിലുമൊക്കെ, ഉജ്ജയിനും സാത്നയ്ക്കും പുറമേ, പാലാ രൂപതയിൽനിന്നുള്ള വൈദികരുടെയും സമർപ്പിതസന്ന്യസ്തരുടെയും സജീവസാന്നിധ്യമുണ്ട്.

ഇതിനും വളരെ മുമ്പുതന്നെ മലബാറിലും കിഴക്കൻ മലയോരപ്രദേശങ്ങളിലും (ഹൈറേഞ്ച്) പാലായിൽനിന്നു മിഷണറി വൈദികരുടെയും സന്ന്യസ്തരുടെയും സാന്നിധ്യമുണ്ടായി. തലശേരി രൂപതയുടെ ആരംഭത്തോടെ കുടിയേറ്റമേഖലയിൽ പാലാ രൂപതയിൽപ്പെട്ട വൈദിക-സമർപ്പിതസാന്നിധ്യം പതിന്മടങ്ങായിത്തീർന്നുവെന്നതാണ് യാഥാർത്ഥ്യം. ആഫ്രിക്കയിലും യുഎസിലും തെക്കേ അമേരിക്കയിലും കാനഡയിലുമൊക്കെ എണ്ണമറ്റ വൈദികരും സന്ന്യാസിനികളും മിഷണറി പ്രവർത്തനത്തിനു സന്നദ്ധരായി. വടക്കുകിഴക്കനിന്ത്യയിലും (ആസ്സാം, മേഘാലയ, മണിപ്പൂർ, മിസോറാം തുടങ്ങിയ സ്ഥലങ്ങൾ) പാലായിലെ മണ്ണിന്റെ മണം പരന്നു. പില്ക്കാലത്ത് ജർമ്മനിയിലും ബ്രിട്ടനിലും ഫ്രാൻസിലും പോർച്ചുഗലിലുമൊക്കെ പാലാ രൂപതയിൽനിന്നുള്ള വൈദികർ ദൈവികശുശ്രൂഷയ്ക്കെത്തി. ഇന്ന് ഒരു പക്ഷേ, ആഗോളസഭയിൽ ഏറ്റവും കൂടുതൽ വൈദിക-സമർപ്പിതസാന്നിധ്യം അവകാശപ്പെടുവാൻ കഴിയുന്നതും പാലാ രൂപതയ്ക്കുതന്നെയാവണം.

വയലിൽപ്പിതാവിന്റെ കാലത്തുതന്നെയാണ് രണ്ടാം വത്തിക്കാൻകൗൺസിലിന്റെ ചൈതന്യത്തിൽ പാസ്റ്ററൽ കൗൺസിലും പ്രിസ്ബിറ്ററൽ കൗൺസിലും രൂപീകരിക്കപ്പെട്ടത്. പാലാ രൂപതയിൽ മാത്രമാണ് പാസ്റ്ററൽ കൗൺസിലിന് ബിഷപ് പ്രസിഡന്റിനുപുറമേ ഒരു അല്മായചെയർമാനെക്കൂടി വയ്ക്കുവാനുള്ള വകുപ്പും നിയമാവലിയിൽ എഴുതിച്ചേർത്തിട്ടുള്ളത്. പാസ്റ്ററൽ കൗൺസിലും സുവർണജൂബിലി കഴിഞ്ഞിരിക്കുന്നു.

അഭിവന്ദ്യ വയലിൽപ്പിതാവിനെത്തുടർന്ന് ബിഷപ്പായി നിയോഗം വന്നത് മാർ ജോസഫ് പള്ളിക്കാപറമ്പിലിനാണ്. ആദ്യം സഹായമെത്രാനായിട്ടായിരുന്നു നിയമനം. വടവാതൂർ അപ്പസ്തോലിക് സെമിനാരി റെക്ടർ പദവിയിൽനിന്നാണ് മാർ ജോസഫ് പള്ളിക്കാപറമ്പിൽ ബിഷപ്പായി ഉയർത്തപ്പെട്ടത്. വയലിൽപ്പിതാവിനെത്തുടർന്ന് കാൽനൂറ്റാണ്ടു കാലത്തോളം പാലാ രൂപതയെ നയിച്ചത് പള്ളിക്കാപറമ്പിൽ പിതാവായിരുന്നു. പിതാവിന്റെ ശുശ്രൂഷാകാലവും പാലാ രൂപതയ്ക്ക് ഒട്ടേറെ നേട്ടങ്ങൾ സമ്മാനിച്ചു. ചൂണ്ടച്ചേരിയിൽ സെന്റ് ജോസഫ്സ് എൻജിനീയറിംഗ് കോളജ് പള്ളിക്കാപറമ്പിൽ പിതാവിന്റെ ഒരു ബ്രെയിൻ ചൈൽഡായിരുന്നുവെന്നു പറയണം. പിന്നെ പാലാ സിവിൽ സർവ്വീസ് ഇൻസ്റ്റിറ്റ്യൂട്ടും. രണ്ടു സ്ഥാപനങ്ങളും ഇപ്പോൾ പാലാ രൂപതയുടെ ഫ്ളാഗ്ഷിപ്പ് ഇൻസ്റ്റിറ്റ്യൂഷൻസ് എന്നു പറയുന്നതിൽ തെറ്റില്ല.



**മാർ ജോസഫ് കല്ലറങ്ങാട്ട്**
രൂപതാദ്ധ്യക്ഷൻ



**മാർ ജേക്കബ് മുരിക്കൻ**
സഹായമെത്രാൻ



**മാർ ജോസഫ് പള്ളിക്കാപറമ്പിൽ**
മുൻഅദ്ധ്യക്ഷൻ

ശേഷം 12 പേജിൽ

# ഫാ. ജാക്വസ് ഹാമലിന്റെ സ്മരണയിൽ ലോകം

## രക്തസാക്ഷിത്വത്തിന് നാലു വയസ്സ്



പാരീസ്: ഫ്രാൻസിലെ ദേവാലയത്തിൽ വിശുദ്ധ കുർബാന അർപ്പിച്ചുകൊണ്ടിരിക്കെ ഇസ്ലാമിക് സ്റ്റേറ്റ് അനുഭാവികളായ യുവാക്കളാൽ പൈശാചികമായി കൊലചെയ്യപ്പെട്ട ഫാ. ജാക്വസ് ഹാമലിന്റെ സ്മരണയിൽ ലോകം. വൈദികന്റെ രക്തസാക്ഷിത്വത്തിന് ജൂലൈ 26 ന് നാലു വർഷം തികഞ്ഞു.

2016 ജൂലൈ 26-ന് നോർമണ്ടിയിലെ സെന്റ് ഏറ്റിയന്നെ ഡുറൌവ്റെ ദേവാലയത്തിൽ വിശുദ്ധ കുർബ്ബാന അർപ്പിച്ചുകൊണ്ടിരിക്കെ ഇസ്ലാമിക് സ്റ്റേറ്റ് അനുഭാവികളായ ആദേൽ ഖെർമിച്ചെ, അബ്ദേൽ മാലിക് പെറ്റിറ്റ്ജീൻ എന്നീ യുവാക്കൾ 85 വയസ്സുകാരനായ ഫാ. ജാക്വസ് ഹാമലിനെ കഴുത്തറത്തു കൊലപ്പെടുത്തുകയായിരുന്നു.

ഇതേ വർഷം സെപ്തംബറിൽ വത്തിക്കാനിൽ ഫാ. ജാക്വസ് ഹാമലിന്റെ സ്മരണയ്ക്കായി അർപ്പിച്ച വിശുദ്ധ ബലിയ്ക്കുശേഷം ഫ്രാൻസിസ് മാർപാപ്പ, വൈദികനെ 'വാഴ്ത്തപ്പെട്ട ഫാ. ജാക്വസ് ഹാമൽ' എന്ന് സംബോധന ചെയ്തിരുന്നു. വൈദികന്റെ ചിത്രം അൾത്താരയിൽ സ്ഥാപിച്ച പാപ്പ, വിശുദ്ധ ബലിക്കുശേഷം ചിത്രം റൌവൻ ആർച്ചുബിഷപ് ഡോമനിക്യൂ ലെബ്റണിനു നൽകുകയും അദ്ദേഹത്തോട് അത് ദേവാലയത്തിനു മുന്നിൽത്തന്നെ സ്ഥാപിക്കുവാൻ നിർദേശിക്കുകയും ചെയ്തിരുന്നു.

തന്റെ ആറ് പതിറ്റാണ്ടു നീളുന്ന പൗരോഹിത്യജീവിതത്തിൽ ഇസ്ലാം മതവിശ്വാസികളുമായി വളരെയേറെ സഹകരിച്ചായിരുന്നു ഫാ. ഹാമൽ പ്രവർത്തിച്ചിരുന്നത്. 2005-ൽ വിശ്രമജീവിതത്തിലാവുന്നതുവരെ അദ്ദേഹം വിവിധ പ്രേഷിതമേഖലകളിൽ സജീവസാന്നിധ്യമായിരുന്നു. അതേസമയം ഫാ. ഹാമൽ റോമിലെ രക്തസാക്ഷിപ്പട്ടികയിൽ ഇടംപിടിച്ചുകഴിഞ്ഞു.

# കൊവിഡ് പ്രതിരോധപ്രവർത്തനങ്ങൾക്കായി സമരിറ്റൻ ഫോഴ്സുമായി പാലാ രൂപതയും

പാലാ: കൊവിഡ് മഹാമാരി കൂടുതൽ വ്യാപിക്കുന്ന സാഹചര്യത്തിൽ പ്രതിരോധ പ്രവർത്തനങ്ങൾക്കായി സമരിറ്റൻ ഫോഴ്സുമായി പാലാ രൂപതയും. കോട്ടയം, ഇടുക്കി, എറണാകുളം ജില്ലകളിലായി വ്യാപിച്ചുകിടക്കുന്ന പാലാ രൂപതയിലെ കൊവിഡ് വോളണ്ടിയേഴ്സ് പ്രേഷിതസഖ്യം സർക്കാർ നിർദ്ദേശങ്ങൾക്കനുസൃതം ആരോഗ്യപ്രവർത്തകരോടും പോലീസ് അധികാരികളോടുംചേർന്നു പ്രവർത്തിക്കാനാണ് ഉദ്ദേശിക്കുന്നത്. അതതു പ്രദേശത്തെ കൊവിഡ് അനുബന്ധാവശ്യങ്ങൾ നിർവഹിക്കാൻവേണ്ടി ഓരോ നൂറു വീടിനും മുപ്പതു വയസ്സു മുതൽ 50 വയസ്സുവരെയുള്ള രണ്ടു പേർ, 30-20 വയസ്സിനിടയിലുള്ള രണ്ടു യുവാക്കന്മാർ എന്ന മാനദണ്ഡമാണ് ഓരോ ഇടവകയിലും സ്വീകരിച്ചിരിക്കുന്നത്.

ക്വാറന്റൈനിൽ കഴിയുന്നവർക്കോ കണ്ടെയ്ൻമെന്റ് സോണുകളിലെ കുടുംബങ്ങൾക്കോവേണ്ടി ആരോഗ്യപ്രവർത്തകരോട് / ഉത്തരവാദിത്വപ്പെട്ട ഗവൺമെന്റ് അധികൃതരോടുചേർന്ന് ആവശ്യം വരുമ്പോൾ പ്രവർത്തിക്കുന്നതിനായി മതിയായ അറിവും സന്നദ്ധതയും ഉള്ളവരായി തയ്യാറായിരിക്കുക എന്നതാണ് ഈ ടീമിന്റെ ലക്ഷ്യം. കോവിഡ്രോഗം ബാധിച്ച് ആരെങ്കിലും മരിക്കാനിടയായാൽ ഉചിതമായ മൃതസംസ്കാരശുശ്രൂഷ നൽകുന്നതിനുവേണ്ടി വൈദികർ ഉൾപ്പെടെയുള്ള സന്നദ്ധപ്രവർത്തകരുടെ ലിസ്റ്റ് പ്രത്യേകം തയ്യാറാക്കുന്നുണ്ട്. ഇവർക്ക് ആരോഗ്യവകുപ്പിന്റെ നേതൃത്വത്തിൽ പ്രത്യേക നിർദ്ദേശങ്ങളും ട്രെയിനിങ്ങും ഉണ്ടായിരിക്കുന്നതാണ്.

താരതമ്യേന കൂടുതൽ സുരക്ഷിതമായ ഈ കാര്യത്തിനായി ഈ വോളണ്ടിയർ കൂട്ടായ്മ ഓരോ ഫൊറോനയിലും ഒന്നു വീതമെങ്കിലും രൂപീകരിക്കാനാണു രൂപത ലക്ഷ്യമിടുന്നത്. രൂപതയിലെ വിവിധ സ്ഥാപനങ്ങൾ ക്വാറൻറൈൻ സൗകര്യങ്ങൾക്കായി വിട്ടുകൊടുത്തിരുന്നു, കൂടുതൽ സ്ഥാപനങ്ങൾ വിട്ടുകൊടുക്കാൻ അധികൃതർ സന്നദ്ധത പ്രകടിപ്പിച്ചിട്ടുണ്ട്. രൂപതാതലത്തിലുള്ള പ്രവർത്തനങ്ങൾക്ക് വിശ്വാസപരിശീലനകേന്ദ്രം, എകെസിസി, കുടുംബക്കൂട്ടായ്മ, പിതൃവേദി, പാലാ സോഷ്യൽ വെൽഫയർ സൊസൈറ്റി, എസ്എംവൈഎം - കെസിവൈഎം തുടങ്ങിയ വിഭാഗങ്ങൾ നേതൃത്വം നൽകും.



രൂപതാദ്ധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ട്, സഹായമെത്രാൻ മാർ ജേക്കബ് മുരിക്കൻ, സിഞ്ചെല്ലൂസ് മോൺ. ജോസഫ് തടത്തിൽ എന്നിവർ രക്ഷാധികാരികളാണ്. ചീഫ് കോർഡിനേറ്ററായി ഫാ. സിറിൽ തയ്യിലും (യൂത്ത് ഡയറക്ടർ), കോർഡിനേറ്റേഴ്സായി ഫാ. ജോർജ് വർഗീസ് ഞാറക്കുന്നേൽ (എകെസിസി ഡയറക്ടർ), ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ (കുടുംബ കൂട്ടായ്മ കോർഡിനേറ്റർ), ഫാ. ജോസഫ് കുറ്റിയാങ്കൽ (പിതൃവേദി ഡയറക്ടർ), ഫാ. സെബാസ്റ്റ്യൻ പഴേപറമ്പിൽ (വിശ്വാസപരിശീലന കേന്ദ്രം ഡയറക്ടർ) എന്നിവരുമടങ്ങുന്ന ഉന്നതതലസമിതി രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിരിക്കുകയാണ്.

# കുടിയേറ്റക്കർഷകരും പരിസ്ഥിതിസംരക്ഷണവും

## ഹരിതപാഠം 30



**മാർ ജേക്കബ് മുരിക്കൻ**

**കു**ടിയേറ്റം എല്ലാക്കാലത്തും മനുഷ്യരുടെയിടയിൽ നിലനിൽക്കുന്ന പ്രതിഭാസമാണ്. കേരളത്തിലെ പ്രധാന കുടിയേറ്റങ്ങൾ മലബാർ കുടിയേറ്റവും ഹൈറേഞ്ച് കുടിയേറ്റവുമാണ്. കുടിയേറ്റങ്ങൾ ഭൂഖണ്ഡങ്ങൾ കടന്ന് ഗൾഫ്മേഖലയിലേക്കും അമേരിക്കൻ വൻകരകളിലേക്കും ഓസ്ട്രേലിയയിലേക്കുമെല്ലാം വ്യാപകമായിരിക്കുന്നു. ഇന്നത്തെ കുടിയേറ്റങ്ങൾ സാമ്പത്തികമെച്ചം ലക്ഷ്യമാക്കിയുള്ളതാണെങ്കിൽ മലബാർ-ഹൈറേഞ്ച് കുടിയേറ്റങ്ങൾ അതിജീവനത്തിനുള്ളതായിരുന്നു. കാർഷികവൃത്തി ലക്ഷ്യമാക്കിയുള്ളതായിരുന്നു ഈ കുടിയേറ്റങ്ങൾ. ഈ കുടിയേറ്റക്കാരിൽ മഹാഭൂരിപക്ഷവും നസ്രാണികളായിരുന്നുവെന്നതും ശ്രദ്ധേയമാണ്. അതിജീവനത്തിനുവേണ്ടിയുള്ള സാഹസികമായ ഈ കുടിയേറ്റങ്ങളിൽ അനേകർക്കു ജീവൻ നഷ്ടപ്പെട്ടിട്ടുണ്ട്. പകർച്ചവ്യാധികളും കാട്ടുമൃഗങ്ങളുടെ ആക്രമണവുമെല്ലാം നേരിട്ട് മണ്ണിൽ പൊന്നു വിളയിച്ച കർഷകചരിത്രമാണ് മലബാർ - ഹൈറേഞ്ച് കുടിയേറ്റങ്ങൾക്കുള്ളത്.

കർഷകരും പരിസ്ഥിതിയും തമ്മിലുള്ള ബന്ധം ജീവാത്മകവും ഒപ്പം വൈകാരികവുമാണ്. കർഷകരാണ് യഥാർത്ഥത്തിൽ പരിസ്ഥിതിയുടെ സംരക്ഷകർ. മണ്ണിനെ ഫലപുഷ്ടമാക്കുന്നതിലും മണ്ണിന്റെ ഘടന സംരക്ഷിക്കുന്നതിലും കർഷകർ ബദ്ധശ്രദ്ധരാണ്. ഒപ്പം, മണ്ണിൽ കൃഷി ചെയ്തു വിളവുകൾ ഉത്പാദിപ്പിച്ചു മനുഷ്യരുടെയും മറ്റു ജീവജാലങ്ങളുടെയും ഭക്ഷ്യാവശ്യം നിറവേറ്റുന്നതിൽ കർഷകർ സുപ്രധാന പങ്കുവഹിച്ചിരുന്നു. കർഷകരെ പരിസ്ഥിതിവിരുദ്ധരായി ചിത്രീകരിക്കുന്ന സ്ഥിതിവിശേഷം പല രംഗങ്ങളിലും കാണാറുണ്ട്. എന്നാൽ, അവരാണ് യഥാർത്ഥത്തിൽ പരിസ്ഥിതിയുടെ കാവലാളായി പരിണമിക്കുന്നത്.

1920 നും 1970 നും ഇടയ്ക്കുള്ള 50 വർഷം ഏകദേശം അഞ്ചു ലക്ഷത്തിനും ഏഴു ലക്ഷത്തിനുമിടയ്ക്കു ജനങ്ങൾ മലബാറിലേക്കു കുടിയേറിയെന്നു കരുതപ്പെടുന്നു. തിരുവിതാംകൂറിൽനിന്നുള്ളവരായിരുന്നു മഹാഭൂരിപക്ഷവും. അക്കാലത്ത് തിരുവിതാംകൂറിൽ ഒരേക്കർ സ്ഥലത്തിന് 700-800 രൂപ വിലയായിരുന്നു. എന്നാൽ, മലബാറിൽ ഒരു ഏക്കറിന് അഞ്ചു രൂപ മുതൽ എട്ടു രൂപാവരെ മാത്രമേയുണ്ടായിരുന്നുള്ളൂ. അതായത്, തിരുവിതാംകൂറിലെ ഒരു ഏക്കർ സ്ഥലത്തിന്റെ വില മലബാറിലെ 100 ഏക്കർ സ്ഥലത്തിന്റെ വിലയ്ക്കു തുല്യമായിരുന്നു. അതുകൊണ്ടാണ് തിരുവിതാംകൂറിൽ കുറച്ചു സ്ഥലം മാത്രമുണ്ടായിരുന്നവർ അതു വിറ്റ് മലബാറിലേക്കു കുടിയേറിയത്. പക്ഷേ, മലബാറിലെ സ്ഥലം കാടുതെളിച്ച് കൃഷി ചെയ്യേണ്ടതായിരുന്നു. മുൾച്ചെടികൾ പറിച്ചുകളഞ്ഞ് പൂച്ചെടികളും ഫലവൃക്ഷങ്ങളും ധാന്യവിളകളും നാണ്യവിളകളുമെല്ലാമായി തേനും പാലുമൊഴുകുന്ന പ്രദേശമായി മലബാർ മാറി. അഭിവന്ദ്യ മാർ വള്ളോപ്പിള്ളിപ്പിതാവിന്റെ നേതൃത്വത്തിൽ സഭാസമൂഹത്തിന്റെ ശക്തമായ പിന്തുണ കർഷകർക്കൊപ്പമുണ്ടായിരുന്നു.

ഹൈറേഞ്ചിലേക്കു കർഷകരെ കുടിയേറ്റത്തിനു പ്രോത്സാഹിപ്പിച്ചത് 1823 ൽ മഹാരാജാക്കന്മാരുടെ ഭരണകാലത്തുതന്നെയാണ്. ലോകവ്യാപകമായി സുഗന്ധദ്രവ്യങ്ങൾക്കു വലിയ വിപണി ഉണ്ടായപ്പോൾ സുഗന്ധവ്യഞ്ജനക്കൃഷിക്കായി രാജാവുതന്നെ കർഷകരെ മലമ്പ്രദേശങ്ങളിൽ താമസിപ്പിച്ചു. പിന്നീട് പട്ടം താണുപിള്ളയുടെ കാലത്ത് ഇക്കണ്ട വാര്യർ കൃഷിമന്ത്രിയായിരുന്നപ്പോഴാണ് രണ്ടാമത്തെ കുടിയേറ്റം പ്രോത്സാഹിപ്പിക്കുന്നത്.



കർഷകരുടെ അദ്ധ്വാനം പരിസ്ഥിതിയെ സംരക്ഷിക്കുന്നതിനു കാരണമാകുന്നു. ഒരു ടൺ പ്രകൃതിദത്ത റബർ ഉത്പാദിപ്പിക്കുമ്പോൾ റബർമരങ്ങൾ നാല്പതു ടൺ കാർബൺ ആഗിരണം ചെയ്യുന്നു. ഒരു ടൺ സുഗന്ധദ്രവ്യങ്ങൾ ഉത്പാദിപ്പിക്കുമ്പോൾ ഈ ചെടികൾ അറുപത് ടൺ കാർബൺ അന്തരീക്ഷത്തിൽ നിന്ന് ആഗിരണം ചെയ്യുന്നു. ആഗോളതാപനം തടയുന്നതിൽ കർഷകർ വഹിക്കുന്ന പങ്ക് ഇതിൽനിന്നു മനസ്സിലാക്കാം. □

# റബർ ബോർഡ് ഓർമയാവുന്നു

1–ാം പേജ് തുടർച്ച

ഇത്തരം ഒരു ഭരണസംവിധാനത്തിനുവേണ്ടിയുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനുവേണ്ടി 1945 ൽ ഒരു സബ്കമ്മിറ്റിക്ക് ബ്രിട്ടീഷ് ഇന്ത്യാ സർക്കാർ രൂപം നൽകുകയുണ്ടായി. സബ്കമ്മിറ്റിയുടെ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ റബ്ബർ (ഉത്പാദനവും വിതരണവും) നിയമം 1947 ഏപ്രിൽ 18 ന് പാർലമെന്റ് പാസ്സാക്കുകയുണ്ടായി. ഈ നിയമമാണ് റബ്ബർ ആക്ട് എന്നപേരിൽ അറിയപ്പെടുന്നത്. ഈ നിയമത്തിന്റെ അടിസ്ഥാനത്തിലാണ് ഇന്ത്യയിലെ റബ്ബർകൃഷിയും വിപണനവുമായി ബന്ധപ്പെട്ട കാര്യങ്ങൾ നിയന്ത്രിക്കുന്നതിനും ഏകോപിപ്പിക്കുന്നതിനും റബ്ബർ ബോർഡ് നിലവിൽവന്നത്. റബ്ബർ ഉത്പാദനത്തിനും വിതരണത്തിനും റബ്ബർ ആക്ടിൽ വിഭാവനം ചെയ്തിരിക്കുന്ന കാര്യങ്ങൾ നടപ്പിലാക്കുന്നതിനുവേണ്ടിയുള്ള സ്റ്റാറ്റ്യൂട്ടറി ഏജൻസിയായാണ് റബ്ബർ ബോർഡിനെ വിഭാവനം ചെയ്തിരുന്നത്.

ഇന്ത്യൻ റബ്ബർ ബോർഡ് എന്നപേരിൽ ആദ്യം അറിയപ്പെട്ട ബോർഡിന്റെ പേര് 1954 ലെ റബ്ബർ ഉത്പാദനവിതരണഭേദഗതിനിയമത്തിന്റെ അടിസ്ഥാനത്തിൽ റബ്ബർ ബോർഡ് എന്നു പുനർനാമകരണം ചെയ്യുകയാണുണ്ടായത്. 1954 ഓഗസ്റ്റ് ഒന്നിന് നിലവിൽവന്ന ഭേദഗതിയിലൂടെ റബ്ബർ ബോർഡിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വളരെ കൃത്യമായി നിർവചിക്കപ്പെട്ടു. റബ്ബർ ബോർഡിന്റെ പ്രവർത്തനങ്ങൾക്കാവശ്യമായ ചട്ടങ്ങൾ 1955 ൽ നിലവിൽ വന്നു. 1947 ലെ റബ്ബർ (ഉത്പാദനവും വിതരണവും) നിയമം



1960, 1982, 1994 വർഷങ്ങളിൽ പാർലമെന്റ് ഭേദഗതി ചെയ്യുകയുണ്ടായി. ഈ ഭേദഗതികളിൽ ഏറിയപങ്കും ബോർഡിന്റെ ഭരണപരമായ കാര്യങ്ങൾക്കുവേണ്ടിയായിരുന്നു.

**റബ്ബർ ആക്ട് റദ്ദുചെയ്യുന്നതിനുള്ള നീക്കങ്ങൾ**

എന്നാൽ, ഇത്തവണ കേന്ദ്രസർക്കാർ നടത്തുന്ന നീക്കം റബ്ബർ ആക്ട് ഭേദഗതി ചെയ്യുന്നതിനല്ല, മറിച്ച് ആക്ടുതന്നെ പിൻവലിക്കുന്നതിനുവേണ്ടിയാണ് എന്നാണ് കേന്ദ്ര വാണിജ്യമന്ത്രാലയത്തിന്റെ കത്തിൽനിന്നു മനസ്സിലാകുന്നത്.

റബർ ബോർഡുതന്നെ വേണ്ടെന്നുവയ്ക്കാനോ മറ്റു സമാനമായ കാർഷികബോർഡുകളുമായി ലയിപ്പിക്കാനോ ഉള്ള സാധ്യതകൾ നിർദ്ദേശിക്കാൻ ആവശ്യപ്പെട്ടുകൊണ്ടുള്ള കത്ത് കേന്ദ്രവാണിജ്യ മന്ത്രാലയം രണ്ടാഴ്ച മുൻപ് കോട്ടയത്തെ റബർ ബോർഡ് ആസ്ഥാനത്തേക്കയയ്ക്കുകയായിരുന്നു. ഇന്ത്യൻ റബർ ആക്ട് റദ്ദാക്കാനുള്ള കേന്ദ്ര സർക്കാർ തീരുമാനത്തിനെതിരേ എന്തെങ്കിലും ബോധ്യപ്പെടുത്താനുണ്ടോയെന്നാവശ്യപ്പെട്ടുകൊണ്ടാണ് കേന്ദ്ര വാണിജ്യമന്ത്രാലയത്തിൽനിന്നു റബ്ബർ ബോർഡിനു കത്തു ലഭിച്ചത്. ഇത്തരത്തിലുള്ള നിർദേശം പത്തരലക്ഷംവരുന്ന റബർകർഷകരുടെ ജീവിതവും 12 സംസ്ഥാനങ്ങളിലെ റബർകൃഷിയും ഇല്ലാതാക്കുമെന്നു വ്യക്തമാക്കി റബർബോർഡ് കേന്ദ്ര വാണിജ്യമന്ത്രാലയത്തിനു തൊട്ടടുത്ത ദിവസംതന്നെ മറുപടിയും നൽകിയിരുന്നു. റബ്ബർ ആക്ട് ഇല്ലാതാകുന്നതോടെ ആക്ടിന്റെ അടിസ്ഥാനത്തിൽ നിലവിൽവന്ന റബ്ബർ ബോർഡും ഇല്ലാതാവുകയാണ്. റബ്ബർ ബോർഡിനെ പൂട്ടിക്കെട്ടാൻ കഴിഞ്ഞ ഏതാനും വർഷങ്ങളായി നടന്നുവരുന്ന നീക്കങ്ങളുടെ പരിസമാപ്തിയാവും റബ്ബർ ആക്ട് പിൻവലിക്കുന്നതോടെ സംഭവിക്കുക. പല്ലും നഖവും നഷ്ടപ്പെട്ട് മൃതപ്രായമാണെങ്കിലും ഇപ്പോഴും റബ്ബർ കർഷകരുടെ വലിയ പ്രതീക്ഷയാണ് റബ്ബർബോർഡ്. റബ്ബർകർഷകർക്കു താങ്ങും തണലുമായ റബ്ബർ ബോർഡ് ഇല്ലാതാകുന്നതോടെ റബ്ബർകൃഷിക്കുതന്നെ മരണമണി മുഴങ്ങുകയാണ്.

റബ്ബർ ബോർഡിന് ആവശ്യമായ സാമ്പത്തിക സൗകര്യങ്ങൾ നൽകാതെ ഇല്ലാതാക്കാൻ ശ്രമം നടക്കുന്നതിനാൽ ഇപ്പോൾ ബോർഡിന് കാര്യക്ഷമമായി പ്രവർത്തിക്കാൻ കഴിയുന്നില്ലായെങ്കിലും മുൻകാലങ്ങളിൽ റബ്ബർകർഷകർക്കു സഹായകരമായി പ്രവർത്തിക്കാൻ ബോർഡിനു കഴിഞ്ഞിട്ടുണ്ട് എന്നതു വസ്തുതയാണ്. റബ്ബർ ബോർഡിൽനിന്നു ലഭിച്ചിരുന്ന ധനസഹായപദ്ധതികൾ കർഷകർക്കും റബ്ബറുത്പാദകസംഘങ്ങൾക്കും വലിയ ആശ്വാസമായിരുന്നു. പുതുക്കൃഷി, ആവർത്തനക്കൃഷി തുടങ്ങിയ കാര്യങ്ങൾക്കുവേണ്ടി നൽകിയിരുന്ന സബ്സിഡി, തൊഴിലാളിക്ഷേമാനുകൂല്യങ്ങൾ തുടങ്ങിയവ റബ്ബർകൃഷിയെ പിടിച്ചുനിർത്തുന്നതിൽ കർഷകർക്കു വലിയ സഹായമായിരുന്നു. കൂടാതെ, റബ്ബർബോർഡിന്റെ കീഴിലുള്ള റബ്ബറുത്പാദനവിഭാഗം, റബ്ബർ ഗവേഷണവിഭാഗം, റബ്ബർസംസ്കരണ ഉത്പന്നവികസനവിഭാഗം, പരിശീലനവിഭാഗം, സ്ഥിതിവിവരആസൂത്രണവിഭാഗം, വിപണനതന്ത്രവിഭാഗം തുടങ്ങിയവയുടെയൊക്കെ ഇടപെടലുകൾ റബ്ബർ കൃഷിയിലും വിപണിയിലും ആസൂത്രണത്തിലും ഗവേഷണത്തിലുമെല്ലാം റബ്ബർ മേഖലയ്ക്കു വലിയ സഹായമായിരുന്നു. റബ്ബർ ബോർഡ് പരാജയമാണ് എന്നു വരുത്തിത്തീർക്കാൻ ആസൂത്രിതമായ പ്രചാരണങ്ങൾ നടത്തുന്ന പലരും റബ്ബർബോർഡിനോടുള്ള കേന്ദ്രസർക്കാരിന്റെ ചിറ്റമ്മനയത്തെ കണ്ടില്ല എന്നു നടിക്കുകയാണ്. റബ്ബർബോർഡിനുള്ള കേന്ദ്രവിഹിതം ഇരുപതു വർഷം മുമ്പുള്ളതുപോലും ഇപ്പോഴില്ല എന്നതാണു സത്യം. ഈ സാമ്പത്തികവർഷം റബ്ബർ ബോർഡിന് കേന്ദ്രബജറ്റിൽ നീക്കിവച്ച തുക 221 കോടി രൂപ മാത്രമാണ്. ഇതു ബോർഡിന്റെ ഓഫീസ് ചെലവുകൾക്കുപോലും തികയില്ല എന്നതാണു സത്യം.

**റബ്ബർ കർഷകരുടെ മുൻപിലെ വെല്ലുവിളികൾ**

റബ്ബർ ആകട് റദ്ദാക്കുന്നതിന്റെ അനന്തരഫലമായി റബ്ബർ ബോർഡുതന്നെ ഇല്ലാതായാൽ റബ്ബർകൃഷിയും കർഷകരും നേരിടേണ്ടിവരുന്ന വെല്ലുവിളികൾ വലുതാണ്. ഇപ്പോൾത്തന്നെ നഷ്ടത്തിലായ റബ്ബർകൃഷിയുടെ സ്വാഭാവികഅന്ത്യത്തിലേക്കായിരിക്കും കാര്യങ്ങൾ ചെന്നെത്തുക. നഷ്ടം സഹിച്ചും കർഷകർ ഇനിയും റബ്ബർ കൃഷിയുമായി മുന്നോട്ടുപോകണോ എന്ന ചോദ്യം ഉയരുമ്പോൾത്തന്നെ ഇതല്ലാതെ കർഷകനു പകരമെന്ത് എന്ന മറുചോദ്യവും ഉയരും. റബ്ബർകൃഷിചെയ്യുന്ന ഭൂരിഭാഗംതോട്ടങ്ങളും ഭൂപരിഷ്കരണനിയമത്തിന്റെ പരിധിയിൽ വരുന്നതിനാൽ റബ്ബർ അല്ലാതെ മറ്റൊരു കൃഷിയും ചെയ്യാൻ പറ്റാത്ത സാഹചര്യത്തിലാണ് കർഷകർ. സ്വന്തമായുള്ള മൂന്നു സെന്റ് ഭൂമിപോലും റവന്യുരേഖകളിൽ തോട്ടം എന്നു രേഖപ്പെടുത്തിയതിനാൽ ലൈഫ് പദ്ധതിയിൽപ്പെടുത്തി കിടപ്പാടംപോലും സ്വന്തമാക്കാൻ പറ്റാത്ത പാവപ്പെട്ടവരുള്ള നാട്ടിൽ ഭൂപരിഷ്കരണനിയമത്തിലെ സങ്കീർണ്ണതകൾ കാരണം എങ്ങനെ ഇതര കൃഷികളിലേക്കു കർഷകർ തിരിയും? ഭൂപരിഷ്കരണനിയമപ്രകാരം മിച്ചഭൂമിയായി ഏറ്റെടുക്കുന്നതിൽ ഇളവുകൾ ലഭിച്ച ഭൂമി ഇനംമാറ്റിയാൽ സർക്കാർ പിടിച്ചെടുക്കുമെന്നാണു പറയുന്നത്. കൂടാതെ, തോട്ടഭൂമികളിൽ നിയന്ത്രിതമായ രീതിയിൽ ഇതര കൃഷികൾക്ക് അനുമതി നൽകിക്കൊണ്ട് 2001ലെയും 2011ലെയും യുഡിഎഫ് സർക്കാരുകൾ കൊണ്ടുവന്ന നിയമഭേദഗതികൾ പിന്നീടുവന്ന സർക്കാരുകൾ തിരുത്തുകയാണുണ്ടായത്.

ഭൂപരിഷ്കരണനിയമത്തിൽ വെള്ളം ചേർക്കുന്നുവെന്നു പറഞ്ഞുകൊണ്ടാണ് ഇത്തരം ഇളവുകൾക്കെതിരേ അന്നത്തെ പ്രതിപക്ഷം എതിർപ്പുയർത്തിയത്. അമ്പതാണ്ടു പിന്നിട്ട കേരളത്തിലെ ഭൂപരിഷ്കരണനിയമങ്ങളിൽ കാലോചിതമായ മാറ്റം വേണം എന്ന ആവശ്യം പല കോണുകളിൽനിന്നും ഉയരുന്നുണ്ട്. എങ്കിലും, തീരുമാനങ്ങളെടുക്കാനുള്ള രാഷ്ട്രീയ ഇച്ഛാശക്തിയുടെ അഭാവം കാർഷികമേഖലയുടെ, പ്രത്യേകിച്ചും തോട്ടമേഖലയുടെ തകർച്ചയ്ക്കു വഴിവയ്ക്കുകയാണ് .

റബ്ബർ ആക്ട് റദ്ദാകുന്നതോടെ റബ്ബർമേഖലയിൽ സംഭവിക്കാൻ പോകുന്ന പ്രത്യാഘാതങ്ങളെ ഇങ്ങനെ സംഗ്രഹിക്കാം (1) റബ്ബർ ആക്ടിന്റെ അടിസ്ഥാനത്തിൽ നിലവിൽവന്ന റബ്ബർ ബോർഡുതന്നെ ആക്ട് പിൻവലിക്കുന്നതിലൂടെ, ഇല്ലാതാകുന്നതോടെ റബർ മേഖലയുമായി ബന്ധപ്പെട്ട ഗവേഷണം, സബ്സിഡി, കൃഷിവ്യാപനം, സാങ്കേതികസഹായം തുടങ്ങിയവയൊക്കെ അന്യമാകുന്നു. (2) റബ്ബർവില, വാണിജ്യം, കയറ്റുമതി-ഇറക്കുമതി എന്നിവയ്ക്കൊക്കെ ഭാവിയിൽ യാതൊരു നിയന്ത്രണമോ മേൽനോട്ടമോ ഉണ്ടാവുകയില്ല. (3) ഓരോ ദിവസത്തെയും റബ്ബർവില, വാർഷികോത്പാദനം, ഇറക്കുമതി, കയറ്റുമതി തുടങ്ങിയവ നിരീക്ഷിക്കുന്നതിനുള്ള സംവിധാനങ്ങൾ ഭാവിയിൽ ഉണ്ടാവില്ല. (4) അടിയന്തരഘട്ടങ്ങളിൽ റബ്ബറിനു തറവിലയോ താങ്ങുവിലയോ നിശ്ചയിക്കാനുള്ള സാധ്യതയും ഭാവിയിൽ ഇല്ലാതാകും. ചുരുക്കിപ്പറഞ്ഞാൽ റബ്ബർ കൃഷിയുടെയും റബ്ബർ ബോർഡിന്റെയും അന്ത്യംകുറിക്കുന്ന നീക്കങ്ങളാണ് കേന്ദ്രസർക്കാരിന്റെ ഭാഗത്തുനിന്ന് ഉണ്ടായിക്കൊണ്ടിരിക്കുന്നത്. ഇതിനെതിരേ ശക്തമായ പ്രതിഷേധങ്ങൾ ഉയരേണ്ടിയിരിക്കുന്നു. ■

## അമ്മ

സാംസൺ പാലാ

അമ്മയെപ്പോലൊരു സ്നേഹത്തിൻ മൂർത്തിയെ
മന്നിതിൽ കാണില്ല നിശ്ചയമായ്
അമ്മയെന്നുള്ള രണ്ടക്ഷരമാദ്യമായ്
ചുണ്ടിൽ വിരിഞ്ഞൊരാ ധന്യനേരം
കുഞ്ഞായിരിക്കുമ്പോഴൊക്കെയുമെന്നമ്മ
അമ്മിഞ്ഞിപ്പാൽ തന്നു പോറ്റിയില്ലേ?
അമ്മതൻ നെഞ്ചോടടുപ്പിച്ചൊരെൻ ചുണ്ടിൽ
നെഞ്ചിലെ പാലാഴി ചോർത്തിയില്ലേ?
പത്തുമാസം ചുമന്നെത്രയോ കഷ്ടത
നിത്യം സഹിച്ചമ്മ നോവു തിന്നും
നമ്മൾക്കു നൽകിയ ജന്മമോർത്തീടുകി-
ലമ്മയ്ക്കു വേറെന്തു നൽകിടും ഞാൻ?
നമ്മൾതൻ കാര്യങ്ങളെന്തുമേ ചൊല്ലിടാ-
നമ്മയല്ലാതെ മറ്റാരു കേൾക്കും?
അമ്മതാൻ ചോരയും നീരും നമുക്കായി
ജീവിതമർപ്പിച്ച കർമ്മയോഗി
ഭാര്യയുമമ്മയു,മമ്മായിയമ്മയും
വല്യമ്മയും മുതുമുത്തശ്ശിയായ്
എല്ലാം നിറഞ്ഞൊരാ ദിവ്യമാം നാമത്തെ
നിത്യം മനസ്സിൽ നമിച്ചിടുന്നു.
കരയാൻ വിതുമ്പിയ വേളയിലൊക്കെയും
ചിരിതൂകിയമ്മയെന്നരികിലെത്തും
പിരിയില്ലയീ ബന്ധമെന്നുമെന്നേക്കുമായ്
ഒരുനാളുമണയാത്ത മണിദീപമായ്
ജീവന്റെ ചൈതന്യമെന്നിൽ വിടർത്തിയ
ദേവിയാമമ്മെ നമിച്ചിടുന്നു.
അന്ത്യമായമ്മയ്ക്കൊരുമ്മയും നൽകി ഞാൻ
എന്നേക്കുമമ്മയെ യാത്രയാക്കി
അല്ലലില്ലാത്തൊരു ലോകത്തിലേക്കമ്മ
ഉല്ലാസമോടെ പറന്നകന്നു
അമ്മതൻ പാവനസ്നേഹത്തിലൂറുന്ന
നന്മയ്ക്കായമ്മയെ വാഴ്ത്തുക നാം
മക്കൾക്കു വേണ്ടിയുള്ളമ്മതൻ പ്രാർത്ഥന
ഒക്കെയും ദൈവത്തിൻ പക്കലെത്തി
സർവ്വസൗഭാഗ്യവും നൽകിയൊരീശനെ
നിത്യമായെന്നും സ്തുതിക്കുന്നു ഞാൻ.

**ഗ്രീൻ എക്കോ ഷോപ്പ്**
**ഇൻഫാം, ഭരണങ്ങാനം**
**ഫോൺ: 9446665060, 8606532289**

**ജൈവഭക്ഷ്യവസ്തുക്കൾ, മൂല്യവർദ്ധിതഭക്ഷ്യോത്പന്നങ്ങൾ, ജൈവഅരി, ചെറുധാന്യങ്ങൾ, ചെറുധാന്യപ്പൊടി, കൂവപ്പൊടി, നാടൻശർക്കര, ജൈവതേയിലപ്പൊടി, കള്ളുവിനാഗിരി, ചെറുതേൻ, വൻതേൻ, പനംപാനി, നെയ്യ്, നാടൻ വെളിച്ചെണ്ണ, നാടൻ അച്ചാറുകൾ, നാടൻ പച്ചക്കറിവിത്തുകൾ, കാർഷികവസ്തുക്കൾ, തേനീച്ചപ്പെട്ടികൾ, നാട്ടുചികിത്സാമരുന്നുകൾ, വിജ്ഞാനഗ്രന്ഥങ്ങൾ, കൂടകളിൽ വളർത്തിയ ചാവക്കാടൻ ഡിxറ്റി തെങ്ങിൻതൈകൾ തുടങ്ങിയവ വിതരണം ചെയ്യുന്നു.**

ദീപനാളം

ചീഫ് എഡിറ്റർ : റവ. ഫാ. കുര്യൻ തടത്തിൽ
അസോസിയേറ്റ് എഡിറ്റർ : റവ. ഫാ. ജോസഫ് തെരുവിൽ

**നാം ദൈവത്തിന്റെ കരവേലയാണ്; നാം ചെയ്യാൻ വേണ്ടി ദൈവം മുൻകൂട്ടി ഒരുക്കിയ സദ്പ്രവൃത്തികൾക്കായി യേശുക്രിസ്തുവിൽ സൃഷ്ടിക്കപ്പെട്ടവരാണ്.**

എഫേസോസ് 2:10

## എഡിറ്റോറിയൽ

# കേരളത്തിലെ ഭീകരനീക്കം കണ്ടില്ലെന്നു നടിക്കരുത്

**കൊ**വിഡ് മഹാമാരിയുടെ ഈ അശാന്തകാലത്ത് അതിനെക്കാൾ വലിയ അശനിപാതംപോലെ പുറത്തുവന്നിരിക്കുന്ന പുതിയ വാർത്ത – കേരളത്തിലും കർണാടകത്തിലും ഐ.എസ്. ഭീകരരുടെ നിർണായകസാന്നിധ്യമുണ്ടെന്ന യു.എൻ. റിപ്പോർട്ട്– ഏറെ ആശങ്കയോടെ കാണേണ്ടിയിരിക്കുന്നു. ഇന്ത്യൻ രഹസ്യാന്വേഷണഏജൻസികളും എൻ.ഐ.എ.യും മുമ്പും ഇക്കാര്യം വെളിപ്പെടുത്തിയിട്ടുണ്ടെങ്കിലും ഐക്യരാഷ്ട്രസഭയുടെ ആദ്യമായുള്ള ഈ സ്ഥിരീകരണം വിഷയത്തിന്റെ ഗൗരവം വർദ്ധിപ്പിച്ചിരിക്കുന്നു. അൽഖായിദയുടെ ദക്ഷിണേഷ്യൻ ഘടകമായ അൽഖായിദ ഇൻ ഇന്ത്യൻ സബ്കോണ്ടിനെന്റിന്റെ (എ.ക്യു.ഐ.എ.) ഇരുനൂറോളം ഭീകരർ ഇന്ത്യയുൾപ്പെടുന്ന ദക്ഷിണേഷ്യയിലുടനീളം ആക്രമണത്തിനു പദ്ധതിയിടുകയാണെന്ന് യു.എൻ. റിപ്പോർട്ടു പറയുന്നു.

പല ഉദ്ദേശ്യത്തോടെ പ്രവർത്തിക്കുന്ന വിവിധ ഘടകങ്ങൾ ഐ.എസിനുണ്ടെന്നും ഇതിൽ മൂന്നെണ്ണത്തിന്റെ സാന്നിദ്ധ്യം കേരളത്തിൽ കൂടുതലാണെന്നും ദേശീയ അന്വേഷണ ഏജൻസിയും സംസ്ഥാന ആഭ്യന്തരസുരക്ഷാന്വേഷണസംഘവും വർഷങ്ങൾക്കുമുമ്പേ കണ്ടെത്തിയിരുന്നതാണ്. കേരളത്തിൽനിന്നു നൂറ്റിയിരുപതോളംപേർ ഐ.എസിൽ ചേരുകയോ ചേരാൻ ശ്രമിക്കുകയോ ചെയ്തെന്നാണ് അന്വേഷണഏജൻസികളുടെ വിലയിരുത്തൽ. 2018 ൽ ഐ.എസിനു സിറിയയിലും ഇറാക്കിലും തിരിച്ചടി നേരിടുമ്പോഴും കേരളത്തിൽനിന്ന് പത്തുപേർ അവിടേക്കു പോയി. 2016 മേയ്–ജൂലൈ കാലയളവിൽ കേരളത്തിൽനിന്ന് 21 പേരെ കാണാതായി. ആറു സ്ത്രീകളും മൂന്നു കുട്ടികളും ഇക്കൂട്ടത്തിലുണ്ടായിരുന്നത്രേ. ഇവരിൽ 17 പേരും കാസർകോടു സ്വദേശികളായിരുന്നു. ഇവരെല്ലാം ഇസ്ലാമിക് സ്റ്റേറ്റിൽ ചേരാൻ വിദേശത്തേക്കു പോയതാണെന്നാണ് പിന്നീട് എൻ.ഐ.എ. കണ്ടെത്തിയത്. എങ്ങനെയായാലും കേരളത്തിൽനിന്നുള്ള ഒട്ടേറെ യുവാക്കൾ അഫ്ഗാനിസ്ഥാനിലെ ഐ.എസ്. താവളങ്ങളിലുള്ളതായി റിപ്പോർട്ടുകളുണ്ടായിരുന്നു. അതിനെയെല്ലാം ശരിവയ്ക്കുകയാണ് ഐക്യരാഷ്ട്രസഭയുടെ റിപ്പോർട്ട്.

ഇന്ത്യയിൽ പുതിയ പ്രവിശ്യ സ്ഥാപിച്ചെന്ന് ഐ.എസ്. പ്രഖ്യാപിച്ചുകഴിഞ്ഞു. സുരക്ഷാസേനയും ഭീകരരും തമ്മിൽ കാശ്മീരിൽ ഏറ്റുമുട്ടലുണ്ടായതിനെത്തുടർന്നായിരുന്നു പ്രഖ്യാപനം. സംഘടനയുടെ 2019 മേയ് 10 ലെ പ്രഖ്യാപനമനുസരിച്ച് ഇന്ത്യ, പാക്കിസ്ഥാൻ, ബംഗ്ലാദേശ്, മ്യാന്മർ എന്നിവിടങ്ങളിൽനിന്നായി 150 നും 200 നുമിടയിൽ ഭീകരർ അതിലുണ്ടെന്നാണ് യു.എൻ. റിപ്പോർട്ട്. ഇസ്ലാമിക് നിയമങ്ങൾക്കനുസരിച്ചു പ്രവർത്തിക്കുന്ന ഖലീഫയുടെ ഭരണം സ്ഥാപിക്കാനായി അബുബക്കർ അൽ ബാഗ്ദാദിയുടെ നേതൃത്വത്തിൽ 2014 ജൂണിൽ രൂപവത്കരിക്കപ്പെട്ട ഐ.എസ്. ഇന്നു ലോകത്തിലെ ഏറ്റവും വലിയ ഭീകരസംഘടനയാണ്. 2019 ൽ യു.എസ്. സേനയുടെ ആക്രമണത്തിൽ ബാഗ്ദാദി കൊല്ലപ്പെട്ടതോടെ ഇറാക്കിലും സിറിയയിലും ഐ.എസ്. നിലനിർത്തിയിരുന്ന ആധിപത്യം അവസാനിച്ചുവെങ്കിലും മറ്റു രാജ്യങ്ങളിൽ അവർ പിടിമുറുക്കുന്നുവെന്നാണ് യു.എൻ. റിപ്പോർട്ടിൽനിന്ന് ഇപ്പോൾ വ്യക്തമാകുന്നത്.

ഈ പശ്ചാത്തലത്തിൽ ഭീകരവിരുദ്ധപോരാട്ടത്തിനു കൂടുതൽ സജ്ജമാകാനും അതീവജാഗ്രത പുലർത്താനും കേന്ദ്ര–സംസ്ഥാനസർക്കാരുകൾ മുന്നിട്ടിറങ്ങേണ്ടിയിരിക്കുന്നു. ഐ.എസിനു പണമൊഴുക്കാൻ ചില ഗൾഫുരാജ്യങ്ങളും വലിയ സമ്പന്നരും ബിസിനസുകാരുമൊക്കെ ഇപ്പോഴുമുണ്ടെന്ന ഒരാരോപണം നിലവിലുണ്ട്. വസ്തുത എന്തായാലും, തിരുവനന്തപുരത്തു നടന്ന ഡിപ്ലോമാറ്റിക് ബാഗേജ് സ്വർണ്ണക്കടത്തിനെ ഇതുമായി കൂട്ടിവായിക്കുമ്പോൾ അതിന്റെ ഗൗരവം വർദ്ധിക്കുകയാണ്. നാളുകളായി നടന്നുവന്ന കള്ളക്കടത്തിനുപിന്നിൽ യുഎഇ കോൺസുലേറ്റിലെ ഉന്നതരുടെ ഒത്താശയുണ്ടായിരുന്നുവെന്ന പ്രതി സ്വപ്ന സുരേഷിന്റെ മൊഴി ശരിയെങ്കിൽ ഒട്ടേറെ വാതിലുകൾ ഇനിയും തുറക്കപ്പെടേണ്ടിയിരിക്കുന്നു.

കേവലം രാഷ്ട്രീയലാഭത്തിനപ്പുറം കള്ളക്കടത്തിന്റെ യഥാർത്ഥ ഉറവിടം കണ്ടെത്താനും അതിന്റെ പണം ആരുടെ കൈയിലെത്തുന്നുവെന്നു തിരിച്ചറിയാനും അന്വേഷണഏജൻസികൾക്കു കഴിയണം. തീവ്രവാദത്തിന്റെയും ദേശവിരുദ്ധതയുടെയും പേരിൽ മാധ്യമങ്ങളിൽ തലക്കെട്ടു നേടിയ ചെറുതും വലുതുമായ പല സംഭവങ്ങളും കേരളത്തിൽ ഇതിനുമുമ്പും ഉണ്ടായിട്ടുണ്ട്. അതിന്റെയെല്ലാം അന്വേഷണം ഇടനിലക്കാരിലൊതുങ്ങിയെന്ന സംശയമാണ് ജനങ്ങൾക്കുള്ളത്. ഇത്തരം കാര്യങ്ങളിൽ നമ്മുടെ രാഷ്ട്രീയകക്ഷികൾ പുലർത്തിവരുന്ന ഇരട്ടത്താപ്പിന്റെയും അവസരവാദത്തിന്റെയും പരിണതഫലം എത്ര ഗുരുതരമാണെന്ന് അവർ തിരിച്ചറിയാനിരിക്കുന്നതേയുള്ളൂ. കേരളത്തിൽ മതതീവ്രവാദസംഘടനകൾക്കു നല്ല വേരോട്ടമുണ്ടെന്ന് ഉന്നതപോലീസുദ്യോഗസ്ഥർ രഹസ്യമായി സമ്മതിക്കുമ്പോഴും, താത്കാലികരാഷ്ട്രീയലാഭത്തിനുവേണ്ടി കുറ്റകരമായ മൗനം പാലിക്കുകയാണ് രാഷ്ട്രീയനേതൃത്വങ്ങൾ ഇതുവരെ ചെയ്തിട്ടുള്ളത്. ഇതവസാനിപ്പിക്കാൻ സമയം വൈകിയിരിക്കുന്നു. ഭൂരിപക്ഷവർഗീയതയ്ക്കു ബദലായി ന്യൂനപക്ഷവർഗീയത ഉയർത്തിക്കൊണ്ടുവരാൻ ആരെങ്കിലും ശ്രമിക്കുന്നുണ്ടെങ്കിൽ അവർ മൂഢസ്വർഗ്ഗത്തിലാണ്. മാനവികതയിലും മനുഷ്യമഹത്ത്വത്തിലും വിശ്വസിക്കുന്ന ബഹുഭൂരിപക്ഷത്തിന്റെ ഈ കേരളമണ്ണിൽ മതതീവ്രവാദഭീകരപ്രവർത്തനങ്ങൾക്കിടമില്ലെന്നു പ്രഖ്യാപിക്കാൻ എല്ലാവർക്കും കഴിയട്ടേയെന്നു പ്രത്യാശിക്കുന്നു. ഇടുങ്ങിയ കക്ഷിരാഷ്ട്രീയസാമുദായികതാത്പര്യങ്ങൾ വെടിഞ്ഞ് ഭരണപക്ഷവും പ്രതിപക്ഷവും മതനേതൃത്വങ്ങളും ഒരുമിച്ചണിനിരന്നെങ്കിൽ മാത്രമേ ഭീകര–തീവ്രവാദപ്രവർത്തനങ്ങളെ ചെറുത്തുതോല്പിക്കാനാവൂ. അല്ലായെങ്കിൽ അതിനു കനത്ത വില കൊടുക്കേണ്ടിവരുമെന്ന് എല്ലാവരും ഓർത്തിരിക്കുന്നതു നന്ന്.

□

# ചൈനയിൽ ക്രൈസ്തവപീഡനം ആവർത്തിക്കുന്നു

## കുരിശുകൾ നീക്കാൻ സർക്കാർ ഉത്തരവ്

ബെയ്ജിംഗ്: കൊറോണയുടെ പേരിൽ മാധ്യമങ്ങളിൽ നിറഞ്ഞുനിന്ന ചൈന, ക്രൈസ്തവർക്കെതിരായ തുടർപീഡനങ്ങളുടെ പേരിലും വാർത്തകളിൽ ഇടംനേടുന്നു. ക്രൈസ്തവദേവാലയങ്ങളിലെ കുരിശുകൾ മാറ്റുവാനും, യേശുവിന്റെ രൂപങ്ങൾക്കു പകരം കമ്മ്യൂണിസ്റ്റ്നേതാക്കളുടെ ചിത്രങ്ങൾ പ്രദർശിപ്പിക്കുവാനുമുള്ള ചൈനീസ് സർക്കാരിന്റെ പുതിയ ഉത്തരവാണ് രാജ്യത്തെ മതപീഡനപരമ്പരയിലെ ഏറ്റവും ഒടുവിലത്തെ സംഭവമായി നിരീക്ഷിക്കപ്പെടുന്നതെന്ന് പ്രമുഖ അന്താരാഷ്ട്രമാധ്യമമായ 'എക്സ്പ്രസ്' റിപ്പോർട്ട് ചെയ്യുന്നു.





അൻഹുയി, ജിയാങ്സു, ഹെബെയി എന്നീ പ്രവിശ്യകളിലെ ദേവാലയങ്ങൾക്കാണ് സർക്കാരിന്റെ പുതിയ ഉത്തരവ് ലഭിച്ചിരിക്കുന്നത്. ഷാംങ്സിയിലെ ദേവാലയങ്ങളോട് കുരിശ് അടക്കമുള്ള വിശ്വാസപ്രതീകങ്ങൾ മാറ്റി പകരം കമ്മ്യൂണിസ്റ്റ്നേതാക്കളുടെ ചിത്രങ്ങൾ പ്രദർശിപ്പിക്കുവാനാണ് ഉത്തരവിൽ അനുശാസിക്കുന്നത്. 'റേഡിയോ ഫ്രീ ഏഷ്യ'യാണ് ഈ വാർത്ത പുറത്തുവിട്ടിരിക്കുന്നത്. അവോഡിയിലെയും യിൻചാങ്ങിലെയും ദേവാലയങ്ങളിലേക്ക് സർക്കാരുദ്യോഗസ്ഥർ അതിക്രമിച്ചു കടന്നുവെന്ന വാർത്തയ്ക്കു പിന്നാലെയാണ് പുതിയ ഉത്തരവും പുറത്തുവന്നിരിക്കുന്നത്.

സർക്കാർ അധികാരികൾ ദേവാലയത്തിന്റെ പൂട്ടു തകർത്താണ് ദേവാലയത്തിൽ പ്രവേശിച്ചു വിശുദ്ധവസ്തുക്കൾ നശിപ്പിച്ചതെന്ന് വെൻസോയിലെ ക്രൈസ്തവർ പറയുന്നു. തടയുവാൻ ശ്രമിച്ച തങ്ങളെ സുരക്ഷാഉദ്യോഗസ്ഥർ ക്രൂരമായി മർദ്ദിച്ചുവെന്നും അവർ കൂട്ടിച്ചേർത്തു. ഈ ദേവാലയങ്ങളിലെ കുരിശുകൾ സർക്കാർ ഉദ്യോഗസ്ഥർ നീക്കംചെയ്തിരുന്നു. കൊറോണയെത്തുടർന്ന് അടഞ്ഞുകിടന്ന ദേവാലയങ്ങൾ വീണ്ടും തുറന്ന സാഹചര്യത്തിൽ കടുത്ത പീഡനമാണ് ചൈനയിലെ കമ്മ്യൂണിസ്റ്റ്ഭരണകൂടം ക്രൈസ്തവസമൂഹത്തിനെതിരേ നടത്തുന്നതെന്ന റിപ്പോർട്ട് നേരത്തേ പുറത്തുവന്നിരുന്നു.

ഉയിഗുർ മുസ്ലീങ്ങളെ പീഡിപ്പിക്കുവാനുള്ള തടങ്കൽപ്പാളയങ്ങൾ ചൈനയിൽ ഉണ്ടെന്ന ആരോപണം ശരിവയ്ക്കുന്ന തരത്തിലുള്ള ഡ്രോൺ ഫൂട്ടേജുകൾ പുറത്തുവന്ന സമയത്തുതന്നെയാണ് ക്രിസ്ത്യാനികൾക്കെതിരേയുള്ള മതപീഡനം ശക്തിപ്രാപിക്കുന്നതെന്നതും ശ്രദ്ധേയമാണ്. ചൈനയിൽ മനുഷ്യാവകാശലംഘനങ്ങൾ നടക്കുന്നുണ്ടെന്നതിന്റെ തെളിവുകളാണ് കഴിഞ്ഞയാഴ്ച പുറത്തുവന്ന വീഡിയോശകലം. കടുത്ത നിരീക്ഷണത്തിലാണ് ചൈനയിലെ ക്രിസ്ത്യാനികൾ ജീവിക്കുന്നത്. 2030–ഓടുകൂടി ലോകത്തെ ഏറ്റവും വലിയ ക്രൈസ്തവഭൂരിപക്ഷരാജ്യമായി ചൈന മാറുമെന്നാണ് പഠനം. ഈ ഭീതിയാകാം ഭരണകൂടം, മതപീഡനം ശക്തമാക്കുന്നതിനു പിന്നിലെ കാരണമായി നിരീക്ഷിക്കുന്നത്.

# മോശയുടെ സ്മരണയിൽ മൗണ്ട് നെബോ






**സഞ്ചാരം**

**ഫാ. ഫിലിപ്പ് ഞരളക്കാട്ട്**

**വി**ശുദ്ധനാടുകളിലൂടെയുള്ള ഞങ്ങളുടെ തീർത്ഥാടനത്തിന്റെ അവസാനദിവസം മൗണ്ട് നെബോ സന്ദർശിക്കുവാൻ മാറ്റിവച്ചിരിക്കുകയായിരുന്നു. ഈശോമിശിഹായുടെ ജീവിതവുമായി ബന്ധപ്പെട്ട വിശുദ്ധസ്ഥലങ്ങൾ സന്ദർശിച്ചതിനുശേഷമാണ് മൗണ്ട് നെബോയിലേക്കു ഞങ്ങൾ പുറപ്പെട്ടത്. ജോർദ്ദാൻരാജ്യത്തിന്റെ തലസ്ഥാനമായ അമ്മാൻനഗരത്തിൽനിന്ന് ഏതാനും കിലോമീറ്റർ അകലെയാണ് മൗണ്ട് നെബോ സ്ഥിതിചെയ്യുന്നത്. ഇസ്രായേലിൽനിന്ന് ഒരു സ്പെഷൽ ബസിനായിരുന്നു ഞങ്ങളുടെ യാത്ര. ഇസ്രായേലും ജോർദ്ദാനുമായുള്ള അതിർത്തിയിൽ സെക്യൂരിറ്റി പരിശോധനയ്ക്കും യാത്രാരേഖകളുടെ പരിശോധനയ്ക്കുമായി ഒരു മണിക്കൂറോളമെടുത്തു. ഇതിനിടയിൽ മൗണ്ട് നെബോയുടെ



പ്രാധാന്യത്തെപ്പറ്റി ഞങ്ങളുടെ ഗൈഡ് വിശദീകരിക്കുകയുണ്ടായി. ഇസ്രായേൽ ജനതയെ ഈജിപ്തിലെ അടിമത്തത്തിൽനിന്ന് മോചിപ്പിച്ച് കാനാൻ ദേശത്തേക്കു നയിക്കുവാൻ ദൈവം നിയോഗിച്ച നേതാവായിരുന്നു മോശ. മഹാനായ ഈ ജനനേതാവിന്റെ ജീവിതവുമായി ബന്ധപ്പെട്ട ഒരു സ്ഥലമാണ് മൗണ്ട് നെബോ. ഇസ്രായേൽജനതയെ അടിമത്തത്തിൽനിന്നു മോചിപ്പിച്ച് അദ്ഭുതകരമായ വിധത്തിൽ ചെങ്കടലിന്റെ നടുവിലൂടെയും ചുട്ടുപൊള്ളുന്ന മണലാരണ്യത്തിലൂടെയും നയിച്ച് ഏതാനുംമാസങ്ങൾകൊണ്ട് അദ്ദേഹം കാനാൻ ദേശത്തിന്റെ അതിർത്തിയിലെത്തിച്ചു.

കാനാൻദേശത്തേക്കു കടന്ന് അതു കൈവശപ്പെടുത്തുക എന്നാണ് ദൈവം നിർദ്ദേശിച്ചിരിക്കുന്നത്. ഇസ്രായേലിലെ പന്ത്രണ്ടു ഗോത്രങ്ങളിൽനിന്ന് ഓരോരുത്തരെ തിരഞ്ഞെടുത്ത് മോശ കാനാൻ ദേശത്തേക്ക് അയച്ചു. ആ നാടു മുഴുവൻ നിരീക്ഷിച്ചതിനുശേഷം അവർ തിരിച്ചെത്തി. അവരിൽ ജോഷ്വായും കാലെബും ഒഴിച്ചുള്ളവരെല്ലാം ഭയപ്പെടുത്തുന്ന വാർത്തകളാണ് ആ നാടിനെപ്പറ്റി പറഞ്ഞത്. നഗരങ്ങൾ കോട്ടകളാൽ സുരക്ഷിതമാണ്. ജനങ്ങൾ ഗോലിയാത്തിനെപ്പോലെ മല്ലന്മാരും. ഈ വാർത്ത പെട്ടെന്ന് ജനങ്ങളുടെയിടയിൽ പ്രചരിച്ചു. അനാക്കിമിന്റെ മക്കളായ മല്ലന്മാർ തങ്ങളെ തകർത്തുകളയുമെന്ന് അവർ ഭയപ്പെട്ടു. ഈജിപ്തിലേക്കു തിരിച്ചുപോകാൻ അവർ തീരുമാനിച്ചു. കർത്താവിന്റെ ശക്തിയെ അവർ അവിശ്വസിച്ചു. കർത്താവ് അവർക്കൊരു ശിക്ഷ നൽകി. "നിങ്ങളിൽ അവസാനത്തെ ആൾ ഈ മരുഭൂമിയിൽ മരിച്ചുവീഴുന്നതുവരെ നിങ്ങളുടെ അവിശ്വസ്തതയ്ക്കു പ്രായശ്ചിത്തം ചെയ്തുകൊണ്ട് നാല്പതു വർഷം ഈ മരുഭൂമിയിൽ നാടോടികളെപ്പോലെ അലഞ്ഞുതിരിയണം." വീണ്ടും ജനം മരുഭൂമിയിലേക്കു തിരിഞ്ഞു. വർഷങ്ങൾ കടന്നുപോയി. നീണ്ട നാല്പതു വർഷത്തെ മരുഭൂമിജീവിതം അവസാനിക്കുന്ന സമയമായി. മോശയ്ക്ക് 120 വയസ്സായി. മോശയുടെ സ്ഥാനത്തു ജനത്തെ നയിച്ച് കാനാൻ ദേശം കൈവശപ്പെടുത്താൻ ദൈവം നൂനിന്റെ പുത്രനായ ജോഷ്വായെ നിയമിച്ചു. മോശ അദ്ദേഹത്തിന്റെമേൽ കൈവച്ച് ദൈവിക ശക്തി പകർന്നുനല്കി. അനന്തരം ദൈവം മോശയോടു പറഞ്ഞു: "അബാറീം മലയിൽ (നെബോ) കയറി ഞാൻ ഇസ്രായേൽജനത്തിനു കൊടുക്കുന്ന ദേശം കാണുക. അതു കണ്ടുകഴിയുമ്പോൾ നീയും നിന്റെ സഹോദരൻ അഹറോനെപ്പോലെ പിതാക്കന്മാരോടു ചേരും."

മോശ മൊവാബ് സമതലത്തിൽനിന്ന് നെബോമലയിലേക്കു കയറി. കർത്താവ് അദ്ദേഹത്തിനു വാഗ്ദത്തഭൂമിയായ കാനാൻദേശം കാണിച്ചുകൊടുത്തു. അദ്ദേഹമത് കൺകുളിർക്കെ കണ്ടു. തേനും പാലുമൊഴുകുന്ന സ്ഥലംതന്നെ. ഗിലയാദുമുതൽ ദാൻവരെയുള്ള പ്രദേശങ്ങളും നഫ്താലിദേശവും എഫ്രായിമിന്റെയും മനാസെയുടെയും ദേശങ്ങളും പശ്ചിമസമുദ്രം വരെയുള്ള യൂദയാദേശവും നെഹബും ഈന്തപ്പനകളുടെ നാടായ ജറീക്കോ സമതലവും എല്ലാം തന്റെ ജനത്തിനു നൽകാൻ പോകുന്ന സ്ഥലങ്ങളാണ്. കർത്താവ് മോശയോട് അരുൾചെയ്തു: "ഇതു കാണാൻ ഞാൻ നിന്നെ അനുവദിച്ചു. എന്നാൽ, നീ ഇതിൽ പ്രവേശിക്കുകയില്ല" കർത്താവു പറഞ്ഞതുപോലെ മോശ മൊവാബ് ദേശത്തുവച്ചു മരിച്ചു. ബത്പെയോറിന് എതിരേയുള്ള താഴ്വരയിൽ അവൻ സംസ്കരിക്കപ്പെട്ടു. അവന്റെ ശവകുടീരത്തിന്റെ സ്ഥാനം ആർക്കുമറിവില്ല. ക്രിസ്തീയപാരമ്പര്യമനുസരിച്ച് മോശ നെബോമലയുടെ മുകളിൽവച്ചു മരിച്ചു. മലമുകളിൽത്തന്നെ സംസ്കരിക്കപ്പെട്ടു. മോശയുടെ ശവകുടീരം എവിടെയെന്ന് ആർക്കും അറിഞ്ഞുകൂടാ.

മൗണ്ട് നെബോയെപ്പറ്റി കൃത്യമായ ധാരണയോടുകൂടിയായിരുന്നു തുടർന്നുള്ള ഞങ്ങളുടെ യാത്ര. അതിർത്തിയിലുള്ള ഷെയ്ക്ക് ഹുസൈൻ പാലം കടന്നാൽ ജോർദ്ദാൻ രാജ്യമായി. ക്രിസ്ത്യാനികളും മുസ്ലീംങ്ങളും സമാധാനത്തോടെ ജീവിക്കുന്ന ഒരു അറബിരാജ്യമാണ് ജോർദ്ദാൻ. വളരെ വലിയ രാജ്യമൊന്നുമല്ല. 89342 ചതുരശ്രകിലോമീറ്റർ വിസ്താരമുള്ള ഒരു ചെറിയ രാജ്യം. ഈജിപ്തുമായും ഇസ്രായേലുമായും നല്ല ബന്ധത്തിൽ കഴിയുന്ന രാജ്യം. രാജാവാണ് ഭരണത്തലവൻ. അധികസമയമെടുക്കാതെ ഞങ്ങൾ അമ്മാൻ നഗരത്തിലെത്തി. ജോർദ്ദാന്റെ തലസ്ഥാനമാണ് അമ്മാൻ നഗരം. വളരെ മനോഹരമായും വൃത്തിയായും സൂക്ഷിച്ചിരിക്കുന്ന ഒരു നഗരമാണിത്. കെട്ടിടങ്ങൾക്കെല്ലാംതന്നെ വെളുത്ത നിറം. അമ്മാൻനഗരത്തിന്റെ ജനസംഖ്യ 40.1 ലക്ഷമാണ്. ഏതാനും പഴയ ചരിത്രസ്മാരകങ്ങൾ സഞ്ചാരികളെ ഈ നഗരത്തിലേക്ക് ആകർഷിക്കുന്നു. ഹെർക്കുലീസ് ദേവന്റെ അമ്പലവും അറുപതിനായിരം പേർക്കിരിക്കാവുന്ന റോമൻ ആംഫി തിയേറ്ററും ഈ നഗരത്തിലെ സവിശേഷകാഴ്ചകളാണ്. ജോർദ്ദാന്റെ രാഷ്ട്രീയസാമ്പത്തിക, സാംസ്കാരികകേന്ദ്രവുംകൂടിയാണ് അമ്മാൻ. അമ്മാൻ നഗരത്തിന്റെ ഭംഗി ആസ്വദിച്ചുകൊണ്ടുള്ള ഞങ്ങളുടെ യാത്ര ചെന്നുചേർന്നത് മൗണ്ട് നെബോയിലാണ്. ജബൽ നിബു (Jabal Nibu) ആണ് കാലക്രമത്തിൽ നെബോയായി മാറിയത്. നെബോമലയ്ക്ക് 710 മീറ്റർ (2330 അടി) ഉയരമുണ്ട്.

മലയുടെ മുകൾഭാഗത്തേക്ക് ബസ് ചെല്ലുകയില്ല. അല്പദൂരം ഞങ്ങൾ നടന്നു കയറി. നെബോമലയുടെ മുകൾനിരപ്പിലേക്കു കടക്കുന്ന ഭാഗത്ത് സാമാന്യം വലിയ ഒരു മാർബിൾ ശില കാണാം. അതിൽ ഇപ്രകാരം ആലേഖനം ചെയ്തിരിക്കുന്നു: Mount Nebo Syacha, Memorial of Moses.



**ജോയ് കെ. മാത്യു**

# ജ്വലിക്കുന്ന ഓർമകളോടെ

**കാർഗിൽ വിജയത്തിന് 21 വയസ്സ്**

**കാ**ർഗിൽ നമുക്കു സുപരിചിതമായ ഒരു പേരാണ്. ആ പേര് ഒരു സ്ഥലത്തിന്റെ മാത്രം പേരല്ല. നമ്മുടെ രാജ്യം, ഭാരതഭൂമി നേടിയെടുത്ത ഒരു വലിയ യുദ്ധവിജയത്തിന്റെ പേരാണ്. അത് ഒരു ചതിക്കുമേൽ ഉയർന്നുനിൽക്കുന്ന, ജ്വലിക്കുന്ന സ്മരണകൾ ഉണർത്തുന്ന നാമമാണ്.

നമ്മുടെ കരളുറപ്പുള്ള പട്ടാളക്കാർ ചങ്കിലെ ചോരയും ജീവനും കൊടുത്ത് രാജ്യത്തിനു നേടിത്തന്ന കാർഗിൽ യുദ്ധവിജയത്തിന് ജൂലൈ 26 ന് 21 വയസ്സ് പൂർത്തിയായിരിക്കുന്നു. സേന കാർഗിൽ വിജയ് ദിവസ് ആഘോഷിച്ചു. ഡൽഹിയിലെ യുദ്ധസ്മാരകത്തിൽ രാജ്യത്തിന്റെ അഭിമാനം കാക്കുന്നതിനുവേണ്ടി വീരമൃത്യു വരിച്ച ജവാന്മാരെ അനുസ്മരിച്ച് മന്ത്രിമാരും ഉന്നതോദ്യോഗസ്ഥരും പുഷ്പചക്രം സമർപ്പിച്ചു.

1999 മേയ് മൂന്നിന് താഴ്വരയിൽ ആടുമേയ്ക്കാൻ പോയ താഷിം എന്ന ചെറുപ്പക്കാരൻ അതിർത്തിയിലായി കണ്ടെത്തിയ ചില അസാധാരണ നീക്കങ്ങൾ സമീപത്തെ സൈനികക്യാമ്പിൽ അറിയിക്കുകയും, ആർമി ഓഫീസർമാർ അതിൽ ഗൗരവമായി ഇടപെടുകയും ചെയ്തത് രാജ്യത്തിന്റെ പരമാധികാരത്തിനു നേർക്കുണ്ടായ ശത്രുരാജ്യത്തിന്റെ വികലമായ ഇടപെടൽ കൃത്യസമയത്തു ചെറുത്തുതോല്പിക്കാൻ സഹായകമായി.

സാധാരണമായി ശൈത്യമേറുമ്പോൾ ഇരുസൈന്യങ്ങളും നിയന്ത്രണരേഖയിലെ കാവൽ താത്കാലികമായി അവസാനിപ്പിച്ചു മലയിറങ്ങുകയാണു പതിവ്. എന്നാൽ, 1999 ൽ മലയിറങ്ങിയ പാക്സൈന്യം, ഒരുപറ്റം തീവ്രവാദികളുമായി തിരികെക്കയറുകയായിരുന്നു. അവർ 130 ൽപ്പരം സൈനികപോസ്റ്റുകളിൽ നുഴഞ്ഞുകയറി പിടിമുറുക്കി. ഈ നീക്കമറിഞ്ഞ് 18000 അടി ഉയരെയുള്ള ദ്രാസ് സെക്ടറിലെ സൈനികപോസ്റ്റിലേക്ക് പട്രോളിംഗിനുപോയ ക്യാപ്റ്റൻ സൗരഭ് കാലിയയുടെയും സഹപ്രവർത്തകരുടെയും മൃതദേഹങ്ങളാണ് പിന്നീട് ഇന്ത്യയ്ക്കു ലഭിച്ചത്.

ഇന്ത്യ തിരിച്ചടി പ്ലാൻചെയ്തു. ഇന്ത്യൻ കരസേനയുടെ ഓപ്പറേഷൻ വിജയ്‌യും വ്യോമസേനയുടെ ഓപ്പറേഷൻ സഫേദ് സാഗറും, നാവികസേനയുടെ ഓപ്പറേഷൻ തൽവാറും രൂപംകൊണ്ടു. രണ്ടുലക്ഷത്തിൽപ്പരം പട്ടാളക്കാർ സൈനികനീക്കത്തിൽ പങ്കാളികളായി. യുദ്ധത്തിന്റെ മുൻനിരയിൽ മുപ്പതിനായിരത്തിൽപ്പരം സൈനികർ നേരിട്ടെത്തി. ഇന്ത്യൻ പീരങ്കിപ്പട ബൊഫോഴ്സ് പീരങ്കികളുമായി കാർഗിൽ, ദ്രാസ്, കാക്സർ, മുഷ് കോഹ് തുടങ്ങിയ മേഖലകളിൽ അണിനിരന്നു. ഏതാണ്ട് ഇരുനൂറ്റിയമ്പതിൽപ്പരം പീരങ്കികൾ തുടർച്ചയായി ശത്രുനിരയിലേക്കു നിറയൊഴിച്ചു. മിഗ്, മിറാഷ് ശ്രേണികളിൽപ്പെട്ട യുദ്ധവിമാനങ്ങൾ സൈന്യത്തിനു പിന്തുണയുമായി എത്തി. നാവികസേന തന്ത്രപ്രധാന തുറമുഖങ്ങളുടെ ഉപരോധത്തിനു തയ്യാറായി.

ഇതോടൊപ്പം അന്താരാഷ്ട്രതലത്തിൽ പാക്കിസ്ഥാനുമേൽ സമ്മർദ്ദം ശക്തമായി. അമേരിക്കൻ പ്രസിഡന്റ് ബിൽ ക്ലിന്റൺ പാക്കിസ്ഥാൻസേനയോടു പിന്മാറാൻ ശക്തമായി ആവശ്യപ്പെട്ടു. ജൂലൈ നാലിന് ഏറ്റവും ഉയരെയുള്ള ടൈഗർ ഹിൽ ഇന്ത്യ തിരിച്ചുപിടിച്ചു.

ഇന്ത്യയ്ക്കു ധീരരായ 527 യോദ്ധാക്കളെ നഷ്ടമായി.

വെറും 83 ദിവസംകൊണ്ടു ശത്രുരാജ്യത്തിന്റെ അഹങ്കാരത്തിനു നാം മറുപടികൊടുത്തു. പോരാട്ടത്തിനവസാനം 1999 ജൂലൈ 26 ന് പ്രധാനമന്ത്രി അടൽ ബിഹാരി വാജ്പേയി വിജയദിനമായി പ്രഖ്യാപിച്ചപ്പോൾ അതു രാജ്യത്തിന്റെ യശസ്സ് ഉയർത്തിയ നിമിഷമായിരുന്നു, ഓരോ ഇന്ത്യാക്കാരനും അഭിമാനത്തിന്റെ നിമിഷമായിരുന്നു.

1999 മെയ് മൂന്നിന് ആരംഭിച്ച് ജൂലൈ 26 ന് അവസാനിക്കുമ്പോൾ ആ യുദ്ധം നിരവധി സ്ത്രീകളെ വിധവകളാക്കിയിരുന്നു, അനേകം കു



ഞ്ഞുങ്ങൾക്ക് അവരുടെ പിതാക്കന്മാരെയും അനേകം മാതാപിതാക്കൾക്ക് മക്കളെയും നഷ്ടമായിരുന്നു.

വിവാഹത്തിന്റെ നാല്പതാംനാൾ യുദ്ധഭൂമിയിലേക്കു പോയി പാക്കിസ്ഥാനിശത്രുവിനു കനത്ത നാശം വിതച്ച് ഒടുവിൽ ജ്വലിക്കുന്ന ഓർമയായ തിരുവനന്തപുരം വെങ്ങാനൂർ സ്വദേശി ക്യാപ്റ്റൻ ജെറി പ്രേംരാജ് ഉൾപ്പടെ വീരമൃത്യു വരിച്ച ധീരരായ സൈനികരുടെ ദീപ്തസ്മരണയ്ക്കു മുൻപിൽ നമുക്ക് ആദരാഞ്ജലികളർപ്പിക്കാം.

മരണാനന്തരപുരസ്കാരങ്ങൾ ലഭിച്ചവരും ലഭിക്കാത്തവരുമായ 527 വീരസൈനികരുടെ ജീവൻ നഷ്ടമായ ആ യുദ്ധദിവസങ്ങളിലേക്കു തിരികെപ്പോകാം.

അവരെ രാജ്യത്തിനു സമ്മാനിച്ച പ്രിയപ്പെട്ടവരെ ഓർമിക്കാം. അവരുടെ വേദനയിൽ പങ്കുചേരാം.

□








സൈബർയുഗം

# ലൈക്കിന്റെ അടിമകൾ !



അപർണ എം.

സമീപകാലത്തു നിലവിൽ വന്ന, പ്രശസ്തി (കുപ്രസിദ്ധിയും) നേടിയ ഒരു കംപ്യൂട്ടർ ആപ്ലിക്കേഷനുണ്ട്. യഥേഷ്ടം ആർക്കും എന്തും ചെയ്യാം: നൃത്തമാകട്ടെ, സംഗീതമാകട്ടെ, അനുകരണമാകട്ടെ എന്തും. പക്ഷേ, പലതും സ്വന്തം സർഗ്ഗാത്മകതകൊണ്ടു ചെയ്യുന്നതാവില്ല. സിനിമകളിലെ ദ്വയാർത്ഥപ്രയോഗങ്ങളുടെ വികലമായ അനുകരണങ്ങളോ കാവ്യഭംഗി ചോർന്നുപോയ ഗാനങ്ങളുടെ വരികൾക്കൊപ്പം ചുണ്ടുവക്രിപ്പിക്കലുകളോ ഒക്കെയാണ് കൂടുതലും. നൃത്തമാകട്ടെ, ശരീരപ്രദർശനങ്ങളാണ് (പലരുടെയും) ലക്ഷ്യം. ഇതെല്ലാം ചെയ്യുന്നത് ആളുകൾ 'ലൈക്ക്' എന്ന ബട്ടണിൽ ഒന്നു പ്രസ് ചെയ്യാൻ വേണ്ടിയാണെന്നതാണ് ഏറ്റവും പരിതാപകരം. കുറെയാളുകൾ കണ്ടാൽ തങ്ങൾ 'ഫെയ്മസ്' ആയെന്നാണു പലരുടെയും ധാരണ. കുട്ടികളാണ് ഇതെല്ലാം എന്നു വിചാരിക്കേണ്ടതില്ല. പ്രായഭേദമില്ലാതെ ആളുകൾ ഈ ആപ്ലിക്കേഷന് അടിമകളാണ്. പക്ഷേ, അത് 'അഡിക്ഷൻ' ആണെന്നു പലരും തിരിച്ചറിയുന്നില്ല. കുറെയാളുകൾ തന്നെ ശ്രദ്ധിക്കുമ്പോൾ താൻ പ്രശസ്തനായി എന്നു ചിന്തിക്കുന്നത് എത്ര ബാലിശവും സഹതാപാർഹവുമാണ്! പലർക്കും ആളുകൾക്ക് തങ്ങളെ ഇഷ്ടപ്പെടണമെന്നും നിർബന്ധമില്ല എന്നതാണു മറ്റൊരു കൗതുകം. കണ്ടാൽ മതി. അസഭ്യങ്ങൾ കേട്ടാൽപ്പോലും 'എന്നാലെന്താ പ്രശസ്തനായില്ലേ' എന്ന മട്ടാണ് ചിലർക്ക്. 'ലൈക്കും ഷെയറും' കിട്ടിയാൽ തൃപ്തിയായി. ഇത്തരം ആപ്പിനു മുന്നിലെ കാഴ്ചവസ്തുക്കളാകുന്നു പലരും. കുട്ടികളെ വഴിതെറ്റിക്കാൻ വളരെയെളുപ്പമാണ് ഇവയ്ക്ക്. സമപ്രായത്തിലുള്ള കുട്ടികളുടെ അംഗീകാരം കൊതിക്കുന്ന അവർ, ഇത്തരം ആപ്ലിക്കേഷന് ലഹരിക്ക് അടിപ്പെടുന്നതുപോലെ അടിമകളാക്കപ്പെടുന്നു. സർഗ്ഗാത്മകമായ ചിന്തകളും ശീലങ്ങളും വളരേണ്ട പ്രായത്തിൽ ബുദ്ധിയുള്ള മനസ്സും ഇത്തരത്തിൽ 'വളഞ്ഞു'പോയാൽ കുട്ടികളെ സംബന്ധിച്ച് അവർക്കത് ജീവിതകാലത്തേക്കുള്ള നഷ്ടമാണ്. സർഗ്ഗാത്മകമായ ചിന്തകളും ക്രിയാത്മകതയും ഇല്ലെന്നല്ല, പക്ഷേ കുറവാണ് എന്നു മാത്രം.

മറുവശത്ത് ഇത്തരം സൗകര്യങ്ങൾ ഇല്ലാത്തവരും ഇതുപോലെ 'അഭിനയവും' മറ്റും ചെയ്യാൻ 'കഴിവ്' ഇല്ലാത്തവരും സൗന്ദര്യ സങ്കല്പങ്ങളുടെയും വികലമായ താരാരാധനയുടെയും ഇരകളാകുന്നു. എഡിറ്റിംഗ് സൗകര്യങ്ങളും മേക്കപ്പും മറ്റും ഉപയോഗിക്കുന്നതിനാൽ ഈ വീഡിയോകൾ തയ്യാറാക്കുന്നവരും ഈ മിഥ്യാലോകത്ത് സൗന്ദര്യസങ്കല്പങ്ങളിൽ കുരുങ്ങിപ്പോകുന്നു. സ്വന്തം സൗന്ദര്യം മാറ്റുകൂട്ടി കാണിക്കുമ്പോൾ (ഭ്രമിച്ചുപോകുന്നവരിൽ പെൺകുട്ടികൾ മാത്രമല്ല, ആൺകുട്ടികളും) കൂടുതൽ 'ലുക്ക്' നേടാനായി 'ഫ്രീക്ക്' ആകാൻ ശ്രമിക്കുന്നു. സൗന്ദര്യസങ്കല്പമല്ല, അതൊരു രോഗമാകുന്നതാണ് അപായകരം. നിറത്തിലും കാഴ്ചയിലെ പ്രകടനങ്ങളിലുമാണ് സൗന്ദര്യമെന്നവർ വിശ്വസിക്കുന്നു. ഇത്തരം സങ്കല്പങ്ങൾ അപകർഷതാബോധം വളർത്തുന്നതിനും വിഷാദരോഗത്തിലേക്കു നയിക്കുന്നതിനും മാത്രമേ ഉപകരിക്കൂ. ആത്മഹത്യയിലേക്കുവരെ നയിക്കുന്ന തരത്തിലാണ് ഈ പ്രശ്നങ്ങളുടെ ദുരവസ്ഥ എത്തിനിൽക്കുന്നത്. ആരോഗ്യകരമായ ശീലങ്ങളും ഹോബികളും വളർത്താൻ കുട്ടികളെ പ്രോത്സാഹിപ്പിക്കുക എന്നതാണ് ഇതിനുള്ള പോംവഴി.

സൈബർ ലോകത്ത് താൻ സുരക്ഷിതൻ/സുരക്ഷിത ആയിരിക്കണമെന്ന് സ്വയം തീരുമാനിക്കുക. പഠനത്തിനും തൊഴിലിനും ആരോഗ്യകരമായ വിനോദങ്ങൾക്കുമായി നിരവധി മാർഗ്ഗങ്ങൾ ഇന്റർനെറ്റിൽ ലഭ്യമാണ്. അവ കണ്ടെത്തി പ്രയോജനപ്പെടുത്തുക.

***ലേഖിക എറണാകുളം ഗവ. ലോ കോളജ് ഫൈനൽ ഇയർ വിദ്യാർത്ഥിനിയാണ്***

---

## സൂക്തിമഞ്ജരി

ഡോ. സി.ടി. ഫ്രാൻസീസ്



# വിദ്യയും ധനവും സമ്പാദിക്കണം

**"അജരാമരവത് പ്രാജ്ഞോ വിദ്യാമർത്ഥം ച ചിന്തയേത്
ഗൃഹീത ഇവ കേശേഷു മൃത്യുനാ ധർമ്മമാചരേത്"**

***പ്രാജ്ഞഃ - നല്ല അറിവുള്ളയാൾ; അമരാമരവത് - (അജരനെ) ജരാനരകൾ ബാധിക്കാത്തവനെപ്പോലെയും മരണമില്ലാത്തവനെപ്പോലെയും; വിദ്യാം അർത്ഥം ച - വിദ്യയെയും ധനത്തെയും; ചിന്തയേത് - ചിന്തിക്കട്ടെ; കേശേഷു - തലമുടിയിൽ; മൃത്യുനാ - മരണത്താൽ; ഗൃഹീതഃ ഇവ - പിടിക്കപ്പെട്ടവനെപ്പോലെ, ധർമ്മം ആചരേത് - ധർമ്മം ആചരിക്കട്ടെ.***

"നല്ല അറിവുള്ള മനുഷ്യൻ, വൃദ്ധനായാൽപ്പോലും, താൻ ജരാനരകൾ ബാധിച്ചിട്ടില്ലാത്തവനും മരണമില്ലാത്തവനും ആണെന്നു കരുതി വിദ്യയും ധനവും സമ്പാദിക്കട്ടെ. എന്നാൽ, മരണത്താൽ മുടിയിൽ പിടിക്കപ്പെട്ടവനെപ്പോലെ, (താൻ മരണത്താൽ പിടിക്കപ്പെട്ടവനാണ് എന്നു കരുതി) ധർമ്മം ആചരിക്കുകയും ചെയ്യട്ടെ."

പ്രായമായവരെ നോക്കി പലപ്പോഴും പലരും പറയാറുണ്ട് - ഈ അപ്പൂപ്പൻ എന്തിനാണ് ഇനിയും പഠിക്കുന്നത്? എവിടേക്കാണ് ഇനിയും സമ്പാദിച്ചുകൂട്ടുന്നത്? എന്നൊക്കെ. എന്നാൽ ആർക്കൊക്കെ എത്രകാലം ജീവിക്കാൻ കഴിയും എന്നൊന്നും അറിയാത്ത നാം ഇങ്ങനെയുള്ള പ്രസ്താവനകൾ നടത്തുന്നത് എത്രയേറെ നിരർത്ഥകമാണ്!

മനുഷ്യന്റെ യഥാർത്ഥ മോചനം അറിവിലൂടെയാണെന്ന് മതങ്ങൾ അനുശാസിക്കുന്നു. 'ഞാൻ വഴിയും സത്യവും ജീവനുമാണെ'ന്ന് യേശുക്രിസ്തു പറഞ്ഞതിൽ സത്യമെന്നത് ജ്ഞാനംതന്നെയാണ്. ഹൈന്ദവപാരമ്പര്യമനുസരിച്ച് ഈശ്വരൻ നാരായണനാണ്. നാരായണൻ എന്ന പദത്തിന് നാരം (ജ്ഞാനം) അയനം (മാർഗ്ഗം) ആയവൻ എന്നാണർത്ഥം. അപ്പോൾ ഈശ്വരന്റെ സ്വരൂപവും സാക്ഷാത്കാരമാർഗ്ഗവും ജ്ഞാനമാണെന്നു വരുന്നു; യഥാർത്ഥ ജ്ഞാനസമ്പാദനം ഈശ്വരസാക്ഷാത്കാരവും. ഈ കാഴ്ചപ്പാടിലാണ് വിദ്യ സമ്പാദിക്കുമ്പോൾ നാം അജരരും അമരരുമാണെന്നു കരുതണമെന്നു നിർദ്ദേശിക്കുന്നത്.

ഇനി ധനത്തിന്റെ കാര്യമെടുക്കാം. ധനം പണമാണ്. വ്യവഹാരം, സ്തുതി എന്നീയർത്ഥങ്ങളുള്ള 'പണ' എന്ന ധാതുവിൽനിന്നാണ് പണമെന്ന പദമുണ്ടാകുന്നത്. അപ്പോൾ, പണം വ്യവഹരിക്കാനും സ്തുതിക്കാനുമുള്ളതാണ്. വ്യവഹാരമെന്നാൽ വ്യാപാരം അഥവാ കൊടുക്കൽവാങ്ങൽ. ബാർട്ടർ സമ്പ്രദായം നിലനിന്നിരുന്ന കാലത്ത്, മനുഷ്യൻ തനിക്ക് അധികമുള്ള വസ്തുക്കൾ ആവശ്യമുള്ളവരും തനിക്കുവേണ്ട വസ്തു നൽകാൻ കഴിയുന്നവരുമായ ആളുകളെ കണ്ടെത്തി, അവരുമായി കൊടുക്കൽവാങ്ങലുകൾ നടത്തുകയായിരുന്നു ചെയ്തിരുന്നത്. ഒരാൾ കണ്ടുപിടിക്കുന്ന വ്യക്തി, തനിക്ക് അധികമുള്ള വസ്തു, ആവശ്യമുള്ള ആളായിരുന്നാൽ മാത്രം പോരാ; തനിക്കാവശ്യമുള്ള വസ്തു തരുവാൻ കഴിയുന്നവനുമായിരിക്കണം! ഇത് ഏറെ ക്ലേശകരമാണെന്നു പറയേണ്ടതില്ലല്ലോ. ഈ ക്ലേശമൊഴിവായത് പണത്തിന്റെ വരവോടെയാണ്. കൊടുക്കുന്ന വസ്തുവിന്റെ വില പണമായി ലഭിക്കുന്നു, പണം നൽകി മറ്റൊരിടത്തുനിന്നായാലും ആവശ്യമുള്ള വസ്തു വാങ്ങുകയും ചെയ്യാമല്ലോ. അപ്പോൾ പണം വാങ്ങുന്നയാൾ വാങ്ങുന്നതും, കൊടുക്കുന്നയാൾ കൊടുക്കുന്നതും തങ്ങളുടെ അധ്വാനത്തിന്റെ വിലയാണ്! സ്തുത്യർഹമായവിധം ഒരു പ്രവൃത്തി ചെയ്യുന്നയാളെ സ്തുതിക്കുവാനും പണം ഉപകരിക്കുമല്ലോ? നമ്മുടെ അവാർഡുകളും പുരസ്കാരങ്ങളും ഈ വിഭാഗത്തിൽ ഉൾപ്പെടുന്നവയാണ്.

ഇങ്ങനെയൊക്കെയാണെങ്കിലും ആരെയും കഷ്ടപ്പെടുത്തി ധനം സമ്പാദിക്കരുതെന്നും അർഹതപ്പെട്ടവന് അർഹമായവിധം ദാനം ചെയ്യുന്നതിൽ മടി വിചാരിക്കരുതെന്നും മരണത്തിന്റെ കൈപ്പിടിയിലാണെന്ന വിചാരത്തോടെ ധർമ്മമാചരിക്കണമെന്ന ഉപദേശത്തിലൂടെ സ്പഷ്ടമാകുന്നു.



# ഞാൻ കണ്ട ധാരാവി



ദിയ പയസ്

ഏഷ്യയിലെ ഏറ്റവും വലിയ ചേരിയാണ് ധാരാവി... മുംബൈയുടെ ഹൃദയസ്ഥാനം. കേട്ടറിവുകൾക്കും അപ്പുറമാണ് ധാരാവിയിലെ കാഴ്ചകൾ: വ്യത്യസ്ത മതവിഭാഗങ്ങൾ, പല മതക്കാർ... പല ഭാഷകൾ സംസാരിക്കുന്നവർ... പല സംസ്ഥാനങ്ങളിൽനിന്നു ചേക്കേറിയവർ... 2001 സെൻസസ് പ്രകാരം നാലുലക്ഷംമുതൽ പത്തു ലക്ഷംവരെ ആളുകൾ തിങ്ങിപ്പാർക്കുന്ന ധാരാവിയിൽ ഇന്ന് ജനസംഖ്യ ഇരട്ടിയായി രിക്കുന്നു. തിങ്ങിനിറഞ്ഞ വീടുകൾ... എവിടെ നോക്കിയാലും ആളുകൾ... വീട് എന്നല്ല ഒറ്റമുറി എന്നു വിശേഷിപ്പിക്കുന്നതാവും ശരി. ധാരാവിയുടെ ഉള്ളിലേക്കു കയറുംതോറും ഇരുട്ടിലേക്ക് അടുക്കുന്നപോലെ തോന്നും. വഴിതെറ്റി ഒഴുകുന്ന അഴുക്കുചാലുകൾ... മനുഷ്യരോടൊപ്പം അലയുന്ന തെരുവുനായ്ക്കൾ... നിരനിരയായി കൂട്ടിയോജിപ്പിക്കപ്പെട്ട ഒറ്റമുറിവീടുകൾ... അതാണ് ധാരാവി.

എന്നെ ഞെട്ടിച്ചത് ഇതൊന്നുമല്ല. 400 പേർക്ക് ഒരു ശൗചാലയം. ആ അവസ്ഥ ഒരിക്കലും ചിന്തിക്കാനാവാത്തതാണ്. തീർത്തും വൃത്തിഹീനമായ ഈ അന്തരീക്ഷത്തിലും തികഞ്ഞ സംതൃപ്തിയാണ് ഓരോ മുഖത്തും. ഓടിക്കളിക്കുന്ന കുഞ്ഞിന്റെ മുഖത്തും മൂന്നാം നിലയിൽ താമസിക്കുന്ന ഒമ്പതാം മാസക്കാരി സ്ത്രീയുടെ മുഖത്തും നിഷ്കളങ്കമായ പുഞ്ചിരി ഞാൻ കണ്ടു.

പകർച്ചവ്യാധികൾ പടരാൻ ഒരുപാടു സാധ്യതകളുള്ള ഇടമാണ് ധാരാവി. ശുചിത്വവുമായി ബന്ധപ്പെട്ട പ്രശ്നങ്ങളാണ് ചേരിനിവാസികൾ നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളി. ജനങ്ങളുടെ ആരോഗ്യവുമായി ബന്ധപ്പെട്ട നിരവധി ആശങ്കകൾ ഇവിടെയുണ്ട്. തീർത്തും വൃത്തിഹീനമായ സാഹചര്യത്തിലാണ് കുടിവെള്ളംപോലും ലഭിക്കുന്നത്. 520 ഏക്കറോളം പരന്നുകിടക്കുന്ന ചേരിയിൽ മോഷ്ടാക്കളും പിടിച്ചുപറിക്കാരും ഗുണ്ടകളും കൊള്ളക്കാരുമൊക്കെയുണ്ട്.

എം.എസ്.ഡബ്ല്യു. കോഴ്സിന്റെ നാലാം സെമസ്റ്റർ ഫീൽഡ്‌വർക്കിന്റെ ഭാഗമായാണ് ഞാനും സുഹൃത്തുക്കളും രാജഗിരി കോളജിൽനിന്ന് ധാരാവിയിൽ എത്തിച്ചേർന്നത്. സ്നേഹ എന്ന എൻ ജി ഒ യിൽ ആയിരുന്നു ഞങ്ങളുടെ പ്രവർത്തനങ്ങൾ. അവിടത്തെ ഒരു മാസക്കാലം ഞങ്ങൾക്കു തിരിച്ചറിവിന്റെ ദിനങ്ങളായിരുന്നു. ആഗ്രഹിക്കുന്നതു കിട്ടാത്തതിന്റെ പേരിൽ ജീവിതം അവസാനിപ്പിക്കുന്ന ഇന്നത്തെ തലമുറ ഒരു തവണയെങ്കിലും ധാരാവി കാണണം. എന്നും സുഖലോലുപതയിലേക്കുമാത്രം കണ്ണുംനട്ട് കാലും നീട്ടിയിരിക്കുന്ന ആധുനികസമൂഹത്തിന് ധാരാവി വലിയ തിരിച്ചറിവുകൾ നല്കും, തീർച്ച!

ജനുവരി 15 മുതൽ ഫെബ്രുവരി 15 വരെ ധാരാവിയിൽ ഉണ്ടായിരുന്ന ഞങ്ങൾക്ക്, ധാരാവിയിൽ കൊറോണ വൈറസ്‌വ്യാപനം ഉണ്ടായാൽ അതു തടയാനുള്ള ബോധവൽക്കരണം നൽകണമെന്ന് എങ്ങനെയോ തോന്നി. അന്ന് ചൈനയിൽ അണുബാധ പടർന്നുപിടിക്കുന്ന സമയമായിരുന്നു. മൂന്നു പ്രധാന മേഖലകളിൽ നടത്തിയ ബോധവൽക്കരണത്തിൽ ഞങ്ങളുടെ പ്രതീക്ഷയ്ക്കപ്പുറം, കുട്ടികളും മുതിർന്നവരും വൃദ്ധജനങ്ങളും ഉൾപ്പെടെ ധാരാളം പേർ പങ്കെടുത്തു. ചിത്രങ്ങളും ആക്ഷൻ സോങ്ങുകളും ഉൾക്കൊള്ളിച്ചുള്ള ബോധവൽക്കരണം ആശയവിനിമയം എളുപ്പമാക്കി. സോപ്പ് ഉപയോഗിച്ചു കൈകഴുകുന്ന രീതി ഗാനരൂപത്തിൽ പഠിപ്പിച്ചു. കുറഞ്ഞപക്ഷം കൊവിഡിനെപ്പറ്റി അറിവു നല്കുക, ഗൗരവം ബോധ്യപ്പെടുത്തുക, ജാഗ്രത ജനിപ്പിക്കുക എന്നതായിരുന്നു ലക്ഷ്യം.

നിരവധി മഹാമാരികളുടെയും പ്രകൃതിദുരന്തങ്ങളുടെയും കഥ ധാരാവിക്കു പറയാനുണ്ട്. 1896 ൽ പൊട്ടിപ്പുറപ്പെട്ട പ്ലേഗ് കോളനിയിലെ ആകെ ജനസംഖ്യയിൽ പകുതിയോളം പേരുടെ ജീവൻ എടുത്തിരുന്നു.

2020 ഏപ്രിൽ ഒന്നിനാണ് ധാരാവി ചേരിപ്രദേശത്ത് കൊവിഡ് ആദ്യമായി റിപ്പോർട്ട് ചെയ്തത്. താപനിലയും ഓക്സിജൻ അളവും പരിശോധിക്കാൻ ആരോഗ്യപ്രവർത്തകർ ധാരാവിയിൽ ഏപ്രിൽ മുതൽ 47,500 വാതിലുകളാണ് മുട്ടിയത്. ഏഴു ലക്ഷത്തോളം ആളുകളെ പരിശോധിക്കുകയും പനിക്ലിനിക്കുകൾ സ്ഥാപിക്കുകയും ചെയ്തു. അടുത്തുള്ള സ്കൂളുകളും സ്പോർട്സ് ക്ലബ്ബുകളും ക്വാറന്റൈൻ കേന്ദ്രങ്ങളാക്കി മാറ്റി. രോഗലക്ഷണങ്ങൾ കാണിക്കുന്നവരെ ശുശ്രൂഷിച്ചു. കേസുകൾ വരുന്നതുവരെ കാത്തിരിക്കാതെ വൈറസിനെ പിന്തുടരുകയാണ് അവർ ചെയ്തത്. പ്രാരംഭഘട്ടങ്ങളിൽത്തന്നെ രോഗികളെ ഐസൊലേറ്റ് ചെയ്യുകയായിരുന്നു. മരണനിരക്ക് കുറയ്ക്കുന്നതിനും രോഗമുക്തിക്കും അത് ഏറെ സഹായകമായി. ധാരാവിയിലെ കൃത്യമായ പരിശോധനയും സാമൂഹികാകലം പാലിക്കലുമാണു കൊവിഡ്

**എം.എസ്.ഡബ്ല്യു. കോഴ്സിന്റെ നാലാം സെമസ്റ്റർ ഫീൽഡ്‌വർക്കിന്റെ ഭാഗമായാണ് ഞാനും സുഹൃത്തുക്കളും രാജഗിരി കോളജിൽനിന്ന് ധാരാവിയിൽ എത്തിച്ചേർന്നത്. സ്നേഹ എന്ന എൻജിഒയിൽ ആയിരുന്നു ഞങ്ങളുടെ പ്രവർത്തനങ്ങൾ. അവിടത്തെ ഒരു മാസക്കാലം ഞങ്ങൾക്കു തിരിച്ചറിവിന്റെ ദിനങ്ങളായിരുന്നു. ആഗ്രഹിക്കുന്നതു കിട്ടാത്തതിന്റെ പേരിൽ ജീവിതം അവസാനിപ്പിക്കുന്ന ഇന്നത്തെ തലമുറ ഒരു തവണയെങ്കിലും ധാരാവി കാണണം. എന്നും സുഖലോലുപതയിലേക്കുമാത്രം കണ്ണുംനട്ട് കാലും നീട്ടിയിരിക്കുന്ന ആധുനികസമൂഹത്തിന് ധാരാവി വലിയ തിരിച്ചറിവുകൾ നല്കും, തീർച്ച!**

ശൃംഖല തകർത്തതെന്ന് ലോകാരോഗ്യസംഘടനയും വ്യക്തമാക്കിയിട്ടുണ്ട്.

അപകടസാധ്യതയുള്ള മേഖലകളിൽ സ്ക്രീനിങ് സജീവമായി നടത്തുകയും പൊതുസ്വകാര്യപങ്കാളിത്തം ഉറപ്പാക്കുകയും ചെയ്തു. മുംബൈ മുനിസിപ്പൽ കോർപ്പറേഷൻ സ്വകാര്യഡോക്ടർമാർക്ക് പിപിഇ കിറ്റുകൾ, തെർമൽ സ്കാനറുകൾ, പൾസ് ഓക്സിമീറ്റർ എന്നിവ നൽകി. അപകടസാധ്യതയുള്ള പ്രദേശങ്ങളിൽ മാസ്കുകളും കൈയുറകളും ധരിച്ച് വീടുതോറും സ്ക്രീനിങ് നടത്തുകയും സംശയമുള്ളവരെ വിദഗ്ധ പരിശോധനയ്ക്കും ചികിത്സയ്ക്കും വിധേയമാക്കുകയും ചെയ്തു. സംസ്ഥാന സർക്കാരും മുനിസിപ്പൽ അധികാരികളും സ്വീകരിച്ച സമീപനത്തെ കേന്ദ്രം പ്രശംസിച്ചിരുന്നു. രോഗികളെ ഹാജരാക്കാനും ആശയവിനിമയം നടത്താനും എല്ലാ ആരോഗ്യപ്രവർത്തകർക്കും ആവശ്യമായ സൗകര്യങ്ങൾ ബിഎംസി ചെയ്തു കൊടുത്തു. സ്വകാര്യ പ്രാക്ടീഷണർമാരുടെ ക്ലിനിക്കുകൾ ശുചിത്വവൽക്കരിക്കുകയും അവർക്ക് ആവശ്യമായ പിന്തുണ നൽകുകയും ചെയ്തു.

രോഗം കൂടുതൽ പേരിൽ പടരാൻ തുടങ്ങിയതോടെ പരിശോധനകളുടെ എണ്ണം കൂട്ടുകയാണ് ധാരാവിയിലെ പ്രാദേശികാധികൃതർ ചെയ്തത്. മഹാരാഷ്ട്രയിൽ മാത്രമല്ല, രാജ്യത്തിനകത്തും പുറത്തും ധാരാവിയിലെ കൊവിഡ് പ്രതിരോധപ്രവർത്തനങ്ങൾ ശ്രദ്ധാകേന്ദ്രമായിരിക്കുകയാണ്.









# തോറ്റവന്റെ ജീവിതമാണു വായിക്കേണ്ടത്



വൈഖരി പി. രാജൻ

രാമേശ്വരംമുതൽ രാഷ്ട്രപതിഭവൻവരെയുള്ള ദൂരം അത്ര ചെറുതല്ല. ട്രെയിനിൽനിന്നു വലിച്ചെറിയപ്പെട്ട പത്രക്കെട്ടുകൾ അടുക്കിവയ്ക്കുന്ന പയ്യന്റെ സ്വപ്നങ്ങൾക്ക് അന്നേ ചിറകുമുളച്ചിരുന്നു. 'അവുൽ പകീർ ജൈനുലബ്ദീൻ അബ്ദുൾ കലാം' എന്ന



'ഡോ. എ.പി.ജെ. അബ്ദുൾ കലാം 1931 ഒക്ടോബർ 15 ന് ജൈനുലബ്ദീന്റെയും ആഷിയമ്മയുടെയും ഇളയപുത്രനായി ജനിച്ചു. സ്കൂളിൽ ശരാശരി വിദ്യാർത്ഥിയായിരുന്നിട്ടും കഠിനാധ്വാനംകൊണ്ടും ദൃഢനിശ്ചയംകൊണ്ടും തന്റെ സ്വപ്നങ്ങൾക്ക് അഗ്നിച്ചിറകേകി പറന്നുയർന്ന മനുഷ്യൻ.

ലക്ഷ്യബോധമില്ലാത്ത, ഒരു തലമുറയ്ക്കു പറഞ്ഞുകൊടുക്കുവാൻ പറ്റിയ ഒന്നാന്തരം 'ഇൻസ്പയറിംഗ് സ്റ്റോറി' തനിക്കുണ്ടായിട്ടും ജയിച്ചവന്റെ കഥയല്ല തോറ്റവന്റെ ജീവിതമാണു വായിക്കേണ്ടത് എന്നു പറഞ്ഞ് എ.പി.ജെ. വഴിതുറന്നത് സങ്കീർണതകളും വൈരുദ്ധ്യങ്ങളും നിറഞ്ഞ ജീവിതയാഥാർത്ഥ്യങ്ങളിലേക്കാണ്.

പൈലറ്റാവാൻ കൊതിച്ച്, 'ഇന്ത്യയുടെ മിസൈൽ മാൻ' ആയി മാറിയ അദ്ദേഹം രാഷ്ട്രപതിപദത്തിലേക്കും ഭാരതരത്നയിലേക്കും എത്തിച്ചേർന്ന ഇന്ത്യയുടെ എക്കാലത്തെയും പ്രതിഭാശാലിയായ ശാസ്ത്രജ്ഞനാണ്. ഇന്നും ഉയരങ്ങളിൽനിന്ന് അദ്ദേഹം തന്റെ രാജ്യത്തിന്റെ ഭാവിതലമുറയെ സ്വപ്നം കാണാൻ പഠിപ്പിക്കുന്നുണ്ട്.

ഈ വർഷം കേരളത്തിൽ ആത്മഹത്യ ചെയ്ത വിദ്യാർത്ഥികളുടെ എണ്ണം അമ്പതിനു മുകളിലാണ്. ജീവിതത്തിൽ എല്ലാംതന്നെ 'സിംപിൾ' ആയ നമുക്ക് ആത്മഹത്യയും വെറും 'സിംപിൾ' ആണ്. സ്വപ്നങ്ങൾ ഇല്ലാതെ പോവുന്നതല്ല, മറിച്ച്; ജീവിതത്തിൽ കാലിടറുമ്പോൾ, തോറ്റുപോവുന്നതാണ്. കലാം പറഞ്ഞു: "ജീവിതത്തിലെ ആദ്യപ്രയത്നങ്ങൾ എപ്പോഴും തോൽവികൾ ആയിരിക്കണം. എങ്കിലേ നാം പരാജയഭീതിയിൽനിന്നു പുറത്തു വരൂ" ഈ യാഥാർത്ഥ്യങ്ങളെ ഉൾക്കൊള്ളാൻ ഇന്ന് പല മുതിർന്നവർക്കും സാധിക്കുന്നില്ല. പിന്നെയല്ലേ കുട്ടികൾ! വ്യോമസേനയുടെ പൈലറ്റ് പരീക്ഷയിലെ പരാജയം തെല്ലൊന്നുമല്ല കലാമിനെ വേദനിപ്പിച്ചത്. എട്ടു സീറ്റുള്ളതിൽ ഒമ്പതാമനായാണ് കലാം എത്തിയത്. അവിടെ തന്റെ സ്വപ്നങ്ങളെ അവസാനിപ്പിച്ചിരുന്നുവെങ്കിൽ ഒരിക്കലും ഇന്ത്യയുടെ 'മിസൈൽമാൻ' ഉണ്ടാകുമായിരുന്നില്ല.

കേരളത്തിന്റെ കെ.ആർ. നാരായണനുശേഷം 11-ാമത് രാഷ്ട്രപതിസ്ഥാനാർത്ഥിയായി രംഗത്തുവരുമ്പോൾ രാഷ്ട്രീയചായ്വുകൾ ഏതുമില്ലാതിരുന്നിട്ടും പ്രതിപക്ഷവും ഭരണപക്ഷവും ഒരുപോലെ അംഗീകരിച്ച് ഏകപക്ഷീയമായി തിരഞ്ഞെടുക്കപ്പെട്ടുവെങ്കിൽ അത് കലാം എന്ന മനുഷ്യനിലും ദേശസ്നേഹിയിലുമുള്ള വിശ്വാസമായിരുന്നു. സ്വപ്നങ്ങളുടെ പിന്നാലെ പോയപ്പോൾ കുടുംബജീവിതംപോലും താൻ മറന്നുപോയി എന്ന് 'അഗ്നിച്ചിറകുകൾ' എന്ന ആത്മകഥയിൽ അദ്ദേഹം ഓർമ്മപ്പെടുത്തുന്നുണ്ട്. പക്ഷേ, അന്നും ഇന്ത്യയുടെ ഭാവിയെക്കുറിച്ചു ശരിയായ വീക്ഷണം ഉണ്ടായിരുന്നു. 'മിഷൻ 2020' എന്നൊരു പദ്ധതി കലാം സ്വപ്നം കണ്ടിരുന്നു. 2020 ഓടുകൂടി ഇന്ത്യ ലോകത്തിലെ സാമ്പത്തികശക്തികളിൽ ഒന്നാവുമെന്നു സ്വപ്നം കണ്ട അദ്ദേഹം ഇന്ത്യയെ വികസിതരാഷ്ട്രമാക്കാനുള്ള പദ്ധതികളും ആസൂത്രണം ചെയ്തിരുന്നു. എന്നാൽ, ഈ 2020 ൽ നാം എവിടെയെത്തിനില്ക്കുന്നുവെന്ന് ആലോചിക്കേണ്ടിയിരിക്കുന്നു.

*ഗവേഷണവിദ്യാർത്ഥി, പൊളിറ്റിക്കൽ സയൻസ്, എം.ജി. യൂണിവേഴ്സിറ്റി, കോട്ടയം*



# യാത്ര



ജ്വാല കെ. ആർ.

മന്ദമിറങ്ങി നടന്നീടിനാൾ
ആഴക്കടലിൻ പരപ്പിലൂടെ
ഒരു ചെറുതെന്നൽ വന്നവളോടു ചോദ്യമായ്
എവിടെനിന്നെന്തിനായെങ്ങോട്ടു പോകുന്നു?
ആലസ്യം വിട്ടവൾ ഞെട്ടിയുണരുന്നു
ഒരു കൊടുങ്കാറ്റിന്റെ ഭീകരധ്വനിയിൽ
ആകാശമിരുളിന്റെ കുപ്പായമണിയുന്നു
പുടവതൻ ഞൊറിപോലുയർന്നു കല്ലോലം
ഇരുളാകെപ്പടരുന്നു തിരമാലയലറുന്നു
മാന്ത്രികക്കഥയിലെ യക്ഷിയെപ്പോൽ.
ശ്രദ്ധിച്ചതില്ലവളൊട്ടും ഭയന്നില്ല
ഭീകരസാഗരകാലുഷ്യഭാവവും
നാളത്തെ പുലരിതൻ അർക്കോദയത്തിൽ
ഞാനെത്തിപ്പിടിക്കുമാ സൂര്യബിംബം
ഒന്നുമറിയാതെയുള്ളൊരു യാത്രയല്ലീ-
ക്കടലേഴുമെൻ കാൽക്കീഴിലാക്കുമേ.
അലറിയടുക്കുമാ തിരമാലയിന്നെന്റെ
കാൽതൊട്ടു വന്ദിച്ചു പിൻവാങ്ങി നിൽക്കണം.
ഏഴുകടലിനപ്പുറത്തുണ്ടൊരു-
സുന്ദരിയാമൊരു കൂട്ടുകാരി
ദശാവതാരങ്ങളെത്ര കഴിഞ്ഞെന്ന്
മന്വന്തരങ്ങൾക്കുമറിയാതെ പോയി
തളരുകയില്ലെന്റെ കാലുകളൊന്നുമേ
മുന്നോട്ടുതന്നെ ഗമിക്കയാണിന്നു ഞാൻ
പിന്നിലായൊരു വീഥിയുമെനിക്കില്ല
മുന്നോട്ടുതന്നെയെൻ യാനം തുടരുന്നു.
എന്നെയൊരു നോക്കുകാണുവാനാശിച്ച്
പ്രിയസഖി പ്രകൃതിയും കാത്തിരിക്കുന്നു.
എൻനാമമെന്തെന്നറിയുവാനാശിച്ച്
കാത്തിരിക്കേണ്ട ഞാനാണ് ശക്തി.

*ബി.എ. മലയാളം വിദ്യാർത്ഥിനി*
*സി.എം.എസ്. കോളേജ്, കോട്ടയം*



കടങ്കവിത
കെ. ടി. മാത്യു

## താടി

കാടുകണ്ട താടി
മേടു കണ്ട താടി
നാടു കണ്ട താടി
വീടു കണ്ട താടി
ചോടു വച്ചിട്ടാടി-
നീങ്ങീടുന്ന താടി
താടി നല്ല താടി
താടി വെള്ളത്താടി!

*ഉത്തരം:* അപ്പൂപ്പൻതാടി

# തേടിയ വള്ളി കാലിൽ ചുറ്റി

**കഥയും കാര്യവും**
**സത്യൻ താന്നിപ്പുഴ**

ഈ ലോകത്തു നമ്മുടേതെന്ന് അഹങ്കരിക്കാൻ യാതൊന്നുമില്ല. ഈശ്വരൻ മാത്രമാണ് നമുക്ക് അഭയം. ഈശ്വരവിശ്വാസം വേണം. എങ്കിൽ മനഃസമാധാനം ലഭിക്കും. മറ്റുള്ളവരെ സഹായിക്കുവാൻ കിട്ടുന്ന അവസരം പാഴാക്കരുത്. മറ്റുള്ളവരെ സഹായിച്ചാൽ നമുക്കും മറ്റുള്ളവരിൽനിന്നു സഹായം ലഭിക്കും.

ടോമി ബാലസാഹിത്യകാരനാണ്. അൻപതിൽപരം ബാലസാഹിത്യകൃതികൾ രചിച്ചിട്ടുണ്ട്. തന്റെ പുസ്തകങ്ങൾ ഡിടിപിയും ലേഔട്ടും ചെയ്താണ് പ്രസാധകർക്കു കൊടുക്കുന്നത്.

ഒരു ദിവസം കഥകൾക്ക് ചിത്രങ്ങൾ വരപ്പിക്കാൻ ആളെ അന്വേഷിച്ചു പോയി. ആർട്ടിസ്റ്റിനെ കാണാൻ കഴിഞ്ഞില്ല. തിരിച്ചുപോരുമ്പോൾ ഒരു വൃദ്ധയും ഒരു ബാലികയും ബസ്സിൽനിന്നിറങ്ങി നടന്നുപോകുന്നതു കണ്ടു. നല്ല വെയിൽ. വൃദ്ധ തലയിൽ മുണ്ട് ഇട്ടിട്ടുണ്ട്. നാട്ടിൻപുറത്തേക്കുള്ള വഴിയിലൂടെയാണ് അവർ നടന്നുപോകുന്നത്.

അവർ ആരാണെന്ന് ടോമിക്കറിയില്ല. കാർ നിറുത്തി. അവരെയും കയറ്റി യാത്ര തുടർന്നു. പോകുന്നവഴി വൃദ്ധ പറഞ്ഞു: "ഞാൻ ആശുപത്രിയിൽ പോയതാണ്. ഈ വെയിലത്ത് എങ്ങനെ നടന്നുപോകുമെന്ന് ദൈവത്തെ വിളിച്ചു പ്രാർത്ഥിച്ചു, എന്റെ പ്രാർത്ഥന ദൈവം കേട്ടു. അതാണ് അങ്ങേക്കു ഞങ്ങളെ കാറിൽ കയറ്റാൻ തോന്നിയത്."

"ഞാൻ നിങ്ങൾക്കു പോകേണ്ട വഴിയെയാണു പോകുന്നത്. ചേതമില്ലാത്ത ഉപകാരമല്ലേ? ഞാൻ എന്റെ പുസ്തകത്തിനു പടംവരപ്പിക്കാൻ ഒരു ആർട്ടിസ്റ്റിനെ അന്വേഷിച്ചുപോയതാണ്. അയാൾ സിനിമാക്കാർക്കുവേണ്ടി വരയ്ക്കാൻ പോയി എന്നറിഞ്ഞു. ഇനി പുതിയ ഒരാളെ കണ്ടുപിടിക്കണം."

വിവരം കേട്ടപ്പോൾ വൃദ്ധ പറഞ്ഞു: "എന്റെ മകൻ നല്ല ആർട്ടിസ്റ്റാണ്. അവൻ സ്കൂളിൽ ഡ്രോയിംഗ് മാഷാണ്. അവന്റെ മകനാണ് ഈ കുട്ടി. ഇവനും അച്ഛനെപ്പോലെ വരയ്ക്കും. ജന്മവാസനയാണ്."

ടോമി ആ വൃദ്ധയുടെ വീട്ടിലേക്കു കാറു തിരിച്ചു. അവിടെ ചെന്ന് ആർട്ടിസ്റ്റിനെ പരിചയപ്പെട്ടു.

ടോമി പുതിയ പുസ്തകത്തിന്റെ മാറ്റർ ആർട്ടിസ്റ്റിനെ ഏല്പിച്ചു. അയാൾ മനോഹരമായി ഇല്ലസ്ട്രേഷനും കവർ പേജും വരച്ചുകൊടുത്തു. ടോമിക്കു ചിത്രങ്ങൾ വളരെയേറെ ഇഷ്ടപ്പെട്ടു. "തേടിയ വള്ളി കാലിൽ ചുറ്റി."

സദ്പ്രവൃത്തി ചെയ്താൽ വിചാരിച്ചിരിക്കാതെ സദ്ഫലം കിട്ടും.



# പഠനത്തിലും കൃഷിയിലും വിജയക്കൊയ്ത്തുമായി പാലാക്കാരൻ ജോഫി

ആൻ മരിയ തോമസ്

**ശ**ക്തമായ ബന്ധങ്ങൾക്കുവേണ്ടത് സുന്ദരമായ മുഖമോ ശബ്ദമോ അല്ല; തകർക്കാൻ പറ്റാത്ത വിശ്വാസവും ആഴത്തിലുള്ള സ്നേഹവുമാണ്. അത്തരം ബന്ധങ്ങൾ കാത്തുസൂക്ഷിക്കുന്നവരാണ് കർഷകർ. കാർഷികപാരമ്പര്യമുള്ള ഭാരതത്തിന്റെ അന്നദാതാക്കളാണ് കർഷകർ.

കാലം മാറി, ജീവിതസാഹചര്യങ്ങളും ചിന്താരീതികളും മാറി. കാർഷികമഹത്ത്വം പ്രഘോഷിച്ചിരുന്ന നാം അതിനു വില കല്പിക്കാതെയായി. മാന്യതയില്ലാത്ത ജോലിയും മേഖലയുമൊക്കെയായി കൃഷിയെ ചവിട്ടിത്താഴ്ത്തി. തൊഴിൽസങ്കല്പങ്ങളിൽനിന്ന് കർഷകരെയും കാർഷികമേഖലയെയും പടികടത്തി.

ആരോഗ്യമുള്ള സമൂഹത്തിന്റെ കവചമാണു കർഷകരെന്ന് ബോധ്യമുള്ള ഒരു ചെറിയ സമൂഹമെങ്കിലും നമുക്കിടയിലുണ്ട്. അതിനുള്ള തെളിവാണ് ജോഫി ജെ. ഞാവള്ളിൽ എന്ന യുവകർഷകൻ. ചെറുപ്പംമുതലേ കൃഷിപ്പണികളിൽ അപ്പനോടൊപ്പം സഹകരിച്ചുപോന്ന ഈ പാലാക്കാരന്റെ ഏറ്റവും വലിയ പ്രചോദനവും പിതാവുതന്നെ. പാലാ ഞാവള്ളിൽ ജെയിംസ് - ജാൻസി ദമ്പതികളുടെ മകനാണ് ജോഫി.

കത്തോലിക്കാ കോൺഗ്രസ് പാലാ രൂപത, ലോക്ഡൗൺ കാലത്തു സംഘടിപ്പിച്ച അടുക്കളത്തോട്ടമത്സരത്തിലെ യുവകർഷകനുള്ള അവാർഡ് ജോഫിക്കാണു ലഭിച്ചത്. എസ്.എം.വൈ.എം. പാലാ ഫൊറോന നടത്തിയ മത്സരത്തിലെ മികച്ച യുവകർഷകനുള്ള അവാർഡും ജോഫി കരസ്ഥമാക്കി. പാലാ കൃഷിഭവൻ ഏർപ്പെടുത്തിയ യുവകർഷകനുള്ള അവാർഡ് 2013 ൽ ജോഫിക്കു ലഭിച്ചിരുന്നു.

ലോക്ഡൗൺ കാലത്ത് മടുപ്പ് എന്ന വാക്ക് നിരന്തരം ഉയർന്നപ്പോൾ ജോഫിയിൽ നിന്നു പ്രതിധ്വനിപ്പിച്ചപ്പോൾ അദ്ദേഹത്തിൽനിന്നുയർന്നത് മറ്റൊന്നായിരുന്നു - 'ചാരിതാർത്ഥ്യം'. രാവിലെ 6 മണി മുതൽ 9 മണിവരെയും വൈകുന്നേരം 4 മുതൽ 7 വരെയും അദ്ദേഹം തന്റെ 'ഏദൻതോട്ട'ത്തിൽ ചെലവഴിച്ചു.

ലോക്ഡൗണിന്റെ ആദ്യഘട്ടത്തിൽ ഒരു തവണ പച്ചക്കറി വാങ്ങിയതൊഴിച്ചാൽ പിന്നീട് ഇന്നേവരെ കടയിൽനിന്ന് പച്ചക്കറി വാങ്ങേണ്ടി വന്നിട്ടില്ല ജോഫിക്ക്.

പ്ലാസ്റ്റിക് നിർമാർജ്ജനത്തിന്റെ ഈ കാലഘട്ടത്തിൽ പയർ, പാവൽ തുടങ്ങിയ ചെടികളെ വളർത്തിയെടുക്കാൻ ഇദ്ദേഹം പുതിയൊരു മാർഗ്ഗമാണു സ്വീകരിച്ചിരിക്കുന്നത്. പഴയ സാരി ഒരിഞ്ച് വീതിയിൽ ആവശ്യത്തിന് നീളത്തിൽ മുറിച്ചെടുത്ത് പ്ലാസ്റ്റിക് കയറിനു പകരം പന്തൽനിർമ്മാണത്തിന് ഉപയോഗിക്കുന്നു.

പച്ചക്കറിക്കൃഷിക്കു പുറമേ സുഹൃത്തുക്കളുമായി ചേർന്ന് ഒരു പടുതാക്കുളം നിർമ്മിച്ച് മികച്ച മത്സ്യക്കൃഷിയും ഇദ്ദേഹം നടത്തി വരുന്നു. 21 അടി നീളവും 13 അടി വീതിയും 10 അടി താഴ്ചയുമുള്ള ഈ കുളത്തിൽ 400 ഗിഫ്റ്റ് തിലോപ്പിയ മത്സ്യങ്ങളാണ് വളർന്നുവരുന്നത്. ചാണകം, കോഴിവളം, ചാരം, കരിയില തുടങ്ങിയവയുടെ ഉപയോഗത്തോടൊപ്പം കുമ്മായം വിതറി കൃഷിഭൂമി കൃഷിക്കനുയോജ്യമാക്കിമാറ്റുന്നു. കീടങ്ങളെ തുരത്താൻ വെളുത്തുള്ളി, വേപ്പെണ്ണ, പപ്പായ ഇല എന്നിവകൊണ്ടുള്ള കഷായം, ഉറുമ്പിനെ തുരത്താൻ ഹാൻഡ് വാഷ്- വിനാഗിരി മിശ്രിതം തുടങ്ങിയവ ആഴ്ചയിൽ ഒന്ന് എന്ന കണക്കിന് ഉപയോഗിച്ചുപോരുന്നു.

പൊതുവേ യുവസമൂഹം കാർഷികവൃത്തി ആഗ്രഹിക്കാത്തതിന്റെ പ്രധാന കാരണം കർഷകരോടുള്ള സമൂഹത്തിന്റെ അവഗണനാമനോഭാവമാണെന്ന് ജോഫി ചൂണ്ടിക്കാട്ടുന്നു. കേവലം വിത്തുവിതയ്ക്കലല്ല ഒരു നല്ല കർഷകന്റെ ആത്യന്തികലക്ഷ്യം; അതുവഴി ഫലദായകരായ മനുഷ്യരെ സൃഷ്ടിക്കലാണ്. പ്രതിസന്ധിയുടെ കയത്തിൽ മുങ്ങിത്താഴുന്ന കർഷകർക്ക് ഉന്നതിയുണ്ടാകണമെങ്കിൽ കൃഷിയെയും കർഷകരെയും അംഗീകരിക്കുന്ന ഒരു സമൂഹമുണ്ടാകണമെന്ന് ജോഫി പറയുന്നു. 'സുഭിക്ഷകേരളം' പോലുള്ള പദ്ധതികളും സമയബന്ധിതമായ സൗജന്യവൈദ്യുതിയും പലിശരഹിതവായ്പകളും സമ്മിശ്ര കാർഷികപദ്ധതികളും ആവിഷ്കരിക്കണമെന്നും ജോഫി അഭിപ്രായപ്പെടുന്നു. എം.എഡ്. വിദ്യാർത്ഥിയായ ജോഫി കൃഷിയോടൊപ്പം അക്കാദമിക തലത്തിലും തന്റെ മികവു നിലനിർത്തുന്നു. പാലാ ളാലം പഴയ പള്ളിയിൽ സൺഡേസ്കൂൾ അധ്യാപകനുംകൂടിയാണ് ജോഫി.


ജോഫി ഞാവള്ളിൽ

ഏതായാലും, കൊവിഡ് 19 ന്റെ വരവോടെ മുറ്റത്തിറങ്ങാനും മണ്ണിനെ തൊടാനും നാം ആരംഭിച്ചിരിക്കുന്നു എന്നത് ഒരു ശുഭസൂചനയാണ്. ഒരു കൊച്ചടുക്കളത്തോട്ടം എന്തെല്ലാം തിരക്കുകളുണ്ടെങ്കിലും നമുക്ക് സാധ്യമാണെന്ന് ഇതിനോടകം മനസ്സിലാക്കിയല്ലോ. എന്തിനും ഏതിനും മറ്റു സംസ്ഥാനങ്ങളെ ആശ്രയിക്കാതെ സ്വയംപര്യാപ്തത കൈവരിക്കാൻ സാധിക്കാവുന്ന നാടാണ് നമ്മുടേത്. കർഷകരോടുള്ള അവഗണനാഭാവം ഇനിയെങ്കിലും നാം മാറ്റേണ്ടിയിരിക്കുന്നു. ■





## വിദ്യാർത്ഥിലക്ഷണം

ഇ.പി. ജോർജ്

**ജീ**വിതാന്ത്യംവരെ മനുഷ്യൻ ഒരു വിദ്യാർത്ഥിയാണ്. ഒരു വിദ്യാർത്ഥിക്കുണ്ടായിരിക്കേണ്ട സവിശേഷഗുണങ്ങൾ ഭാരതീയസംസ്കാരത്തിൽ ഇപ്രകാരം വിവക്ഷിക്കുന്നു:

"കാകദൃഷ്ടി, ബകധ്യാനം,
ശ്വാനനിദ്രാ തഥൈവ ച
അല്പാഹാരം ജീർണ്ണവസ്ത്ര-
മേതദ്വിദ്യാർത്ഥിലക്ഷണം"

കാക്കയെപ്പോലെ സൂക്ഷ്മബുദ്ധിയുള്ളവനും കൊക്കിനെപ്പോലെ ധ്യാനനിരതനായിരിക്കുന്നവനും ശ്വാനനെപ്പോലെ ഉണർവോടെയിരിക്കുന്നവനും, അല്പാഹാരം ശീലമാക്കിയവനും ജീർണവസ്ത്രം ധരിക്കുന്നവനും ആരോ, അവനാണ് യഥാർത്ഥ വിദ്യാർത്ഥി.

ആഹാരം ഔഷധമാണ്. അമിതമായി ആഹരിച്ച് കുംഭകർണ്ണനെപ്പോലെ ഉറക്കത്തിനധീനരായി, അലസജീവിതം നയിക്കാതെ, ആർഭാടജീവിതത്തിന് അടിമകളാകാതെ കർമ്മോത്സുകരായി ജീവിക്കണം.

ജീവിതാവശ്യങ്ങൾ നാലു പ്രകാരത്തിലാണ്: ആവശ്യം, അത്യാവശ്യം, അനാവശ്യം, ആഡംബരം. മനുഷ്യനെ സംബന്ധിച്ചിടത്തോളം ആഹാരം, വസ്ത്രം, പാർപ്പിടം ഇവ പ്രാഥമികാവശ്യങ്ങളാണ്. രോഗങ്ങൾ വന്നുപെട്ടാലോ ചികിത്സ അത്യാവശ്യമാണ്. ചില രോഗങ്ങൾക്കു തുടർച്ചയായി മരുന്നു കഴിക്കേണ്ടി വരാം. അതത്യാവശ്യമാണ്. അനാവശ്യമായി ചെലവഴിക്കുന്നതും ആഡംബരഭ്രമത്തിൽ മതിമറന്നു ജീവിക്കുന്നതും നാശത്തിലേക്കു നയിക്കപ്പെടും. ചെറിയ ഒരുദാഹരണത്തിലൂടെ അതു വ്യക്തമാക്കാം:

ഒരു ബിരുദധാരിണി പി.എസ്.സി ഇന്റർവ്യൂവിൽ പങ്കെടുക്കാൻ അയൽക്കാരോട് ഇരന്നു വാങ്ങിയ മുക്കുപണ്ടങ്ങളുമായി സർവ്വാഭരണഭൂഷിതയായി എത്തി. ഇന്റർവ്യൂ ബോർഡിൽ ഉണ്ടായിരുന്നവർ സ്വർണ്ണക്കടക്കാരന്റെ മോളാണോ എന്നു ചോദിച്ചു. ഒടുക്കം സെലക്ഷൻ കിട്ടാതെ മടങ്ങേണ്ടിയും വന്നു. "Pride goes before a fall' എന്ന് ഓർത്തിരുന്നാൽ നന്ന്.

## നിങ്ങൾക്കും എഴുത്തുകാരാകാം

കൂട്ടുകാരേ, നുറുങ്ങുചിന്തകളും മിനിക്കഥകളും കുട്ടിക്കവിതകളും വായിക്കുമ്പോൾ ഇതുപോലൊന്ന് എഴുതിയാലോ എന്നു നിങ്ങൾക്കും തോന്നാറില്ലേ. എങ്കിൽ മടിക്കേണ്ട. ഇന്നുതന്നെ എഴുതിത്തുടങ്ങുക.

സ്കൂൾ-കോളജ് തലങ്ങളിലുള്ള എഴുത്തുകാരെ പ്രോത്സാഹിപ്പിക്കുന്നു. എല്ലാ മാസവും ആദ്യത്തെ ആഴ്ച ദീപനാളം കുട്ടികളോടൊപ്പം

- പ്രതിഭ

# നമുക്കു വേണം കൂടുതൽ സ്വയംഭരണകോളജുകൾ

## വർത്തമാനം





ഡോ. കുര്യാസ് കുമ്പളക്കുഴി



നമ്മുടെ ഉന്നതവിദ്യാഭ്യാസ മേഖലയെക്കുറിച്ചു പ്രതീക്ഷാവഹമായ ഒരു വാർത്തയാണ് ഇക്കഴിഞ്ഞ ദിവസങ്ങളിൽ പുറത്തുവന്നിരിക്കുന്നത്. മൂന്ന് എഞ്ചിനീയറിംഗ് കോളജുകൾക്ക് സ്വയംഭരണപദവി നല്കിയിരിക്കുന്നു. ഇനി നാല് എഞ്ചിനീയറിംഗ് കോളജുകൾക്കും പന്ത്രണ്ട് എയ്ഡഡ് കോളജുകൾക്കുംകൂടി സ്വയംഭരണാവകാശം അനുവദിക്കും.

ആശാവഹമായ മാറ്റത്തിന്റെ സൂചനയാണിത്. കേരളത്തിൽ സ്വയംഭരണകോളജുകൾ അനുവദിക്കാനുള്ള നീക്കത്തെ ശക്തമായി എതിർത്തുപോന്നത് ഇടതുകക്ഷികളും അവരുടെ നിയന്ത്രണത്തിലുള്ള അധ്യാപകസംഘടനകളുമാണ്. അവർ അധികാരത്തിലിരിക്കുമ്പോൾത്തന്നെ അതിൽനിന്നു വ്യതിചലിക്കുന്നു എന്നത്, അവരും യാഥാർത്ഥ്യബോധം ഉൾക്കൊണ്ടുകഴിഞ്ഞിരിക്കുന്നു എന്നാണു വ്യക്തമാക്കുന്നത്.

ഇന്നു വികസിതരാജ്യങ്ങളാകെത്തന്നെ ഉപേക്ഷിച്ചുകഴിഞ്ഞ ഒരു സംവിധാനമാണ് ഉന്നതവിദ്യാഭ്യാസരംഗത്തെ അഫിലിയേഷൻ. സർവകലാശാലകളുടെ അക്കാദമിക് നിയന്ത്രണത്തിൽനിന്നു കോളജുകളെ മോചിപ്പിച്ച് സ്വയം അക്കാദമിക് മികവു നേടാൻ അവയെ പ്രാപ്തമാക്കുന്ന സംവിധാനമാണു സ്വയംഭരണാവകാശം.

പ്രഗല്ഭരായ അധ്യാപകരുടെ കീഴിൽ പ്രതിഭാശാലികളായ വിദ്യാർത്ഥികൾക്കു സ്വാതന്ത്ര്യത്തോടെ വളരാൻ സ്വയംഭരണസംവിധാനം സാഹചര്യമൊരുക്കും. പക്ഷേ, അധ്യാപകരുടെ ഉത്തരവാദിത്വവും ജോലിഭാരവും വർധിക്കും.

അഫിലിയേറ്റിംഗ് സംവിധാനത്തിൽ അധ്യാപകൻ തികച്ചും ലാഘവബുദ്ധിയോടെ പ്രവർത്തിച്ചാൽ മതിയാകും. ആരോ നിശ്ചയിക്കുന്ന പാഠ്യപദ്ധതി, ആരോ തയ്യാറാക്കുന്ന പാഠപുസ്തകങ്ങൾ, ആരോ തയ്യാറാക്കിയ ചോദ്യങ്ങൾക്കു കുട്ടികളെഴുതിയ ഉത്തരങ്ങൾ - ഇത്തരമൊരു സാഹചര്യത്തിൽ അധ്യാപകൻ കേവലമൊരു മീഡിയേറ്റർ മാത്രം.

എന്നാൽ, സ്വയംഭരണസ്ഥാപനങ്ങളിൽ അധ്യാപകന്റെ നിലപാടേ വ്യത്യസ്തമാണ്. അയാളുടെ ഉത്തരവാദിത്വം അഫിലിയേറ്റഡ് സ്ഥാപനങ്ങളിലെക്കാൾ പതിന്മടങ്ങാണ്. അയാൾ സ്വന്തം വിഷയത്തിൽ അഗാധജ്ഞാനം നേടിയ പണ്ഡിതനായിരിക്കണം. അറിവിന്റെ മേഖലയിൽ അനുദിനം സംഭവിച്ചുകൊണ്ടിരിക്കുന്ന ഗുണപരമായ വികസനം ഉൾക്കൊള്ളാൻ അയാൾ സന്നദ്ധനായിരിക്കണം. തന്റെ അധ്യാപനരീതിയിൽ നൂതനമായ തന്ത്രങ്ങൾ പ്രയോജനപ്പെടുത്താൻ ബദ്ധശ്രദ്ധനായിരിക്കണം.

അക്കാദമിക് സ്വയംഭരണത്തിലൂടെ അധ്യാപകരുടെ കഴിവുകൾ വിദ്യാർത്ഥികൾക്കും അതുവഴി രാഷ്ട്രത്തിനും പ്രയോജനപ്പെടുത്താനുള്ള അവസരമാണു സൃഷ്ടിക്കപ്പെടുന്നത്. കുട്ടികൾ എന്തു പഠിക്കണം, എങ്ങനെ പഠിക്കണം, എത്രമാത്രം പഠിക്കണം, എപ്പോൾ പഠിക്കണം, എന്നു കോഴ്സ് പൂർത്തിയാക്കണം, എന്നു പരീക്ഷയെഴുതണം എന്നൊക്കെയുള്ള കാര്യത്തിൽ കൃത്യമായ മാർഗ്ഗനിർദ്ദേശം നല്കുന്നത് അധ്യാപകരാണ്. ചുരുക്കിപ്പറഞ്ഞാൽ, അക്കാദമിക് സ്വയംഭരണം എന്നു പറയുന്നത് അധ്യാപകകേന്ദ്രികൃതമായ ഒരു വിദ്യാഭ്യാസപ്രവർത്തനമാണ്.

സർവ്വകലാശാലകളുടെയും സർക്കാരിന്റെയും അനാവശ്യമായ ഇടപെടലുകളിൽനിന്ന് അക്കാദമിക്‌രംഗം മോചനം നേടുന്ന സാഹചര്യം കോളജ് അധികൃതർക്കും ആശ്വാസകരമാണ്. കാലഘട്ടത്തിന്റെ സ്പന്ദനങ്ങൾക്കനുസൃതമായ അക്കാദമികപരിപാടികളിൽ മാറ്റംവരുത്താൻ കഴിയും. പക്ഷേ, ഇതൊരു വെല്ലുവിളികൂടിയാണ്. കടുത്ത മത്സരക്ഷമത ആവശ്യമുള്ള രംഗമായി ഉന്നതവിദ്യാഭ്യാസരംഗം മാറുമ്പോൾ കണ്ണിലെണ്ണയൊഴിച്ചു കാത്തിരിക്കാൻ അധികൃതർ നിർബന്ധിതരാകും. മികച്ച കോളജുകൾക്കേ സമർത്ഥരായ വിദ്യാർത്ഥികളെ ആകർഷിക്കാൻ കഴിയൂ; പൊതുസമൂഹത്തിൽ സ്വീകാര്യതയുണ്ടാകൂ.

> കാലഘട്ടത്തിന്റെ സ്പന്ദനങ്ങൾക്കനുസൃതമായ അക്കാദമികപരിപാടികളിൽ മാറ്റംവരുത്താൻ കഴിയും. പക്ഷേ, ഇതൊരു വെല്ലുവിളികൂടിയാണ്. കടുത്ത മത്സരക്ഷമത ആവശ്യമുള്ള രംഗമായി ഉന്നതവിദ്യാഭ്യാസരംഗം മാറുമ്പോൾ കണ്ണിലെണ്ണയൊഴിച്ചു കാത്തിരിക്കാൻ അധികൃതർ നിർബന്ധിതരാകും. മികച്ച കോളജുകൾക്കേ സമർത്ഥരായ വിദ്യാർത്ഥികളെ ആകർഷിക്കാൻ കഴിയൂ; പൊതുസമൂഹത്തിൽ സ്വീകാര്യതയുണ്ടാകൂ.

ഇന്ത്യയിൽ സ്വയംഭരണകോളജുകൾ എന്ന ആശയം ചർച്ചാവിഷയമായിട്ട് ഏതാണ്ട് ഏഴു പതിറ്റാണ്ടു കഴിഞ്ഞിരിക്കുന്നു. 1953 ൽ ആഗ്രാ സർവകലാശാലയുടെ ഒരു സെനറ്റുസമ്മേളനത്തിലാണ് ആദ്യമായി ഈ വിഷയം ചർച്ചയ്ക്കു വന്നത്. അതിനു മുമ്പ് 1948 ലെ, ഡോ. എസ്. രാധാകൃഷ്ണൻ ചെയർമാനായ സർവകലാശാലാ കമ്മീഷൻ റിപ്പോർട്ടിൽ ഇതു സംബന്ധിച്ച നിർദ്ദേശങ്ങളുണ്ടായിരുന്നു. അന്നു പക്ഷേ, സാഹചര്യം അനുകൂലമല്ലാതിരുന്നതുകൊണ്ടാവാം അതൊരു ചർച്ചാവിഷയമായില്ല.

1964 ൽ ഇന്ത്യയിലെ കോളജുകളെപ്പറ്റി പഠിക്കാൻ യു.ജി.സി. നിയോഗിച്ച പ്രഫ. ജി.എസ്. മഹാജൻ കമ്മീഷൻ നിലവാരമുള്ള കോളജുകൾക്കു സ്വയംഭരണം നല്കണമെന്നു നിർദ്ദേശിച്ചിരുന്നു. 1965 ൽ സർവകലാശാലാ വിദ്യാഭ്യാസനിലവാരത്തെക്കുറിച്ചു പഠിക്കാൻ നിയോഗിക്കപ്പെട്ട, പ്രഫ. എസ്.കെ.സിദ്ധാന്താ ചെയർമാനായ കമ്മിറ്റിയും സ്വയംഭരണകോളജുകൾ അനുവദിക്കണമെന്നു ശിപാർശ നല്കിയിരുന്നു.

1964 ൽ ഒരു ദേശീയ വിദ്യാഭ്യാസകമ്മീഷനെ ഇന്ത്യാഗവണ്മെന്റ് നിയമിക്കുകയുണ്ടായി. പ്രഫ. ഡി.എസ്. കോത്താരിയായിരുന്നു ചെയർമാൻ. 1966 ൽ കമ്മീഷൻ റിപ്പോർട്ടു സമർപ്പിച്ചു. ഈ റിപ്പോർട്ടിൽ സ്വയംഭരണകോളജുകൾക്കു വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ ഉണ്ടായിരുന്നു. അതിങ്ങനെ:

"അവസാനമായി, ഏറെ വർഷങ്ങളായി ചർച്ച ചെയ്യപ്പെടുന്ന സ്വയംഭരണ കോളജ് പ്രശ്നത്തെക്കുറിച്ചു ചിലതു പറയുവാൻ ഞങ്ങളാഗ്രഹിക്കുന്നു. ഒരു വലിയ സർവകലാശാലയിലെ മികച്ച കോളജിന്, അല്ലെങ്കിൽ, അത്തരം കോളജുകളുടെ ഒരു ചെറുസംഘത്തിന്, സ്വന്തം സംവിധാനത്തിനുള്ളിൽ മികച്ച പുരോഗതി കൈവരിക്കാൻ അതിനു കെല്പുണ്ടെന്നു വ്യക്തമാണെങ്കിൽ, അതിനു സ്വയംഭരണപദവി നല്കുന്ന കാര്യം തീർച്ചയായും പരിഗണിക്കേണ്ടതാണ്. സ്വന്തം പ്രവേശനനിയമങ്ങൾ ഉണ്ടാക്കാനും സ്വതന്ത്രമായി പഠനകോഴ്സുകൾ സംവിധാനം ചെയ്യാനും സ്വന്തമായ പരീക്ഷാരീതികൾ അവലംബിക്കാനും ആ കോളജിന് അധികാരം ഉണ്ടായിരിക്കണം. പൊതുവായ മേൽനോട്ടവും ഡിഗ്രികൾ നല്കാനുള്ള അധികാരവും മാത്രമേ സർവകലാശാലയ്ക്കു വേണ്ടൂ. ഈ അവകാശം കോളജിന് എന്നന്നേക്കുമായി നല്കുകയല്ല, സ്വയംഭരണം തുടർച്ചയായി നേടിയെടുക്കുകയും അതിനുള്ള അർഹത നിലനിർത്തുകയും വേണം."

നാലാം പഞ്ചവത്സരപദ്ധതി അവസാനിക്കുന്ന 1974 ൽ രാജ്യത്തെ ഏറ്റവും മെച്ചപ്പെട്ട അമ്പതു കോളജുകൾക്കെങ്കിലും സ്വയംഭരണപദവി നല്കണമെന്നു കോത്താരിക്കമ്മീഷൻ പ്രത്യേകം നിർദ്ദേശിച്ചിരുന്നു. പക്ഷേ, ആ നിർദ്ദേശം നടപ്പിലാക്കപ്പെട്ടില്ല. ഒരു പദ്ധതിക്കാലംകൂടി അതിനുവേണ്ടി കാത്തിരിക്കേണ്ടിവന്നു.

ഇക്കാര്യത്തിൽ ആദ്യചുവടുവച്ചതു തമിഴ്നാടാണ്. 1978-79 വർഷങ്ങളിൽ മദ്രാസ് സർവ്വകലാശാലയുടെ കീഴിലുള്ള എട്ടു കോളജുകൾക്കും മധുര സർവ്വകലാശാലയുടെ കീഴിലുള്ള നാലു കോളജുകൾക്കും സ്വയംഭരണപദവി ലഭിച്ചു. ഇക്കൂട്ടത്തിൽ ആദ്യനേട്ടം ഉണ്ടാക്കിയതു മദ്രാസ് ലയോളാ കോളജാണ്. 1975 ൽ തന്നെ അവർ സ്വയംഭരണാവകാശത്തിനുവേണ്ടിയുള്ള അപേക്ഷ സമർപ്പിച്ചിരുന്നു. 1978 ജനുവരിയിൽ സ്വയംഭരണപദവി കൈവരിക്കുകയും ചെയ്തു.

കേരളത്തിൽ അധ്യാപകസമൂഹം പൊതുവേ സ്വയംഭരണസംവിധാനത്തോടു വിമുഖത പ്രകടിപ്പിക്കുകയാണു ചെയ്തത്. പ്രത്യേകിച്ച് ഇടത് അധ്യാപകസംഘടനകളും ഇടതു വിദ്യാർത്ഥിസംഘടനകളും. കൂടുതൽ ഉത്തരവാദിത്വം ഏറ്റെടുക്കാനുള്ള മടിയും സ്വന്തം മികവിനെപ്പറ്റിയുള്ള ആത്മവിശ്വാസമില്ലായ്മയുമാവാം ഇതിനു കാരണം. 1989 ൽ കേരളത്തിൽ യുജിസി സ്കെയിൽ നടപ്പാക്കിയപ്പോൾ, അതിനോടനുബന്ധിച്ചുള്ള അക്കാദമിക് മെരിറ്റിന്റെയും പ്രമോഷൻ വ്യവസ്ഥകളുടെയും കാര്യത്തിൽ, അധ്യാപകസംഘടനകളുടെ സമ്മർദ്ദത്തിനുവഴങ്ങി ഇളവുകൾ നല്കാൻ ഗവണ്മെന്റ് നിർബന്ധിതമായ കാര്യവും ഇതോടു ചേർത്തു വായിക്കാം.

പിന്നീട് സ്വയംഭരണകോളജുകൾ അനുവദിക്കാനുള്ള നടപടികളിലേക്കു സർക്കാർ നീങ്ങിയപ്പോൾ അധ്യാപകസംഘടനകളുടെ സംഘടിതനീക്കത്തെയാണ് അഭിമുഖീകരിക്കേണ്ടിവന്നത്. തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളജിന് സ്വയംഭരണപദവി നല്കാമെന്ന വാഗ്ദാനത്തെ സംഘടിതമായി പ്രമേയം പാസ്സാക്കിയാണ് അധ്യാപകർ നിരാകരിച്ചത്.

ഗവണ്മെന്റുമേഖലയിലുള്ള തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളജ്, എറണാകുളം മഹാരാജാസ് കോളജ്, പാലക്കാട് വിക്ടോറിയ കോളജ്, തലശ്ശേരി ബ്രണ്ണൻ കോളജ് എന്നിവയ്ക്കു സ്വയംഭരണം നല്കാനുള്ള സർക്കാരിന്റെയും യു.ജി.സി.യുടെയും നീക്കത്തെ അദ്ധ്യാപകരും അവർക്കൊപ്പം നില്ക്കുന്ന വിദ്യാർത്ഥികളും ചേർന്നു ചെറുത്തുതോല്പിക്കുകയാണുണ്ടായത്. കോളജിന്റെ നിലവാരം വിലയിരുത്താനെത്തിയ യു.ജി.സി. വിദഗ്ധ സമിതിയെ കോളജിൽ പ്രവേശിക്കാൻപോലും അനുവദിച്ചില്ല.

എങ്കിലും 2014 ൽ ഏതാനും എയ്ഡഡ് കോളജുകൾക്കു സ്വയംഭരണപദവി അനുവദിച്ചുകിട്ടി. അക്കൂട്ടത്തിൽ മഹാരാജാസ് കോളജിനും സ്വയംഭരണം സ്വീകരിക്കേണ്ടിവന്നു. അവിടെ പരിശോധനയ്ക്കെത്തിയ വിദഗ്ധ സമിതിയംഗങ്ങളെ യഥാസമയം തടയാൻ സ്വയംഭരണവിരുദ്ധർക്കു കഴിയാതെപോയതാണു കാരണം. അന്നുമുതൽ ഏതു വിധേനയെങ്കിലും അതു നഷ്ടപ്പെടുത്താൻ ചില തത്പരകക്ഷികൾ ഗൂഢശ്രമം നടത്തിക്കൊണ്ടിരിക്കുകയാണെന്നതു രസകരമായ മറ്റൊരു കഥ!

ഇന്ന് ഇന്ത്യയിലാകെ 708 കോളജുകൾക്കു സ്വയംഭരണപദവിയുണ്ട്. അവയിൽ 193 എണ്ണവും തമിഴ്നാട്ടിലാണ്. കേരളത്തിന്റെ വിദ്യാഭ്യാസനേട്ടങ്ങളെയും സാംസ്കാരികപ്രബുദ്ധതയെയുംകുറിച്ച് ഊറ്റംകൊള്ളുന്നവർ നാണിച്ചുതലതാഴ്ത്തേണ്ട വസ്തുതയാണിത്.

ഏതായാലും ഈ ദുസ്ഥിതിക്കു മാറ്റംവരുത്താൻ സംസ്ഥാന ഗവണ്മെന്റു തന്നെ ഇച്ഛാശക്തി പ്രകടിപ്പിച്ചുതുടങ്ങിയിരിക്കുന്നതു ശുഭോദർക്കമാണ്. നമ്മുടെ വിദ്യാഭ്യാസനഭസ്സിലെ നവനക്ഷത്രോദയമായി നമുക്കിതിനെ സ്വാഗതം ചെയ്യാം. ■

# കൃപാഭിഷേകത്തിന്റെ ഏഴു പതിറ്റാണ്ട്

2-ാം പേജ് തുടർച്ച

സംയുക്തക്രൈസ്തവമദ്യവർജ്ജനസമിതിയുടെ ചെയർമാനായും മദ്യവിരുദ്ധജനകീയമുന്നണിയുടെ പ്രസിഡന്റായും പന്ത്രണ്ടു വർഷത്തോളം പിതാവു പ്രവർത്തിച്ചു. ദൈവവിളികളുടെ എണ്ണത്തിലെ റിക്കോർഡ് പിതാവിന്റെ കാലത്തും നിലനിർത്തുവാൻ കഴിഞ്ഞു. ഒട്ടേറെ പുതിയ പള്ളികളും സ്ഥാപനങ്ങളും നിലവിൽവന്നു. പൊതുവേ ശാന്തമായ ഒരു കാലഘട്ടമായിരുന്നു പള്ളിക്കാപറമ്പിൽപിതാവിന്റെ ശുശ്രൂഷാകാലം.

കീഴ്‌വഴക്കമനുസരിച്ച് എഴുപത്തഞ്ചാം വയസിൽ പള്ളിക്കാപറമ്പിൽ പിതാവ് ചുമതലയൊഴിഞ്ഞപ്പോഴാണ് 2004 ൽ വടവാതൂർ സെമിനാരിയിലെ പൗരസ്ത്യവിദ്യാപീഠത്തിന്റെ പ്രസിഡന്റായിരുന്ന ഡോ. ജോസഫ് കല്ലറങ്ങാട്ട് പിൻഗാമിയായി നിയമിക്കപ്പെട്ടത്. പൗരസ്ത്യപാരമ്പര്യങ്ങളിൽ ഉറച്ച വിശ്വാസവും നിലപാടുകളുമുള്ള മാർ ജോസഫ് കല്ലറങ്ങാട്ട് സുറിയാനിഭാഷയിലും വേദശാസ്ത്രവിജ്ഞാനീയത്തിലും പ്രഗല്ഭനായ പണ്ഡിതനാണ്. പ്രഭാഷണകലയിൽ വയലിൽപ്പിതാവിന്റെ സ്കൂളിൽപ്പെടുന്നയാളായാണ് ബിഷപ് കല്ലറങ്ങാട്ട് പരിഗണിക്കപ്പെടുന്നത്. പിതാവിന്റെ സുറിയാനിയിലെ റാസക്കുർബാന അവിസ്മരണീയമായ ഒരനുഭവമാണെന്നു പറയണം. ഒട്ടനവധി ഗ്രന്ഥങ്ങൾ രചിച്ചിട്ടുള്ള അദ്ദേഹത്തിന്റെ ആനുകാലികലേഖനങ്ങളും പ്രൗഢവും പണ്ഡിതോചിതവുമാണെന്നുള്ളതിൽ തർക്കമേതുമില്ല. പിതാവിന്റെ പ്രസംഗങ്ങൾക്കും ലേഖനങ്ങൾക്കും പിന്നിൽ നല്ല ഹോംവർക്കുണ്ടെന്ന് അതു കേൾക്കുന്നവർക്കും വായിക്കുന്നവർക്കും പെട്ടെന്നു മനസ്സിലാകുമെന്നതിലും തർക്കംവേണ്ട.


പാലാ ബിഷപ്സ് ഹൗസ്

പ്രളയക്കെടുതിയും കൊവിഡ് മഹാമാരിയുമുണ്ടായപ്പോൾ മറ്റെല്ലാം മറന്നും മാറ്റിവച്ചും സർക്കാരിന്റെ പ്രളയദുരിതാശ്വാസയജ്ഞങ്ങളിലും കൊവിഡ് പ്രതിരോധപരിശ്രമങ്ങളിലും പാലാ രൂപത ആത്മാർത്ഥമായി പങ്കുചേരുകയുണ്ടായി. പാലാ രൂപതവക ഒട്ടേറെ സ്ഥാപനങ്ങൾ ക്വാറന്റൈൻ ആവശ്യങ്ങൾക്കു വിട്ടുനൽകുകയും ചെയ്തു.

കാർഷികമേഖലയിലെ തകർച്ചയ്ക്കും പ്രതിസന്ധികൾക്കുമെതിരേ ശബ്ദമുയർത്തുന്നതിൽ രൂപതയിലെ സംഘടനകളോടും പ്രസ്ഥാനങ്ങളോടും ചേർന്ന് അവയ്ക്കു നേതൃത്വം നൽകിയും പാലാ രൂപത മറ്റു രൂപതകൾക്കു മാതൃകയായി.

സാമ്പത്തികസമ്മർദ്ദങ്ങൾക്കിടയിലും ദേശീയ കത്തോലിക്കാമെത്രാൻ സമ്മേളനത്തിന് ആതിഥ്യമരുളിയ പാലാ രൂപത അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പണിയും പൂർത്തിയാക്കുകയുണ്ടായി. ഇതിനെല്ലാം പുറമേയാണ് ചേർപ്പുങ്കൽ മാർ സ്ലീവാ മെഡിസിറ്റിയുടെ ആദ്യഘട്ടം വിജയകരമായി പൂർത്തീകരിച്ചതും സാധാരണക്കാർക്കു മിതമായ ചെലവിൽ വിദഗ്ധചികിത്സയ്ക്കുള്ള സൗകര്യമൊരുക്കിയതും. ആദ്യകാലത്തൊക്കെ അതിനെതിരേ ഒട്ടേറെ വിമർശനമുയർത്തിയവർപോലും പിന്നീടു ചേർപ്പുങ്കൽ മെഡിസിറ്റിയുടെ ചികിത്സാസംവിധാനങ്ങൾ തിരിച്ചറിഞ്ഞ് അതിനൊപ്പം നില്ക്കാൻ തയ്യാറായി എന്നതു കല്ലറങ്ങാട്ടുപിതാവിന്റെ ഉറച്ച നിലപാടുകൾക്കുള്ള മറ്റൊരു സാക്ഷ്യപത്രമായി.

ആർച്ചുബിഷപ്പുമാർമാത്രം കമ്മീഷൻ ചെയർമാൻമാരാവുക എന്ന സിബിസിഐ കീഴ്‌വഴക്കം വിട്ട് ആദ്യമായി സിബിസിഐ ദൈവശാസ്ത്രകമ്മീഷന്റെ ചെയർമാനായി ഒരു ബിഷപ്പിനെ തിരഞ്ഞെടുത്തപ്പോൾ ആ പദവി നിയോഗം വന്നതും കല്ലറങ്ങാട്ടു പിതാവിനായിരുന്നു. അൽഫോൻസാമ്മയുടെ നാമകരണനടപടികൾ ഉണ്ടായതും വാഴ്ത്തപ്പെട്ട കുഞ്ഞച്ചന്റെ നാമകരണനടപടികൾ കൂടുതൽ മുന്നോട്ടുപോയതും ഇക്കാലത്തുതന്നെ. ധന്യൻ കദളിക്കാട്ടിലച്ചന്റെ നാമകരണനടപടികളും റോമിൽ കൂടുതൽ മുന്നോട്ടുപോയിട്ടുള്ളതായാണ് മനസ്സിലാകുന്നത്.

ഒരേസമയം മൂന്നു പിതാക്കന്മാരുടെ സാന്നിധ്യത്തിന്റെ അനുഗ്രഹം വളരെ ചുരുക്കം രൂപതകൾക്കു മാത്രമേ സിദ്ധിക്കാറുള്ളൂ. ഇപ്പോൾ ചങ്ങനാശേരി, പാലാ, തൃശൂർ രൂപതകൾക്കാണ് ആ ഭാഗ്യമുള്ളത്. പാലാ രൂപതയിൽ വലിയ പിതാവും, പിതാവും, കൊച്ചുപിതാവുമായിരിക്കുന്നു. പള്ളിക്കാപറമ്പിൽ പിതാവിന്റെ പ്രസാദാത്മകതയും നർമ്മബോധവും പണ്ടേ പ്രസിദ്ധമാണ്. കല്ലറങ്ങാട്ടു പിതാവിന്റെ പാണ്ഡിത്യവും നേതൃസിദ്ധിയും സീറോ മലബാർ സഭയ്ക്കുതന്നെ ഒരു മുതൽക്കൂട്ടും വാഗ്ദാനവുമാണ്.

പാലാ രൂപതയുടെ സഹായമെത്രാൻ അഭിവന്ദ്യ ജേക്കബ് മുരിക്കൻപിതാവ് രൂപതയുടെ കോർപറേറ്റ് മാനേജരായിരുന്ന കാലത്തുതന്നെ നേർനയങ്ങൾക്കും സുതാര്യതയ്ക്കും പ്രസിദ്ധി നേടിയിരുന്നു. ലാളിത്യമാണ് മുരിക്കൻപിതാവിന്റെ മുഖമുദ്ര. അന്യമതസ്ഥനായ ഒരു സഹോദരന് തന്റെ വൃക്കകളിലൊന്നു ദാനം ചെയ്തുകൊണ്ടാണ് മുരിക്കൻപിതാവു ചരിത്രത്തിലേക്കു നടന്നുകയറിയത്. തികഞ്ഞ പ്രകൃതിസ്നേഹിയും പരിസ്ഥിതിവാദിയുമായ പിതാവു സന്ന്യാസത്തിലേക്കു മാറുവാനുള്ള തന്റെ ആഗ്രഹമറിയിച്ചു സഭാനേതൃത്വത്തെ സമീപിച്ചുകൊണ്ടാണിപ്പോൾ മറ്റൊരു ചരിത്രംകൂടി വിരചിച്ചിരിക്കുന്നത്.

സമർത്ഥമായ ഒരു വൈദിക-അല്മായനേതൃത്വവും എക്കാലത്തും പാലാ രൂപതയ്ക്കു സ്വന്തമായിരുന്നു. രാഷ്ട്രീയ-സാമുദായികസാമൂഹികരംഗങ്ങളിലെല്ലാം പാലാ രൂപത തന്റേതായ നിർണായകസാന്നിധ്യം കാലാകാലങ്ങളിൽ തെളിയിച്ചിട്ടുണ്ട്. സ്വാതന്ത്ര്യസമരത്തിലും പില്ക്കാലത്തു വിമോചനസമരത്തിലും പാലാ രൂപതയിൽനിന്നുള്ള അല്മായനേതൃത്വത്തിന്റെ പങ്ക് താരതമ്യമില്ലാത്തതായിരുന്നുവെന്നു ചരിത്രം സാക്ഷ്യപ്പെടുത്തും.

അന്നും ഇന്നും രൂപതാദ്ധ്യക്ഷന്മാർക്കു സമർത്ഥരായ വൈദികനേതൃത്വത്തിന്റെ ശക്തമായ പിൻബലമുണ്ടെന്നതും പാലാ രൂപതയുടെ പ്രത്യേക ഭാഗ്യം തന്നെയെന്നതിലും സംശയമൊന്നുമില്ല. സന്ന്യാസ-സന്ന്യാസിനീസഭാസമൂഹങ്ങളുടെ നേതൃനിരയിലും പാലാ രൂപതയുടെ സജീവസാന്നിധ്യം അന്നും ഇന്നുമുണ്ട്.

സപ്തതിയിലെത്തുമ്പോൾ ദൈവതിരുമുമ്പാകെ പാലാ രൂപതയ്ക്കു പരാതികളൊന്നും പറയാനില്ല എന്നു മാത്രമല്ല, നന്ദി പറയുവാൻ മാത്രമേ കാര്യമുള്ളൂ, കാരണങ്ങളും. അഭിവന്ദ്യ വയലിൽപ്പിതാവ് ആത്മകഥയ്ക്കു നൽകിയ പേരു മാത്രം നാം ആവർത്തിച്ചാൽ മതിയാകും: "ദൈവമേ! നിന്റെ വഴികൾ എത്ര സുന്ദരം!" ◻

# കമ്പ്യൂട്ടർ വിഷൻ സിൻഡ്രോം

## ആരോഗ്യവീഥി



ഡോ. ജ്യോതി വി.എസ്.
*മാർ സ്ലീവാ മെഡിസിറ്റി, പാലാ*

കമ്പ്യൂട്ടർ/ മൊബൈൽ/ ടാബ്‌ലെറ്റ് തുടങ്ങിയവയുടെ സ്ക്രീനുകൾക്കു മുൻപിൽ കൂടുതൽ സമയം ചെലവഴിക്കുന്നവരുടെ കണ്ണിനുണ്ടാകുന്ന അസ്വസ്ഥ്യങ്ങളെയാണ് computer Vision syndrome അല്ലെങ്കിൽ Digital eye strain എന്നതുകൊണ്ടുദ്ദേശിക്കുന്നത്.

ഈ ലോക്ഡൗൺ കാലത്ത് ജോലി സംബന്ധമായും (work from home) പഠനാവശ്യങ്ങൾക്കും (online class) മറ്റുമായി ഒരുപാടു സമയം നമ്മൾ സ്ക്രീനുകൾക്കു മുൻപിൽ ചെലവഴിക്കാറുണ്ട്. ദിവസേന രണ്ടു മണിക്കൂറിൽ കൂടുതൽ തുടർച്ചയായി കമ്പ്യൂട്ടർ ഉപയോഗിക്കുന്നവരിൽ ഇതു സാധാരണമായി കാണപ്പെടുന്നു.

**എന്താണു കാരണം?**

കടലാസിൽ എഴുതിയ അക്ഷരങ്ങൾ ഫോക്കസ് ചെയ്യുക എളുപ്പവും കമ്പ്യൂട്ടർ അക്ഷരങ്ങൾ ഫോക്കസ് ചെയ്യാൻ ബുദ്ധിമുട്ടുമാണ്. കമ്പ്യൂട്ടർ സ്ക്രീനിലെ അക്ഷരങ്ങളുടെ നടുഭാഗം വെളിച്ചമേറിയതും വശങ്ങളിലേക്കു കുറവുമാണ്. ഇതുകാരണം കൂടുതൽ സമയം ഫോക്കസ് ചെയ്യേണ്ടിവരുകയും കണ്ണിന്റെ പേശികൾക്കു തളർച്ചയും കണ്ണിനു കഴപ്പും അനുഭവപ്പെടുകയും ചെയ്യുന്നു.

സാധാരണ നമ്മൾ കണ്ണുചിമ്മുന്നത് മിനിറ്റിൽ 16-20 തവണയാണ് (blinking rate). ദീർഘനേരം സ്ക്രീനിൽ നോക്കിയിരിക്കുമ്പോഴും സ്ക്രീനിന്റെ സ്ഥാനം മുഖത്തിനേക്കാൾ ഉയർന്നിരിക്കുമ്പോഴും നമ്മുടെ കൺപോളകൾ വിടർന്നിരിക്കുകയും ചിമ്മൽ കുറയുകയും ചെയ്യും. ഇതുമൂലം കണ്ണിന്റെ നനവ് നഷ്ടപ്പെടുകയും കണ്ണിനു പുക ചൊറിച്ചിൽ തുടങ്ങിയവ ഉണ്ടാവുകയും ചെയ്യുന്നു.

**ബുദ്ധിമുട്ടുകൾ**

- തലവേദന
- കണ്ണിന് കഴപ്പ്
- കണ്ണിന് പുകച്ചിൽ
- വാക്കുകൾ രണ്ടായി കാണുക
- കാഴ്ചക്കുറവ്
- കഴുത്തു വേദന/ തോൾ വേദന

**ശ്രദ്ധിക്കേണ്ടവ**

**കണ്ണുകൾക്ക്**

- കണ്ണുകൾ ഇടയ്ക്കിടെ ചിമ്മുക.




- ആവശ്യമെങ്കിൽ ലൂബ്രിക്കേറ്റിങ്ങ് തുള്ളിമരുന്നുകൾ(tear drops) വാങ്ങി 3-4 തവണ വച്ച് ഉപയോഗിക്കുക.

**20-20-20 നിയമം**

- 20 മിനിറ്റ് കമ്പ്യൂട്ടർ സ്ക്രീൻ തുടർച്ചയായി ഉപയോഗിച്ചാൽ 20 സെക്കന്റ് നേരത്തേക്ക് 20 അടി അകലേക്കു നോക്കി വിശ്രമം പാലിക്കുക.

**പൊതുവിൽ ശ്രദ്ധിക്കേണ്ടവ**

- മുറിയിൽ ശരിയായ വെളിച്ചം ഉണ്ടായിരിക്കുക.
- സ്ക്രീനിലേക്ക് വെട്ടം പ്രതിഫലിക്കുന്ന സാഹചര്യം ഒഴിവാക്കുക.
- ആവശ്യമെങ്കിൽ ആന്റിഗ്ലാസ് സ്ക്രീൻ ഉപയോഗിക്കുക.
- സ്ക്രീൻ കണ്ണുകളിൽനിന്ന് 20-28 ഇഞ്ചെങ്കിലും അകലെയും 4-5 ഇഞ്ച് താഴെയുമായും ക്രമീകരിക്കുക.
- സ്ക്രീൻ തുടച്ചു വൃത്തിയാക്കി ഉപയോഗിക്കുക.
- എ.സി. യുടെ മുന്നിലിരിക്കുന്നത് ഒഴിവാക്കുക.

◻



*പ്രസിദ്ധ സുറിയാനി മല്പാനും ചരിത്രപണ്ഡിതനും കുറവിലങ്ങാട് ബേസ് അപ്രേം നസ്രാണി ദയറായുടെ സ്ഥാപകനുമായ കൂനമ്മാക്കൽ തോമ്മാക്കത്തനാരുടെ 'ദി എക്ലേസിയോ ലിറ്റർജിക്കൽ ഐഡന്റിറ്റി ഓഫ് ദി ചർച്ച് ഓഫ് ഹെന്ദോ' എന്ന ഗ്രന്ഥം രാമപുരം സെന്റ് അഗസ്റ്റിൻ ഫൊറോനാപ്പള്ളി വികാരിയും മാർ ആഗസ്തീനോസ് കോളജ് മാനേജരുമായ ഫാ. ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ, മാർ ആഗസ്തീനോസ് കോളജ് പ്രിൻസിപ്പൽ ഡോ. ജോയ് ജേക്കബിനു നൽകി പ്രകാശനം ചെയ്യുന്നു. ജോയി മുത്തോലി, ജോണി വാലുമ്മേൽ, അനിൽ മാനുവൽ, ഷാജി അഗസ്റ്റിൻ, ഫാ. ജോസഫ് ആലഞ്ചേരിൽ, അപ്പച്ചൻ കക്കോഴയിൽ, ബെന്നി കച്ചിറമറ്റം എന്നിവർ സമീപം.*



നോവൽ 19

# അഗസ്ത്യായനം

ഗിരീഷ് കെ. ശാന്തിപുരം



## നാലുമണിക്കാറ്റ്

**കു**ഞ്ഞച്ചൻ കൂടുതൽ ജാഗരൂകനായി കർമ്മനിരതനായി. മറ്റുള്ളവരെ വിശ്വാസത്തിലും ക്രിസ്തുവിന്റെ ചൈതന്യത്തിലും ഉറപ്പിച്ചുനിർത്തുവാൻ കുഞ്ഞച്ചനു കുറച്ചൊന്നുമല്ല പാടുപെടേണ്ടിവന്നത്. കൂടക്കൂടെ അവശക്കത്തോലിക്കരുടെ ഭവനങ്ങൾ അദ്ദേഹം സന്ദർശിച്ചുകൊണ്ടിരുന്നു. ഓരോരുത്തരെയും മുഖാമുഖം കണ്ടു സംസാരിച്ചു. അവരുടെ എല്ലാ കാര്യങ്ങളിലും താത്പര്യപൂർവ്വം ഭാഗഭാക്കായി. ഒരു ഇടയനെപ്പോലെ അദ്ദേഹം അവരെ മനംതെറ്റിപ്പോകാതെ സംരക്ഷിച്ചു. നാല്പത്തിയഞ്ചിൽ യുദ്ധം അവസാനിക്കുന്നതുവരെ കുഞ്ഞച്ചന് ഭഗീരഥപ്രയത്നം തന്നെയായിരുന്നു.

ആയിടയ്ക്കാണ് രാമപുരംകാരായ മൂന്നു കൊച്ചച്ചന്മാർ പുത്തൻകുർബാന ചൊല്ലിയത്. അതിലൊരാളായ വള്ളുവൻകോട്ട് തോമാ അച്ചൻ രാമപുരത്ത് അസിസ്റ്റന്റായി നിയമിക്കപ്പെട്ടു. കുഞ്ഞച്ചന്റെ നിർദ്ദേശപ്രകാരം ദളിത്മക്കളുടെ കാര്യാദികൾകൂടി അന്വേഷിക്കാൻ അദ്ദേഹം തയ്യാറായി. കുഞ്ഞച്ചനെ സംബന്ധിച്ചിടത്തോളം വലിയൊരനുഗ്രഹമായി.

അങ്ങനെയൊരോർമ്മ ഒരാശ്വാസത്തിന്റെ വെള്ളിവെളിച്ചം പോലെ കുഞ്ഞച്ചന്റെ പ്രജ്ഞയിലേക്കു കടന്നുവന്നു. അപ്പോൾ തന്റെ ദളിത് മക്കൾ അനാഥരല്ല. അവർക്ക് എല്ലാറ്റിനും വള്ളുവൻകോട്ടച്ചനുണ്ട്.

എങ്കിലും മനസ്സിനകത്ത് ഒരു കടൽ കിടന്നിളകുന്നുണ്ട്. കാലചക്രത്തിന്റെ അടരുകളിൽനിന്ന് കർമ്മപഥങ്ങൾ വേർപെട്ടുപോകുന്നു. അകക്കണ്ണാൽ പിൻതിരിഞ്ഞുനോക്കുമ്പോൾ ഇടുങ്ങിയതും എന്നാൽ വിജനവുമായ ഒരിടവഴി കാണാവുന്നു. അത് കയറിപ്പോകുന്നത് ഒരു കുന്നിൻമുകളിലേക്കാണ്.

കുന്നിൻമുകളിൽ ഒരു നഗരം സ്ഥിതിചെയ്യുന്നു. സൂര്യകാന്തവും നീലരത്നവും മാണിക്യവും മറ്റു വിലപ്പിടിപ്പുള്ള രത്നങ്ങളും കൊണ്ടും അടിസ്ഥാനം തനിത്തങ്കംകൊണ്ടും പണിതു മനോഹരമായ ഒരു നഗരം. നഗരകവാടത്തിൽ ഒരു സ്ത്രീയെ കുഞ്ഞച്ചനു കാണാവുന്നു.

സൂക്ഷിച്ചുനോക്കുമ്പോൾ കുഞ്ഞച്ചന് സന്ദേഹം ഇരട്ടിക്കുന്നു. ആരാണത്? അഴകോനിയോ...? അതോ തേനാംകിളിയോ?

നഗരത്തിനു മുകളിലുള്ള ആകാശം പ്രകാശത്തിന്റെ മയൂഖവീചികൾ ഭൂമിയിലേക്കയച്ച് കുഞ്ഞച്ചനോടു പറഞ്ഞു:

"അത് തേനാംകിളിതന്നെ."

അപ്പോൾ കുഞ്ഞച്ചൻ ചക്കാമ്പുഴ എന്ന ഗ്രാമം കാണുന്നു. അവിടെ ഒരു ചെറ്റക്കുടിൽ. തീരെ പൊക്കം കുറഞ്ഞ കുഞ്ഞച്ചനുപോലും കുനിഞ്ഞു കടക്കേണ്ടുന്ന മുൻവാതിൽ. കുഞ്ഞച്ചൻ തലയും ശരീരവും കുനിച്ച് അകത്തേക്കു കടക്കുന്നു.

അകത്ത് ഒരു കീറപ്പായിൽ ഒരു സ്ത്രീ മരണാസന്ന എന്ന പോലെ കിടക്കുന്നു. കുഞ്ഞച്ചൻ അടുത്തുചെന്ന് കുനിഞ്ഞുനിന്ന് ക്ഷേമാന്വേഷണങ്ങൾ നടത്തുന്നു.

"പോ കുഞ്ഞച്ചാ... എന്റെയടുത്തൂന്നു പോ... കുഞ്ഞച്ചൻ വന്നേക്കുന്നൂ." ചിലമ്പിയ ശബ്ദത്തിൽ അവൾ കുഞ്ഞച്ചനോട് അനിഷ്ടം അറിയിച്ചു. യാതൊരു ഭാവഭേദവും കൂടാതെ കുഞ്ഞച്ചൻ പുറത്തു കടന്ന് രാമപുരത്തേക്കു നടകൊള്ളുന്നു.

ഒരുദിവസം മുഴുവൻ കർത്താവിനെ പ്രഘോഷിക്കുവാനുള്ള മാർഗ്ഗം നമ്മൾ ചെയ്യുന്ന ജോലി ആത്മാർത്ഥതയോടുകൂടി ചെയ്യുകയാണെന്ന് കുഞ്ഞച്ചനറിയാമായിരുന്നു.

അതുകൊണ്ടുതന്നെ കുഞ്ഞച്ചൻ തേനാംകിളിയെ സന്ദർശിച്ചത് ഒന്നും രണ്ടും വട്ടമായിരുന്നില്ല; പതിനെട്ടുവട്ടം. മാത്രമല്ല, അവർക്കു വേണ്ടുന്ന എല്ലാ സഹായങ്ങളും കുഞ്ഞച്ചൻ എത്തിച്ചുകൊടുത്തിരുന്നു. തേനാംകിളിയുടെ മക്കളിൽ ചിലരും ബന്ധുക്കളിൽ ചിലരും ക്രിസ്തുമതം സ്വീകരിച്ചിരുന്നു. പക്ഷേ, തേനാംകിളി മാത്രം അതിനൊരുക്കമായിരുന്നില്ല.

പക്ഷേ, ഒരിക്കൽ കാലത്തിന്റെ നാഴികമണി മരണത്തിന്റെ യാമങ്ങളെണ്ണുന്നത് തേനാംകിളി കേട്ടു. അവർ പറഞ്ഞു: "ഏന് കുഞ്ഞച്ചനെ കാണണം."

വാർത്ത കുഞ്ഞച്ചന്റെ കാതുകളിലെത്തി. താമസംവിനാ കുഞ്ഞച്ചൻ തേനാംകിളിയുടെ കൂരയിലെത്തി.

"എനക്ക് മാമ്മോദീസാ വേണം." തേനാംകിളി പറഞ്ഞു.

കുഞ്ഞച്ചൻ അവരെ സ്നാനപ്പെടുത്തി സ്വർഗ്ഗത്തിന്റെ ഓഹരിക്കാരിയാക്കി. രണ്ടോ മൂന്നോ നാഴികകൾക്കകം തേനാംകിളി ഈ ഭൂമിയിൽ തന്റെ ദേഹമുപേക്ഷിച്ച് സ്വർഗ്ഗത്തിന്റെ പടവുകൾ കയറി.

തന്റെ സ്വപ്നദർശനങ്ങൾക്കുമീതെ ഒരു ധവളവർണത്തിരശ്ശീല വീണപ്പോൾ കുഞ്ഞച്ചനിൽനിന്ന് മലമുകളിലെ നഗരവും നഗരകവാടത്തിലെ സ്ത്രീയും അന്യമായപ്പോയി.



ആരോ തുറന്ന ജാലകത്തിലൂടെ അകത്തേക്കു വന്ന വെളിച്ചത്തിലേക്കാണ് കുഞ്ഞച്ചൻ കണ്ണുമിഴിച്ചത്. ആരാണ് ജാലകം തുറന്നത്, ആരാണ് തന്റെ കാലുകൾ തടവുന്നത്...? കുഞ്ഞാഗസ്തിയോ അതോ കുഞ്ഞോ... അല്ലെങ്കിൽ വല്യമാണിയോ...?

മുറിക്കുള്ളിലെ അരണ്ട വെളിച്ചത്തിൽ കുഞ്ഞച്ചന് ഒന്നും വ്യക്തമായില്ല. തേവർപറമ്പിൽനിന്ന് ആരെങ്കിലും തന്നോടൊപ്പമുണ്ടാകുമെന്ന് കുഞ്ഞച്ചനറിയാമായിരുന്നു.

തന്റെ ശരീരത്തിന്റെ ക്ലേശങ്ങൾ ആരറിയാൻ...? തന്റെ ആത്മാവിന്റെ പീഡകൾ... അതിന്റെ വ്യസനങ്ങൾ...?

എല്ലാറ്റിനുമുപരി തന്റെ ദളിത് മക്കളെക്കുറിച്ചോർത്തപ്പോൾ കുഞ്ഞച്ചൻ ചുട്ടുപൊള്ളുന്ന മരുഭൂമിക്കു നടുവിൽ ചിറകുതളർന്ന പക്ഷിക്കുഞ്ഞിനെപ്പോലെയായി. മരണത്തിന്റെ കാവൽദൂതൻ ചാരത്തെവിടെയോ നില്ക്കുന്നതുപോലെ കുഞ്ഞച്ചനു തോന്നി.

തനിക്കുള്ള സമയം സമാഗതമായിരിക്കുന്നുവെന്ന് കുഞ്ഞച്ചൻ കണ്ടു. ഈ വഴിയമ്പലത്തിലെ പാർപ്പവസാനിപ്പിച്ച് തന്റെ സ്വദേശത്തേക്കുള്ള മടക്കയാത്രയ്ക്കുള്ള നേരം. ഈ ഭൂമിയിലേക്കു വന്നതുതന്നെ മടങ്ങിപ്പോകാനാണ്. യാത്രയ്ക്കുള്ള സമയമാകുമ്പോൾ ദൈവം പേരേടുകളിൽനിന്ന് ഓരോരുത്തരെയായി പേരുചൊല്ലി വിളിക്കും. നമ്മൾ മടങ്ങിയേ മതിയാകൂ.

അതിൽ കുഞ്ഞച്ചന് ഒട്ടും ഭയമോ ദുഃഖമോ തോന്നിയിട്ടില്ല.

മരണം കാലത്തിന്റെ അനിവാര്യതയാണ്. അതിലുപരി അത് മാനവന്റെ നിയോഗമാണ്. എന്തെന്നാൽ, മനുഷ്യൻ കാലത്തിലൂടെയാണ് കടന്നുപോകുന്നത്.

പക്ഷേ, തന്റെ ദളിത്മക്കളെക്കുറിച്ചോർത്തപ്പോൾ കുഞ്ഞച്ചന്റെ ഹൃദയത്തിൽ ഒരു ഭാരം തൂങ്ങി. എങ്കിലും മനസ്സിന്റെ ഉഷ്ണസ്ഥലികൾക്കപ്പുറത്ത് കുഞ്ഞച്ചൻ ആശ്വാസത്തിന്റെ ഒരു മരുപ്പച്ച കണ്ടു. വള്ളുവൻകോട്ടച്ചൻ. ദളിത്മക്കൾക്കിപ്പോൾ വള്ളുവൻകോട്ടച്ചനുണ്ട്. തന്നെക്കാൾ എത്രയോ സമർത്ഥൻ. തന്നേക്കാൾ എത്രയോ ചെറുപ്പം.

എങ്കിലും... കുഞ്ഞച്ചന്റെ ആശ്വാസം പൂർണമായിരുന്നില്ല. ഹൃദയത്തിൽ ദളിത്മക്കളെ പ്രതി കുഞ്ഞച്ചൻ ഒരു നീറ്റൽ അനുഭവിച്ചു.

കാലത്തിന്റെ ഗതിവിഗതികളും ദൈവത്തിന്റെ അംഗുലീയ ചലനങ്ങളും ആരറിയുന്നു. മനുഷ്യന്റെ കണക്കുകൂട്ടലുകൾക്കും കിഴിക്കലുകൾക്കുമെത്രയോ അപ്പുറത്താണതൊക്കെ. അതുകൊണ്ടാണല്ലോ ഒരദ്ഭുതംപോലെ കുഞ്ഞച്ചൻ രോഗവിമുക്തനായത്. അപ്പോൾ ദൈവം തന്നിൽനിന്ന് എന്തൊക്കെയോ ഇനിയും പ്രതീക്ഷിക്കുന്നുവെന്ന് കുഞ്ഞച്ചൻ കണ്ടു.

അസുഖത്തിൽനിന്നു മോചിതനായെങ്കിലും ശരീരത്തിന്റെ ക്ഷീണവും അനാരോഗ്യവും കുഞ്ഞച്ചനെ വിട്ടൊഴിഞ്ഞിരുന്നില്ല. എങ്കിലും അദ്ദേഹം ദളിത്മക്കൾക്കായുള്ള പ്രവർത്തനങ്ങളിൽ പൂർവാധികം ശ്രദ്ധയോടെ വ്യാപൃതനായി.

ആയിടയ്ക്കാണ് ബഹുമാനപ്പെട്ട കച്ചിറമറ്റത്തിൽ ആഗസ്തിയച്ചൻ രാമപുരത്ത് അസിസ്റ്റന്റായി നിയമിതനാകുകയും വള്ളുവൻകോട്ടച്ചൻ പാലാ കത്തീഡ്രൽ പള്ളിയിലേക്കു സ്ഥലം മാറിപ്പോവുകയും ചെയ്തത്.

കുഞ്ഞച്ചൻ കച്ചിറമറ്റത്തിലച്ചനെ ദളിത്മക്കളുടെ കാര്യാദികൾ ഭരമേല്പിച്ചു.

"ഇനി അച്ചൻ വേണം ദളിത്മക്കളുടെ കാര്യങ്ങൾ നോക്കാൻ."

"എനിക്കാവതെല്ലാം അവർക്കുവേണ്ടി ചെയ്യാം കുഞ്ഞച്ചാ. എല്ലാക്കാര്യത്തിനും കുഞ്ഞച്ചനുണ്ടല്ലോ കൂടെ."

കൊച്ചച്ചനെ കേട്ട് കുഞ്ഞച്ചൻ പുഞ്ചിരിച്ചു. പിന്നെ പറഞ്ഞു.

"ഞാൻ ഇനി എത്രകാലം?"

ആ വാക്കുകളിൽ കുഞ്ഞച്ചന്റെ ആത്മാവിന്റെ ഒരു വിങ്ങലുണ്ടെന്ന് കൊച്ചച്ചൻ അറിഞ്ഞു.

അങ്ങനെയൊന്നും ചിന്തിക്കേണ്ട. കുഞ്ഞച്ചനെക്കൊണ്ട് ഇനിയും കർത്താവിന് ഒരുപാട് കാര്യങ്ങൾ ചെയ്യാനുണ്ട്.

കുഞ്ഞച്ചനും അങ്ങനെ തന്നെ വിശ്വസിച്ചു. "അവനെക്കൊണ്ട് ആവതില്ലാത്തത് എന്ത്? അവന്റെ രാജത്വം എല്ലാറ്റിനെയും ദർശിക്കുന്നു. ഏലിയാവിനുവേണ്ടി ഒരു കാക്കയെയും യോനായ്ക്കുവേണ്ടി ഒരാവണക്കും ലാസറിനുവേണ്ടി ഒരു നായേയും അവൻ കരുതി. തന്റെ പ്രവാചകനുവേണ്ടി ഒരു തിമിംഗലത്തേയും അവൻ ഒരുക്കി."

അവൻ ഇരുമ്പിനെ ഒഴുകുമാറാക്കുന്നു. പാറയെ പിളരുമാറാക്കുന്നു. അവൻ കാറ്റിനെയും കടലിനെയും ശാസിക്കുകയും ശാന്തമാക്കുകയും ചെയ്യുന്നു. അവനിൽനിന്ന് സംഭവിക്കാനിടയില്ലാത്തത് എന്ത്?

പഴയതുപോലെ ആരോഗ്യമുണ്ടായിരുന്നില്ലെങ്കിലും കുഞ്ഞച്ചൻ ദളിത്മക്കളുടെ കാര്യദികളിൽ ദത്തശ്രദ്ധനായി. സഹായത്തിന് കച്ചിറമറ്റത്തിലച്ചനുമുണ്ടായിരുന്നു. പക്ഷേ, ഏറെക്കാലം തന്റെ ജോലികൾ തുടരാൻ കുഞ്ഞച്ചനു സാധിച്ചില്ല. കുഞ്ഞച്ചന്റെ ക്ഷീണം നാൾക്കുനാൾ വർദ്ധിച്ചുവന്നു. പനിയും തളർച്ചയും കുഞ്ഞച്ചനെ അവശനാക്കി.

രാമപുരത്തെ ഡോക്ടർമാരുടെ ചികിത്സകൾ ഫലിക്കാതെ വന്നപ്പോൾ അവരുടെതന്നെ നിർദ്ദേശപ്രകാരം കുഞ്ഞച്ചനെ ഭരണങ്ങാനത്തുള്ള മേരിഗിരി ആശുപത്രിയിലേക്കു മാറ്റി. അവിടെ വിദഗ്ധരായ ഡോക്ടർമാരുടെ ചികിത്സ. പക്ഷേ, കാര്യമായ ഒരു ഗുണവും അതുകൊണ്ടുണ്ടായില്ല.

*ശേഷം 14-ാംപേജിൽ*

# ചേറിൽനിന്ന് താമര എന്നപോലെ



സി. മേരി ജയിൻ എസ്.ഡി.

ചിന്തകളെ ഭരിക്കുക എന്നാൽ ജീവിതത്തെ ഭരിക്കുക എന്നാണ് അർത്ഥം. ശരിയായി ചിന്തിക്കുന്നവർ ശരിയായി ജീവിക്കുന്നു. ഒരാൾ തന്റെ ചിന്താതരംഗങ്ങളെ ജാഗ്രതാപൂർവ്വം ശ്രദ്ധിക്കുന്നതിൽ പരാജയപ്പെടുകയും സ്വന്തം മനസ്സിനുമേൽ നിയന്ത്രണശക്തി നേടാതിരിക്കുകയും ചെയ്യുമ്പോൾ പുറംലോകത്തുനിന്നു വരുന്ന പ്രത്യയന ശക്തികൾക്ക് ഇരയായി വീഴുന്നു. നമ്മുടെ സഹജീവിയുടെ ചിന്താലോകവും നമ്മെ സ്വാധീനിക്കുന്നു. ചിന്തകളെ നിയന്ത്രണമില്ലാതെ ചലിക്കാൻ അനുവദിച്ചാൽ അത് നമ്മുടെ അന്തഃസത്തയെ ബാധിക്കുകയും ക്രമേണ ശാരീരികവും മാനസികവുമായ രോഗങ്ങളിലേക്കു വഴുതിവീഴുവാൻ ഇടയാക്കുകയും ചെയ്യും. തലച്ചോറിലെ കോശങ്ങളിലാണ് സർവ്വവികാരവിചാരങ്ങളുടെയും ഉണരൽ പ്രക്രിയ സംഭവിക്കുന്നത്. ഈ നാഡീവ്യവസ്ഥ ശരീരത്തിന്റെ ഓരോ കോശത്തിലും വ്യാപിച്ചുകിടക്കുന്ന ഒന്നാണ്. അതുകൊണ്ട് ശിരസ്സിലുണ്ടാവുന്ന എല്ലാ തരംഗങ്ങളും ശരീരമാസകലം ബാധിക്കുന്നു. നമ്മുടെ തലച്ചോറിൽനിന്ന് ആരോഗ്യത്തിന്റെയും കരുത്തിന്റെയും സന്തോഷത്തിന്റെയും ചിന്തകൾ പുറപ്പെടുവിച്ചാൽ ശരീരത്തിലുള്ള ഓരോ കോശത്തെയും സ്വാധീനിക്കുകയും ഗുണപരമായ മാറ്റങ്ങളുണ്ടാവുകയും ചെയ്യും. ചിന്തകൾക്ക് ശരീരമാസകലം വ്യാപിക്കുവാനും നമ്മെ സ്വാധീനിക്കുവാനും കഴിവുണ്ട്. എത്രമാത്രം നമ്മുടെ ചിന്തകൾ സാത്വികമാകുന്നുവോ അത്രമാത്രം നമ്മുടെ അന്തരാത്മാവും ശരീരവും ശുദ്ധീകരിക്കപ്പെടും. അതുവഴി ഉന്നതവും നിഷ്കളങ്കവും നിസ്വാർത്ഥവുമായ ചിന്തകളുടെ വലയം നമ്മിൽ രൂപപ്പെടുകയും ചെയ്യും.

നമ്മുടെ ജീവിതത്തിൽ യാദൃച്ഛികമായി ഒന്നും സംഭവിക്കുന്നില്ല. ജീവിതത്തിന്റെ ശരിയായ അർത്ഥം എന്തെന്നറിയണം. നമ്മുടെ ജീവിതത്തെ ഉടച്ചുവാർക്കണം. പഴയതിനെ മോടിപിടിപ്പിക്കുന്നതിലല്ല, ഉടച്ചുവാർക്കുന്നതിലൂടെ മാത്രമേ ഒരുവന് ജ്ഞാനവും കരുത്തും നേടി ജീവിതം ധന്യമാക്കാൻ കഴിയൂ. ചേറിൽനിന്നു താമര വിരിയുന്നതുപോലെ നാം സാക്ഷാത്കാരത്തിന്റെ സുഗന്ധം പരത്തി ജീവിക്കുകയും ചെയ്യും. അങ്ങനെ നമ്മുടെ ജീവിതം ദൈവഹിതപ്രകാരം ധന്യമായിത്തീരും.

# പഞ്ഞിമരവും പഞ്ഞിക്കായും



കാർഷികം

ജോഷി മുഞ്ഞനാട്ട്

പഴയ കാലങ്ങളിൽ വീട്ടുവളപ്പുകളിൽ പൊതുവെ കണ്ടുവരുന്ന ഒന്നായിരുന്നു പഞ്ഞിമരം. 'ബോംബോക്കേസി' കുടുംബത്തിൽപ്പെട്ട പഞ്ഞിമരത്തിനെ 'കാപോക്ക്' എന്നും വിളിക്കാറുണ്ട്. അമേരിക്കൻ വൃക്ഷമെങ്കിലും കേരളത്തിലെ മണ്ണും കാലാവസ്ഥയും ഇവ വളരുവാൻ വളരെ യോജിച്ചതാണ്. വിത്തുകൾ പാകിയും കാണ്ഡഭാഗങ്ങൾ നട്ടും മൂപ്പെത്തിയ പാകമായ കമ്പുകൾ മുറിച്ചുവച്ചും ഇവ വളർത്താം. 3–4 വർഷത്തിനകം പൂവിടും. 30 കൊല്ലംവരെ പ്രായമായ മരങ്ങളിൽനിന്നും നല്ല വിത്തുകൾ ലഭിക്കും.

പഞ്ഞിമരക്കായുടെ ഉൾത്തൊലി, അതിൽനിന്നു കിട്ടുന്ന നാര് മുതലായവയ്ക്ക് നല്ല സാമ്പത്തികപ്രാധാന്യം ഉണ്ട്.

തലയിണയ്ക്കും മെത്തയ്ക്കും മറ്റും ഒരു നിറവസ്തുവായി ഉപയോഗിച്ചുവരുന്നതു കൂടാതെ കരകൗശലവസ്തുക്കളുടെ നിർമ്മാണത്തിനും പഞ്ഞിയും പഞ്ഞിക്കായും ഉപയോഗിക്കാറുണ്ട്. പഴയ കാലങ്ങളിൽ വീട്ടിൽവച്ചുതന്നെ വീട്ടമ്മമാർ ഇവ ഉപയോഗിച്ചു തലയിണയും മറ്റും ഉണ്ടാക്കുകയും ഒരു കുടിൽവ്യവസായമായി നടത്തിവരുകയും ചെയ്തിരുന്നു.

പഞ്ഞിമരത്തിന്റെ തടിക്കു ഭാരം കുറവായതിനാൽ ജീവൻ രക്ഷാ ബെൽറ്റ്, നാവിക സുരക്ഷാവസ്തുക്കൾ തുടങ്ങിയവ നിർമ്മിക്കുന്നതിനും ഉപയോഗിച്ചുപോരുന്നു.

പഞ്ഞിക്കുരുവിന്റെ വിത്തിൽനിന്ന് 20 മുതൽ 25 വരെ ശതമാനം എണ്ണ ലഭിക്കുന്നു.

ഒരു ലൂബ്രിക്കന്റായും സോപ്പുനിർമ്മാണത്തിനും മറ്റ് ഒട്ടനവധി ആവശ്യങ്ങൾക്കുമായി ഈ എണ്ണ ഉപയോഗിക്കാറുണ്ട്. എണ്ണയെടുത്തശേഷമുള്ള പിണ്ണാക്ക് കാലിത്തീറ്റയായും ജൈവവളമായും ഉപയോഗിച്ചുവരുന്നു.

പഞ്ഞിമരത്തിന്റെ ഇലകളും കാലിത്തീറ്റയായും പച്ചിലവളമായും ഉപയോഗിക്കാറുണ്ട്.

വലിയ പഞ്ഞിമരങ്ങൾ മുകൾഭാഗം വെട്ടിനിർത്തി അതിൽ വാനില, വെറ്റിലക്കൊടി, തിപ്പലി, കുരുമുളകുചെടി തുടങ്ങിയ വിളകൾ വളർത്തുവാൻ ഉത്തമം. ഒരു താങ്ങുകാൽ എന്ന നിലയിലും ഇവ പ്രയോജനപ്പെടുത്താവുന്നതാണ്.

കാർഷിക വനവത്കരണത്തിൽ പ്രധാനമായി ഉപയോഗിക്കുന്ന ഒരു വൃക്ഷമാണ് പഞ്ഞിമരം. നമ്മുടെ കൃഷിയിടത്തിൽ ഒരു പഞ്ഞിമരത്തിനെങ്കിലും സ്ഥാനം നൽകുവാൻ നമുക്കു കഴിയണം.

# പരാജയപ്പെടാൻ പഠിക്കണം



മേഴ്സിക്കുട്ടി എബ്രഹാം

ദിവസേനയെന്നോണം ആത്മഹത്യാവാർത്തകൾ പെരുകിവരുന്നു. കൊച്ചുകുട്ടികൾമുതൽ വൃദ്ധന്മാർ വരെയുണ്ടതിൽ. എന്താണിതിനു കാരണം?

ഏതു പ്രായക്കാർക്കും ആത്മവിശ്വാസം കുറഞ്ഞുവരികയാണ്.



കുട്ടികളെ ആത്മവിശ്വാസമുള്ളവരായി വളർത്തണം. ക്ലാസിൽ ഒന്നാംസ്ഥാനം ലഭിക്കണമെന്നാണ് കുട്ടികളെ സ്കൂളിൽ ചേർക്കുമ്പോൾത്തന്നെ മാതാപിതാക്കളുടെ ഉപദേശം. കഴിവുകളും കഴിവുകേടുകളും മനസ്സിലാക്കാതെ ഒന്നാംസ്ഥാനത്തിനുവേണ്ടിയുള്ള ഓട്ടത്തിൽ ചില കുഞ്ഞുങ്ങൾ നിരാശയിലേക്കു കൂപ്പുകുത്തുന്നു. ചെറുപ്പത്തിൽത്തന്നെ ഇങ്ങനെയുള്ള ആവേശങ്ങൾ കുഞ്ഞുങ്ങളിൽ കുത്തിനിറയ്ക്കരുത്. നമ്മുടെ അവസരങ്ങൾ മാറ്റിവയ്ക്കാനും പഠിക്കണം. എസ്.എസ്.എൽ.സി. പരീക്ഷയ്ക്ക് മൂന്നാംതവണ പാസ്സായ ഒരു വ്യക്തിയെ എനിക്കറിയാം. അദ്ദേഹം പിന്നീട് ജില്ലാ കളക്ടറായി.

ദൈവം തന്റെ പദ്ധതിക്കനുസരിച്ചാണ് ഓരോരുത്തരെയും രൂപപ്പെടുത്തുന്നത്. ആ രൂപപ്പെടുത്തലിനോടു യോജിച്ചു മുന്നോട്ടുപോകണം. വളരെ നല്ല രീതിയിൽ ജീവിച്ചുകൊണ്ടിരുന്ന ഒരു കുടുംബം കടക്കെണിയിൽപ്പെട്ടു. കുടുംബാംഗങ്ങളെല്ലാം ഒന്നിച്ചു വിഷംകഴിച്ചു മരിച്ചു. സമൂഹത്തിന് ഒന്നും ചെയ്യാനില്ല. ജീവൻ വിലപ്പെട്ടതാണെന്ന ചിന്ത ഓരോ വ്യക്തിയിലും ഉണ്ടാകണം. ചില കർഷകരെങ്കിലും കടബാധ്യതകൊണ്ട് ജീവൻ നഷ്ടപ്പെടുത്തിയെന്നു വായിക്കാറുണ്ട്. കൃഷി നശിച്ചാൽ കടം ഉണ്ടാകും. അടുത്ത കൃഷി ചെയ്തുനോക്കാതെ ജീവൻ കളഞ്ഞിട്ട് എന്തുനേടാനാണ്?

കുറ്റം ചെയ്താൽ ശിക്ഷിക്കപ്പെടണം. ശിക്ഷയിൽനിന്നു രക്ഷപ്പെടാൻ ജീവൻ കളഞ്ഞിട്ട് എന്തു കാര്യം? വീട്ടുകാർക്കും നാട്ടുകാർക്കും ബന്ധപ്പെട്ടവർക്കുമെല്ലാം ബുദ്ധിമുട്ടുണ്ടാക്കുന്നതു മിച്ചം. കാലം കഴിയുമ്പോൾ എല്ലാവരും മറക്കും. ജീവൻ തിരിച്ചുപിടിക്കാൻ കഴിയുമോ?

ചെറുപ്പകാലത്തു പഠിച്ച ശീലങ്ങളാണ് ഓരോരുത്തരെയും രൂപപ്പെടുത്തുന്നത്. ആയതിനാൽ നല്ല ഉപദേശങ്ങൾ നൽകിയും ശിക്ഷിച്ചുമെല്ലാം കുട്ടികളെ വളർത്തണം. ഉന്നതസ്ഥാനത്തേക്കു മാത്രം ലക്ഷ്യം വയ്ക്കരുത്. പരാജയപ്പെടാനും പഠിപ്പിക്കണം. പരീക്ഷയിൽ പരാജയപ്പെട്ടാലും കടത്തിൽ മുങ്ങിയാലും പ്രണയബന്ധം പിരിഞ്ഞാലും ജീവിതം മുന്നോട്ടു കൊണ്ടുപോകണം. വീണ്ടും പുതിയപുതിയ രീതികളും പരിഷ്കാരങ്ങളും നല്ല മനുഷ്യരും ഇവിടെ ഉണ്ടായിക്കൊണ്ടിരിക്കും. ദൈവവിശ്വാസത്തിൽ വളർത്താനും വളരാനും ശ്രമിക്കണം. മാനസികമായി എന്തെങ്കിലും രോഗമുണ്ടെങ്കിൽ മരുന്നു കഴിക്കാനും മടിക്കരുത്. അമ്മയുടെ ഉദരത്തിൽവച്ച് എത്രയോ ജീവിതങ്ങൾ നഷ്ടമാകുന്നു. ഭൂമിയിൽ ഈശ്വരൻ വിളിക്കുന്നതുവരെ ദുഃഖത്തിലും സുഖത്തിലും ജീവിക്കാൻ നാം പഠിക്കണം. പരാജയങ്ങളെല്ലാം വിജയത്തിന്റെ ചവിട്ടുപടികളാണ്, മറക്കരുത്.

13-ാം പേജ് തുടർച്ച

# അഗസ്ത്യായനം

കാലുകൾക്കു തളർച്ച അനുഭവപ്പെട്ടു. ശബ്ദം തീരെയില്ല. തനിയെ എഴുന്നേറ്റു നില്ക്കാനും നടക്കാനും വയ്യെന്നായി. രണ്ടുമാസത്തോളം മേരിഗിരിയിലെ ചികിത്സകൾ കഴിച്ചിട്ടും പ്രയോജനപ്പെട്ടില്ല. ശരീരം ശോഷിച്ചു. ഒരു വശം തളർന്നു.

അവസാനം ഡോക്ടർമാരുടെ അനുവാദത്തോടെ കുഞ്ഞച്ചനെ രാമപുരത്തേക്കു കൊണ്ടുപോന്നു. മുൻപു താമസിച്ചിരുന്ന പള്ളിമുറിയുടെ താഴത്തെ നിലയിലേക്ക് കുഞ്ഞച്ചൻ താമസം മാറ്റി.

ആവശ്യത്തിനു ജനാലകളും വാതിലുകളുമില്ലാതിരുന്ന മുറിയിൽ എപ്പോഴുമെന്നപോലെ ഇരുട്ട് തങ്ങിനിന്നു. താരതമ്യേന പൊക്കംകുറഞ്ഞ ഒരു കട്ടിൽ. കട്ടിലിനു മുന്നിലായി ഒരു ചെറിയ മേശ. അതിൽ ഒരു കുരിശുരൂപവും കറാപ്പും ടൈംപീസും. മേശപ്പുറത്ത് ദളിത് ക്രൈസ്തവരെ സംബന്ധിച്ചുള്ള രജിസ്റ്ററുകൾ. അത്രയുമായിരുന്നു കുഞ്ഞച്ചന്റെ സ്ഥാവരജംഗമവസ്തുക്കൾ. ദരിദ്രർക്കായി ജീവിതം ഉഴിഞ്ഞവച്ച കുഞ്ഞച്ചനും ദരിദ്രനായി കഴിഞ്ഞുകൂടി.

എഴുന്നേറ്റുനിന്നോ ഇരുന്നോ ദിവ്യബലി അർപ്പിക്കാനുള്ള കരുത്ത് കുഞ്ഞച്ചന്റെ ശരീരത്തിനില്ലായിരുന്നു. എങ്കിലും ദിനവും ദിവ്യകാരുണ്യം സ്വീകരിക്കുന്നതിൽ അദ്ദേഹം അത്യപൂർവ്വമായ ഒരാനന്ദം അനുഭവിച്ചിരുന്നു. കാനോനനമസ്കാരം എത്തിക്കാൻ സാധിക്കാതിരുന്നതിനാൽ മെത്രാനച്ചനിൽനിന്ന് അനുവാദം വാങ്ങി കൊന്തനമസ്കാരം ചൊല്ലിയിരുന്നു.

ജപമാല രഹസ്യങ്ങളുടെ ഇടവേളകളിൽ കുഞ്ഞച്ചൻ മയക്കത്തിന്റെ നീലക്കയങ്ങളിലേക്കു വഴുതിപ്പോകുന്നു. പിന്നെയെപ്പോഴോ തിരിച്ചെത്തി പ്രജ്ഞയുടെ സൂര്യവെട്ടത്തിൽ കണ്ണുതുറക്കുമ്പോൾ തന്റെ കട്ടിലിനരുകിൽ കുഞ്ഞച്ചൻ ആരെയെങ്കിലും കാണും. തന്നെ സവിശേഷശ്രദ്ധയോടെ നോക്കിനില്ക്കുന്ന ആരെയെങ്കിലുമൊക്കെ. അവരുടെ കണ്ണുകളിൽ തന്നോടുള്ള സ്നേഹവും അലിവും കുഞ്ഞച്ചൻ കാണുന്നു. ഇപ്പോൾ കുഞ്ഞച്ചൻ കാണുന്നത് ചേർത്തലക്കാരൻ കുട്ടിയെ ആണ്. തന്റെ കുശിനിക്കാരൻ. കുട്ടി ചോദിക്കുന്നു:

"കുഞ്ഞച്ചന് എന്താ കഴിക്കാൻ വേണ്ടത്?"

ഒന്നും വേണ്ടെന്ന് കുഞ്ഞച്ചൻ തലയനക്കി. "എന്നാ ഇത്തിരി വാട്ടവെള്ളം തരട്ടെ."

ആകാമെന്ന് കുഞ്ഞച്ചൻ വീണ്ടും തലചലിപ്പിച്ചു.

രണ്ടു കവിൾ കാപ്പി. അതുമതിയായിരുന്നു കുഞ്ഞച്ചന്. കുട്ടിയുടെ പിന്നിൽ വന്നുനില്ക്കുന്നതാരാണെന്ന് കുഞ്ഞച്ചൻ നോട്ടം നീട്ടി. കുഞ്ഞച്ചന് ആളെ മനസ്സിലായി. കുഞ്ഞച്ചന്റെ രണ്ടാമത്തെ ജ്യേഷ്ഠന്റെ മകനാണ്. പി.റ്റി. അഗസ്റ്റിൻ. രാമപുരം ബോയ്സ് സ്കൂളിലെ അദ്ധ്യാപകൻ. അഗസ്റ്റിൻ തലയിണ ചാരി കുഞ്ഞച്ചനെ ചുവരോടു ചേർത്തിരുത്തി. അതു നന്നായെന്ന് കുഞ്ഞച്ചനു തോന്നി. കിടന്നകിടപ്പിൽത്തന്നെ എത്ര നേരമാണ്! പുറം ചുട്ടുപൊള്ളുന്നു.

അയാൾ ജാലകം തുറന്നിട്ടു. വെളിച്ചം കടന്നുവന്നു. ദൂരെ മലമടക്കുകൾക്കപ്പുറത്തുനിന്ന് സായാഹ്നക്കാറ്റു വീശി.

"രണ്ടുപേർ കാണാൻ വന്നിട്ടുണ്ട്. വരാൻ പറയണോ..."

ആകട്ടെയെന്ന് കുഞ്ഞച്ചൻ കനം കുറഞ്ഞ ശബ്ദം വച്ചു.

അത് റോസമ്മയും ഭർത്താവ് പൗലോസും അവരുടെ രണ്ടാമത്തെ മകനുമായിരുന്നു. അവർ കുഞ്ഞച്ചനു മുൻപിൽ മുട്ടുകുത്തി. ഏറ്റുമാനൂരിൽനിന്നു രായ്ക്കുരാമാനം പിടിച്ചുകൊണ്ടുവന്ന് വാണിയപ്പുരയ്ക്കലെ ഒറ്റമുറി വീട്ടിൽ പൗലോസിനോടൊപ്പം പൂട്ടിയിടപ്പെട്ട റോസമ്മ മാനസാന്തരപ്പെട്ടു ഭർത്താവിനോടൊപ്പം ചേർന്നിരിക്കുന്നു. ആ കുടുംബം സൗഭാഗ്യമുള്ളതായിത്തീർന്നിരിക്കുന്നു.

കുഞ്ഞച്ചൻ അവരോടു ക്ഷേമകാര്യങ്ങൾ തിരക്കി.

പിന്നെ ഉപദേശിയെ വിളിച്ച് ഇടങ്ങഴി അരി കൊടുക്കാനേർപ്പാടു ചെയ്തു. പിന്നെ പറഞ്ഞു:

"എന്നാ പൊയ്ക്കോ പൊയ്ക്കോ."

സ്ഥലകാലങ്ങളുടെ വിദൂരസ്ഥലികൾക്കപ്പുറത്ത് ജീവവൃക്ഷത്തിലെ ഒരിലകൊഴിയുകായിരുന്നു. എന്തുകൊണ്ടോ കുഞ്ഞച്ചൻ ഇപ്രകാരം ചിന്തിച്ചു.

ജീർണിച്ചുതുടങ്ങിയ ഈ ശരീരം ഉപേക്ഷിക്കാൻ കാലമാകുന്നു. (തുടരും)




**ഓഗസ്റ്റ് 9**
**കൈത്താക്കാലം**
**നാലാം ഞായർ**



നിയമ 5,16–24
ഏശയ്യ 9,1–7
2കോറി 10,12–18
മർക്കോ 7,1–13

ഡോ. സെബാസ്റ്റ്യൻ കുറ്റിയാനിക്കൽ

# ആചാരങ്ങളല്ല ആരാധനയാണു പ്രധാനം

**കൈ**ത്താക്കാലം മൂന്നാം ഞായറിന്റെ തുടർച്ചയാണ് നാലാം ഞായറിൽ നിയമാവർത്തനപുസ്തകത്തിൽ നിന്ന് വായിക്കാനുള്ളത്. ദൈവം നല്കിയ പത്തു കല്പനകളിൽ നാലുമുതൽ പത്തുവരെയുള്ള കല്പനകളാണിവിടെ വിവരിക്കുന്നത്. ആദ്യ മൂന്നു കല്പനകളിൽ ഒരുവന് ദൈവത്തോടുണ്ടായിരിക്കേണ്ട ബന്ധം എപ്രകാരമായിരിക്കണമെന്നു മോശ പഠിപ്പിച്ചു. തുടർന്ന് സഹോദരങ്ങളോടുള്ള ബന്ധം എപ്രകാരമായിരിക്കണമെന്നു പഠിപ്പിക്കുന്നു. ഇസ്രായേൽക്കാർ ദിവസത്തിൽ പല പ്രാവശ്യം ഉരുവിട്ടു പ്രാർത്ഥിക്കുന്നത് ഈ കല്പനകളുടെ രത്നച്ചുരുക്കമായ ഷമാ പ്രാർത്ഥനയായിരുന്നു. നിങ്ങളുടെ ദൈവമായ കർത്താവിനെ പൂർണഹൃദയത്തോടും പൂർണാത്മാവോടും പൂർണശക്തിയോടുംകൂടെ സ്നേഹിക്കണം (നിയമ 6,5). പുതിയനിയമം ഈ പ്രാർത്ഥനയോടു പുതിയ ഒരു മാനം കൂട്ടിച്ചേർത്തു: നിന്റെ അയൽക്കാരനെ നിന്നെപ്പോലെ സ്നേഹിക്കുക (ലൂക്ക 10,27). ഈശോ പഠിപ്പിച്ച 'സ്വർഗസ്ഥനായ പിതാവേ,' എന്ന പ്രാർഥനയുടെ രത്നച്ചുരുക്കവും ഇതുതന്നെയാണ്. അതായത്, ദൈവത്തെ മഹത്ത്വപ്പെടുത്തുക; സഹോദരങ്ങളുമായി രമ്യതയിൽ ജീവിക്കുക (മത്താ. 6,9–15).

ദൈവത്തോടുള്ള ബന്ധത്തിന്റെയും സഹോദരങ്ങളോടുള്ള ബന്ധത്തിന്റെയും കല്പനകൾക്കിടയിൽ വിവരിക്കുന്ന നാലാമത്തെ കല്പന മനുഷ്യജീവിതത്തിൽ മാതാപിതാക്കൾക്കുള്ള പ്രാധാന്യം എടുത്തുകാണിക്കുന്നു. ഭൂമിയിൽ ദൈവത്തിന്റെ പ്രതിനിധികളായിനിന്ന് നമുക്കു ജന്മം നല്കുന്നവരാണ് മാതാപിതാക്കൾ. അവരോടുള്ള ഒരുവന്റെ കടമ അനന്യമാണ്. പത്തുകല്പനകളിൽ ഇതു മാത്രമാണ് ഒരു പ്രതിഫലം പ്രഖ്യാപിച്ചുകൊണ്ട് എഴുതിയിരിക്കുന്നത്. അതും ഈ കല്പനയുടെ പ്രാധാന്യം എടുത്തുപറയുന്നു. സുഭാഷിതങ്ങളുടെ പുസ്തകം 1,8 പറയുന്നു: മകനേ, നിന്റെ പിതാവിന്റെ പ്രബോധനം ചെവിക്കൊള്ളുക; മാതാവിന്റെ ഉപദേശം നിരസിക്കരുത്. അതുപോലെതന്നെ, സുഭാഷിതങ്ങൾ 30,17–ൽ കാണുന്ന വാക്കുകളും ഈ കല്പനയുടെ പ്രാധാന്യം എടുത്തുപറയുന്നു: "പിതാവിനെ പരിഹസിക്കുകയും അമ്മയെ അവജ്ഞയോടെ ധിക്കരിക്കുകയും ചെയ്യുന്നവന്റെ കണ്ണ് മലങ്കാക്കകൾ കൊത്തിപ്പറിക്കുകയും കഴുകൻമാർ തിന്നുകയും ചെയ്യും." മാതാപിതാക്കളോടുള്ള കടമ നിർവ്വഹിക്കാതിരിക്കുന്നതിന് ഒരു ന്യായീകരണവും ദൈവസന്നിധിയിൽ ഇല്ലെന്നു സാരം.



ഏശയ്യാ പ്രവാചകന്റെ പുസ്തകം അഞ്ചാം അധ്യായത്തിൽനിന്നായിരുന്നു മൂന്നാം ഞായറാഴ്ച ശ്രവിച്ചത്. ദൈവത്തിന്റെ മുന്തിരിത്തോട്ടമായ ഇസ്രായേൽ നല്കേണ്ട ഫലം നല്കാതെവന്നപ്പോൾ ദൈവത്തിന്റെ കരം അവർക്കുനേരേ നീങ്ങുന്ന കാര്യമായിരുന്നു; മുന്തിരിത്തോട്ടത്തിന്റെ വേലി പൊളിച്ചുകളയുന്ന കാര്യമായിരുന്നു പറഞ്ഞിരുന്നത്. ദൈവത്തിന്റെ കരം അവർക്കുനേരേ തിരിഞ്ഞത് അവർ മാനസാന്തരപ്പെടുന്നതിനും അവരുടെ അകൃത്യങ്ങളിൽനിന്നു തിരിച്ചുവരുന്നതിനുംവേണ്ടിയാണ്. എന്നാൽ, ജനം അപ്രകാരം ചെയ്യാതിരിക്കുമ്പോൾ അവർക്കെതിരേ ഉയർന്ന കരം അങ്ങനെതന്നെ നില്ക്കുന്നുവെന്നാണ് ഇന്ന് ഏശയ്യാ പ്രവാചകന്റെ പുസ്തകം 9–ാം അധ്യായത്തിൽനിന്നു വായിച്ചത്. വെട്ടിയൊരുക്കലുകളായി ശിക്ഷണങ്ങൾ ജീവിതത്തിലേക്കു കടന്നുവരുമ്പോൾ മാനസാന്തരത്തിന്റെ സത്ഫലങ്ങൾ നല്കുവാൻ നമുക്കു സാധിക്കണമെന്ന് തിരുവചനം നമ്മെ ഓർമിപ്പിക്കുന്നു.

പൗലോശ്ലീഹാ കോറിന്തോസിലെ സഭയ്ക്കെഴുതി: ദൈവം ഞങ്ങൾക്കു നിശ്ചയിച്ചുതന്നിട്ടുള്ള പരിധിയിൽ ഞങ്ങൾ നില്ക്കും. ഈ കത്തിലൂടെ ശ്ലീഹാ നമ്മെ ഓർമ്മിപ്പിക്കുന്നത്, ദൈവികനിയമങ്ങളോടുള്ള വിധേയത്വമാണ്. മാനുഷികപ്രശംസകളെക്കാളും ദൈവികനിയമങ്ങളുടെ പരിധിയിൽ നില്ക്കുന്നതിനുള്ള ആഹ്വാനമാണ് ശ്ലീഹാ നല്കുന്നത്.

ദൈവികനിയമങ്ങളോടുള്ള മനോഭാവം എന്തായിരിക്കണം എന്നു പഠിപ്പിക്കുന്നതാണ് ഇന്നത്തെ സുവിശേഷഭാഗം. ഫരിസേയരും ജറുസലേമിൽനിന്നു വന്ന ചില നിയമജ്ഞരും ഈശോയുടെ ശിഷ്യന്മാരെക്കുറിച്ച് പരാതിയുമായി വരുന്നതാണു രംഗം. അവരുടെ പരാതി ശിഷ്യന്മാർ തങ്ങളുടെ ആചാരവും പാരമ്പര്യങ്ങളും പാലിക്കുന്നില്ല എന്നതായിരുന്നു. ഈശോയുടെ പഠിപ്പിക്കലുകളെക്കുറിച്ച് അന്വേഷണം നടത്തിക്കൊണ്ടും അവനെ എപ്രകാരം വാക്കിൽ കുടുക്കാമെന്ന് ആലോചിച്ചുകൊണ്ടും വരുന്ന ഫരിസേയരുടെയും ജറുസലേമിൽനിന്നുള്ള നിയമജ്ഞരുടെയും കാര്യം മുമ്പും സുവിശേഷകൻ പരാമർശിക്കുന്നുണ്ട് (മർക്കോ. 3,6–22). ഈശോ അവിടെ പഠിപ്പിക്കുന്നു: മാനുഷികപാരമ്പര്യങ്ങളെക്കാൾ ദൈവികനിയമങ്ങൾക്കു വില കല്പിക്കണം. മതാചാരങ്ങളുടെ ഭാഗമായി മോശയുടെ നിയമങ്ങളോടു ചേർക്കപ്പെട്ടിരുന്ന ആചാരങ്ങളും അനുഷ്ഠാനങ്ങളുമാണ് ഇവിടെ പ്രതിപാദ്യം. ഇപ്രകാരമുള്ള ആചാരങ്ങളും അനുഷ്ഠാനങ്ങളും കാലങ്ങൾക്കനുസരിച്ച്, സംസ്കാരങ്ങൾക്കനുസരിച്ച് മാറ്റപ്പെടുന്നവയാണ്. എന്നാൽ, ഇപ്രകാരമുള്ള ആചാരങ്ങളുടെ പേരിൽ ദൈവകല്പനകൾ ധിക്കരിക്കുന്നതാണ് ഈശോ എതിർക്കുന്നത്. ഇപ്രകാരമുള്ള പല ആചാരാനുഷ്ഠാനങ്ങളും ഈശോയുടെ പരസ്യജീവിതകാലത്ത് അവിടുന്ന് വേണ്ടെന്നു വയ്ക്കുന്നുണ്ട്. പ്രത്യേകിച്ച് രോഗങ്ങളെക്കുറിച്ചും ഭക്ഷണങ്ങളെക്കുറിച്ചുമുള്ള പല ആചാരങ്ങളും അവിടുന്ന് ലംഘിക്കുന്നുണ്ട്. കുഷ്ഠരോഗിയെ സ്പർശിക്കുന്നതും (1,41) രക്തസ്രാവക്കാരി സ്പർശിക്കുന്നതിനെ കുറ്റപ്പെടുത്താത്തതും (5,27–30) മൃതശരീരത്തെ സ്പർശിക്കുന്നതും (5,41) പാപികളോടൊത്തു ഭക്ഷണത്തിനിരിക്കുന്നതും (2,41)എല്ലാം പുതിയ രീതികളായിരുന്നു. ഹൃദയത്തിൽ ദൈവമില്ലാതെ ബാഹ്യമായ ആചാരാനുഷ്ഠാനങ്ങളിൽ മാത്രം മുഴുകുന്നതിനെ ഈശോ നിശിതമായി എതിർക്കുകയാണ്. □

# വണ്ടുകളും പൂക്കളും

പ്രണയപാഠാവലി (51)



ഡോ. ആന്റണി ജോസ്

**ടൈം**പാസ് പ്രണയങ്ങൾക്കുശേഷം കുടുംബജീവിതത്തിലേക്കു കടന്നുവരുന്നവർക്ക് പല പുതിയ ഗുണങ്ങളും നേടിയെടുക്കേണ്ടതുണ്ട്. വിശ്വസ്തത, സ്ഥിരത, പ്രതിബദ്ധത – ഇങ്ങനെ പോകുന്നു അവ. ഇതിനെല്ലാം നിയന്താവായിരിക്കുന്നത് ഗൗരവബുദ്ധിയാണ്. അത് കമ്മിയാകുമ്പോൾ പല പൂക്കൾ തിരയുന്ന വണ്ടുകളും വണ്ടുകൾക്കായി കാത്തിരിക്കുന്ന പുഷ്പതല്പങ്ങളും ഉണ്ടാകുന്നു.



ഇത്തരത്തിലുള്ള ആൾ, പൂർവ്വാനുഭവങ്ങൾ ഒന്നുമില്ലാത്ത മറ്റൊരാളുമൊത്ത് വിവാഹജീവിതം നയിക്കുന്നുവെന്നിരിക്കട്ടെ, കളങ്കിതനായ വ്യക്തി പിന്നീടും തന്റെ ശൈലി ആവർത്തിക്കാനാണ് സാധ്യത. ഇവിടെ സംഘർഷങ്ങൾ രൂപപ്പെടാം. കലാപക്കൊടി ഉയരുകയും ഉപരോധങ്ങൾ ഉണ്ടാകുകയും ചെയ്യാം. എന്നാൽ കോഴിക്കൂട്ടിൽ കണ്ണുവച്ച കുറുക്കൻ, അതിന്റെ രുചി മറക്കുമോ? അവൻ വെല്ലുവിളിക്കുകയായി; എനിക്കിഷ്ടമുള്ളതു ഞാൻ ചെയ്യും. നീയാരാ ചോദിക്കാൻ? വിദ്യാഭ്യാസ–സാമ്പത്തിക–സാമൂഹികപരമായി പിന്നാക്കം നിൽക്കുന്ന പരിസരങ്ങളിൽ ഇത്തരം കാഴ്ചകൾ അപൂർവ്വമല്ല.

മറ്റൊന്ന് സാക്ഷാൽ കബളിപ്പിക്കലാണ്. 'മുന്തിരിവള്ളി'യിലെ വേണുക്കുട്ടനെപ്പോലെ വിദഗ്ധമായി സ്വന്തം അജണ്ടകൾ നടപ്പിലാക്കുകയും തകർത്തഭിനയിക്കുകയും ചെയ്യുന്നു.

ഇനി ഭാര്യയും ഭർത്താവും ഒരേ ജനുസ്സിൽപ്പെട്ടവരാണെങ്കിലോ? വ്യക്തിസ്വാതന്ത്ര്യം ഏതറ്റംവരെയും അനുവദിച്ചു നൽകുന്ന ഒരു ന്യൂജെൻ ലൈഫ്? ദാമ്പത്യജീവിതത്തിന്റെ നിർവചനത്തിൽ അതുൾപ്പെടുമെന്നു പറയാൻ കഴിയില്ല. ദമ്പതിമാർക്ക് പരസ്പരം മാത്രം അവകാശപ്പെട്ട സ്വത്വാവിഷ്കാരങ്ങളുടെ മാനങ്ങൾ ഇവിടെ അവഗണിക്കപ്പെടുന്നു. ഇരുവർക്കുമിടയിൽ അവിഭക്തമായി നിലനിൽക്കേണ്ട ചില പ്രവാഹങ്ങൾക്കു വില കല്പിക്കപ്പെടുന്നുമില്ല. മക്കൾ ഉണ്ടാകാം; ഉണ്ടാകാതിരിക്കാം. ഉണ്ടെങ്കിൽത്തന്നെ അവരുടെ ധാർമ്മികനിലവാരം എപ്രകാരമെന്നു പ്രവചിക്കാൻ കഴിയില്ല.

പഴയ വഴിത്താരകൾ ഉപേക്ഷിക്കുകയും വിശ്വസ്തതയോടെ ദാമ്പത്യജീവിതം തുടരുകയും ചെയ്യുന്നവർ താരതമ്യേന ഭേദപ്പെട്ട സ്ഥിതിയിലാണെന്നു പറയാം. എന്നാൽ, ശിലാലേഖനങ്ങളുടെ പൂർവ്വസ്മൃതികൾ അവരിൽനിന്നു പറിച്ചെറിയപ്പെടണമെന്നില്ല. മനസ്സാക്ഷിയിൽ തിക്കുമുട്ടലായി അതവശേഷിക്കാം.

(തുടരും)

Deepanalam Weekly
RNI No : 16998/68
Vol. 53 No. 14 Date of Publication 30 July 2020
Annual Subscription Rate ₹ 300 (For Abroad ₹ 3000)
Registered No. KL/KTM/12/2018-2020
License No.KL/CR/KTM/WPP-04/2018-2020
Licensed to post without pre-payment


# St. Antony's College
## PERUVANTHANAM (Affiliated to M G University)

Peermade, Idukki (Dt.) - 685532
www.stantonyscollegepeerumade.ac.in
e-mail : stantonyspeermade@gmail.com

04869 281191
9745008703, 9846890906



Rev. Dr. Antony Nirappel
Founder & Director

Admission Started

- B.Com (F &T) with * Logistics Management
- B.Com (Comp.) with * Artificial Intelligence
- B.Com (Co-op.) with * Office Automation & Tally
- BBA with * Aviation Management
- BCA with * Cloud Computing
- BA (Eng.) with * Film Studies
- BFT (Fashion Tech.) with * Interior Decoration & Dsgn.
- M.Com (F & T) with * Supply Chain Management

* Students can opt any add-on courses with Degree Programme.
* Hostel & College Bus Facility

**ALS - India's largest Civil Service Coaching**

Network @ San Antonio
ALL INDIA CIVIL SERVICE ACADEMY
PONKUNNAM

IAS | IPS | IFS | IRS
GLORIOUS RANKS IN LAST 18 YEARS
Ph : 04828 295200, 8606562601
*Special scholarship scheme for Catholic students



# ടേസ്റ്റിറ്റ്
മൈക്രോഫിൽറ്റർ ചെയ്ത
ശുദ്ധമായ നാടൻ വെളിച്ചെണ്ണ

ISO 9001-2008
Certified Company

കുന്നേൽ കോക്കനട്ട് ഓയിൽ ഇൻഡസ്ട്രീസ്, രാമപുരം
KTS PRODUCTS
www.tastitcoconutoil.com
E-mail: kunneloilmils@yahoo.com
Customer Care No: 04822262835

916 സ്വർണ്ണാഭരണങ്ങളുടെ പാലായിലെ അതിവിശാലമായ ഷോറൂം..!



# മൂഴയിൽ ജൂവലറി
മെയിൻ റോഡ്, പാലാ,
Phone: 212498 , 211028

സഹോദരസ്ഥാപനം:
## മൂഴയിൽ ബാങ്കേഴ്സ്
മാർക്കറ്റ് റോഡ്, OPP. സിവിൽസ്റ്റേഷൻ, പാലാ.
ഫോൺ: 212269

100 രൂപയ്ക്ക് മാസം 1½ രൂപാ മാത്രം പലിശ

# കൊറ്റത്തിൽ ആയുർവ്വേദ ഹോസ്പിറ്റൽ



അയർക്കുന്നം, കോട്ടയം
Phone: 0481-2545588, 9447054461
E-mail : mail@kottathilayurveda.com
Website: www.kottathilayurveda.com

- മസ്തിഷ്കരോഗങ്ങൾ
- നട്ടെല്ല് രോഗങ്ങൾ
- അസ്ഥിരോഗങ്ങൾ
- സന്ധിരോഗങ്ങൾ
- ശിശുരോഗങ്ങൾ
- സ്ത്രീരോഗങ്ങൾ (ആനോ-റെക്റ്റൽ രോഗങ്ങൾ)
- ത്വക്‌രോഗങ്ങൾ
- വാർദ്ധക്യ രോഗങ്ങൾ

വിവിധങ്ങളായ കേരളീയ ചികിത്സാക്രമങ്ങളും പഞ്ചകർമ്മങ്ങളും (നസ്യം, വമനം, വിരേചനം, കഷായവസ്തി, രക്തമോക്ഷം) വിദഗ്ധരുടെ മേൽനോട്ടത്തിൽ ഔട്ട്പേഷ്യന്റായും (O.P.) ഇൻപേഷ്യന്റായും (I.P.) ചെയ്യുന്നു.


Printed & Published by Fr. Joseph Thadathil on behalf of Deepanalam Society Palai, Reg. No. 69/77 and printed at Deepanalam printings Palai P.O., Pin-686575 and Published at Palai, Kottayam Dist. Kerala, Pin -686575 . Editor - Fr. Kurian Thadathil * Responsible for selection of news under PRB Act.
Ph: 04822-212842 . Fax: 04822-212842 . Email: editordeepanalam@gmail.com . deepanalam@rediffmail.com . website: www.deepanalam.com